# എഡിറ്റോറിയൽ സമർപ്പണം, വിശ്വാസം




കഥയാണിത്. എങ്കിലും വളരെ അർത്ഥവത്തായ ഒരു കൊച്ചുകഥ-കഥാകൃത്തിന്റെ ഭാവന ഇങ്ങനെ:
ഒരാൾ മരിച്ച് സ്വർഗ്ഗകവാടത്തിലെത്തി. വിശുദ്ധപത്രോസ് അവിടെ അയാളെ തടഞ്ഞു നിർത്തി:''താങ്കളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാം. പക്ഷേ ഒരു ചെറിയ പ്രവേശനപരീക്ഷയുണ്ട്. അതിൽ പാസ്മാർക്കു കിട്ടിയാൽ മാത്രമേ ഇവിടെ പ്രവേശനം ഉള്ളു."
ഭൂമിയിൽ ദൈവകല്പനകളെല്ലാം അനുസരിച്ച് വിശുദ്ധജീവിതം നയിച്ചുവന്ന അയാൾ പ്രവേശനപരീക്ഷ എന്നു കേട്ടു പേടിച്ചില്ല. പരീക്ഷയിൽ ജയിച്ച് സ്വർഗ്ഗ പ്രവേശത്തിനു താൻ യോഗ്യനാകും എന്ന കാര്യത്തിൽ അയാൾക്കു സംശയമേ ഇല്ലായിരുന്നു.
പത്രോസ് വീണ്ടും നിബന്ധനകൾ വിശദമാക്കി:"രക്ഷിക്കപ്പെട്ടതിനുശേഷം താങ്കൾ ചെയ്ത നല്ല കാര്യങ്ങൾ ഒരോന്നായി പറയൂ. ഞാൻ അവ ഓരോന്നിനും മാർക്കിടാം. മൊത്തം മാർക്ക് മാർക്ക് 35 കവിയുന്ന നിമിഷം താങ്കൾ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹനായി."
''അത്രയേഉള്ളോ? ഇതാ കേട്ടോളൂ. ഞാൻ 45 കൊല്ലം ഭാര്യയുമൊത്ത് അനുഗൃഹീതമായ ഒരു കുടുംബജീവിതം നയിച്ചു. ഒരിക്കലും മനസ്സിൽ പോലും അവളെ വഞ്ചിച്ചിട്ടില്ല".
"കൊള്ളാം! വളരെനന്നായിരിക്കുന്നു. ഞാനതിന് താങ്കൾക്ക് കൃത്യം രണ്ടരമാർക്കു തന്നെ തരുന്നു"
"കേവലം രണ്ടരമാർക്കോ? ശരി, ഞാൻ എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്കുശേഷം മുടങ്ങാതെ കവലകളിൽ പരസ്യയോഗങ്ങളും സുവിശേഷപ്രതികളുടെ വിതരണവും നടത്തിയിട്ടുണ്ട്".
"ഗംഭീരം! ഒരു മാർക്ക്"
"രണ്ടരയും ഒന്നുംമൂന്നര. ഇങ്ങനെയായാൽ...." അയാളുടെ മുഖം കുനിഞ്ഞു എങ്കിലും അയാൾ ആലോചനയോടെ തുടർന്നു: "ഞാൻ 50 വർഷത്തെ ക്രിസ്തീയജീവിതത്തിൽ ഒരു ഞായറാഴ്ച പോലും സഭായോഗം മുടക്കിയിട്ടില്ല"
"തകർത്തു! ഒന്നര മാർക്ക്"
അയാൾക്കു തന്റെ നിരാശ അടക്കി വയ്ക്കാൻ കഴിഞ്ഞില്ല. അയാളുടെ ഉച്ചത്തിലുള്ള ആത്മഗതം ഇങ്ങനെ:"ഇങ്ങനെയാണെങ്കിൽ കർത്താവിന്റെ കൃപയ്ക്കു മാത്രമേ എന്നെ സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ കഴിയൂ."
''ഗംഭീരം! ആ ഏറ്റുപറച്ചിൽ താങ്കൾക്കു നൂറിൽനൂറു മാർക്കും നേടി ത്തന്നിരിക്കുന്നു. ദയവായി സ്വർഗ്ഗത്തിൽ പ്രവേശിച്ചാലും!"
അപ്രതീക്ഷിതമായിരുന്നു പത്രോസിന്റെ വാക്കുകൾ. അയാൾക്കു സ്വന്ത ചെവികളെ വിശ്വസിക്കാൻ കഴിഞ്ഞില്ല!
കഥ ഇവിടെ തീരുന്നു. ആട്ടെ, തുടർന്നു സ്വർഗ്ഗത്തിൽ പ്രവേശിച്ച അയാളുടെ അവിടത്തെ പാട്ട് എന്തായിരിക്കുമെന്നാണു നിങ്ങൾ ഊഹിക്കുന്നത്?
അതെ, നിങ്ങൾ പറഞ്ഞതു ശരിയാണ്. വെളിപ്പാടു പുസ്തകം നാലാം അധ്യായത്തിലെ മൂപ്പന്മാരുടെ പാട്ടിന്റെയും ഏഴാം അധ്യായത്തിലെ മഹാപുരുഷാരത്തിന്റെ പാട്ടിന്റേയും അതേ ശ്രുതിയും രാഗവുമായിരിക്കും അയാളുടെ പാട്ടിനും. "ഞങ്ങളുടെ കർത്താവും ദൈവവുമേ നീയോഗ്യൻ. നീ മാത്രമാണു യോഗ്യൻ....രക്ഷ അവിടുത്തെ ദാനം."

ഉവ്വ്, സ്വർഗ്ഗത്തിൽ ആയിരിക്കുമ്പോൾ ഭൂമിയിൽ നാം കർത്താവിന്റെ നാമത്തിനു വേണ്ടി സഹിച്ചകഷ്ടങ്ങളൊന്നും നമ്മുടെ പുകഴ്ചയായിരിക്കുകയില്ല. ദൈവകല്പനയുടെ അനുസരണത്തിന്റെ വഴിയിൽ നാം ചെയ്ത പ്രവൃത്തികളൊന്നും നമ്മുടെ മഹത്വമായിരിക്കുകയില്ല....അവിടെ സകല ബഹുമാനവും മഹത്വവും പുകഴ്ചയും ഒരാൾക്കുമാത്ര മായിരിക്കും-അറുക്കപ്പെട്ട കുഞ്ഞാടിന്. നമ്മുടെ കർത്താവിന്. നമുക്കു ലഭിച്ചതെല്ലാം അവിടുത്തെ ദാനമായിരിക്കും. രക്ഷ മാത്രമല്ല വിജയകരമായ ക്രിസ്തീയജീവിതം പോലും.
നാം പലപ്പോഴും വിചാരിക്കുന്നത് രക്ഷ ദൈവത്തിന്റെ ദാനമാണ്. പക്ഷേ വിജയകരമായ ജീവിതം നമ്മുടെ പ്രവൃത്തികളുടെ ഫലമാണെന്നാണ്. എന്നാൽ പാപത്തിന്മേൽ ജയമുള്ള വിജയകരമായ ജീവിതത്തിനും നാം അടിമുടി കടപ്പെട്ടിരിക്കുന്നത് ദൈവത്തോടാണ്.
ബൈബിളിൽ വിജയം എന്ന് ആദ്യം പറഞ്ഞിരിക്കുന്നത് 1ശമുവേൽ 15:29 ലാണ്. അവിടെ പറയുന്നു:'യിസ്രായേലിന്റെ മഹത്വമായവൻ (വിജയമായവൻ-A.S.V margin) ഭോഷ്ക്കു പറകയില്ല. അനുതപിക്കയുമില്ല.' നോക്കുക: യിസ്രായേലിന്റെ വിജയം എന്നു പറയുന്നത് ഒരു അവസ്ഥയോ അനുഭവമോ അല്ല. മറിച്ച് ഒരു വ്യക്തിയാണ്. നമുക്കറിയാം മറ്റാരുമല്ല അതു കർത്താവായ യേശുക്രിസ്തുവാണ്.
നമ്മുടെ വിജയമായ കർത്താവിലേക്കു ചെല്ലാൻ വിശ്വാസിക്കു രണ്ടു പടികളാണുള്ളത്-സമർപ്പണവും വിശ്വാസവും. ഗലാത്യർ 2:20 ൽ ഈ രണ്ടു ഘടകങ്ങളും നമുക്കു കാണാം. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്".
ഈ വാകൃത്തിനു രണ്ടു ഭാഗങ്ങളാണുള്ളത്. 'ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല' എന്ന ആദ്യഭാഗം നിഷേധാത്മകമായ (Negative) ഒരു പ്രസ്താവനയാണ്. 'ഞാൻ ജീവിക്കുന്നില്ല. ഞാൻ മരിച്ചു' എന്നത് സമർപ്പണത്തെ, അടിയറവിനെ, മരണത്തെയാണു കാണിക്കുന്നത്. എന്നാൽ 'ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു....ഞാൻ ജീവിക്കുന്നതോ...ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്' എന്ന ഈ വാക്യത്തിന്റെ രണ്ടാംഭാഗം ധനാത്മകമായ (Positive) പ്രസ്താവനയാണ്. ഈ ഭാഗം വിശ്വാസത്തെ കാണിക്കുന്നു.
സമർപ്പണവും വിശ്വാസവും നമ്മെ വിജയകരമായ ഒരു ജീവിതത്തിൽ വഴി നടത്തും. നിരന്തരമായ ഒരു സമർപ്പണവും വിശ്വാസവുമാണത്.
സമർപ്പണജീവിതം എന്നു പറയുന്നത് മാറ്റമുള്ള ഒരു ജീവിതമാണെന്നു പലരും കരുതുന്നു. പക്ഷേ സമ്പൂർണസമർപ്പണജീവിതം കേവലം മാറ്റമുള്ള ഒരു ജീവിതമല്ല കൈമാറ്റം ചെയ്ത ഒരു ജീവിതമാണ് (It is not a changed life but an exchanged life). പലപ്പോഴും നമുക്കു നമ്മുടെ ജീവിതം നന്നാക്കാനാകുമെന്നാണു പ്രതീക്ഷ. ഇതിന്റെ ഫലമായി നമ്മുടെ ജീവിതവും കർത്താവിന്റെ ജീവിതവും ഒന്നിച്ചുപോകുന്ന ഒരവസ്ഥ. എന്നാൽ വിജയകരമായി ജീവിക്കാൻ നാം നടത്തുന്ന ശ്രമങ്ങൾ ഒന്നിനുപിറകെ ഒന്നായി പരാജയപ്പെടാൻ ദൈവം അനുവദിക്കും. ഒടുവിൽ നമ്മിൽ നന്മ വസിക്കുന്നില്ല; ഈ ജീവിതം മരണത്തിന് ഏല്പിക്കാൻ മാത്രമേ

(ശേഷം പേജ് 43 ൽ)

സന്ദേശം

# സമർപ്പണവും വിശ്വാസവും



*“അവളെ അംഗീകരിക്കാൻ വയ്യാത്തതു കൊണ്ട് കണ്ടില്ലെന്നു നടിച്ച് എതിർവശത്തേക്ക് മുഖം തിരിച്ചുപിടിച്ച് നടന്നു.” ഇപ്പോൾ വ്യക്തമായില്ലേ,ആർക്കെങ്കിലും എതിരേ ഒരു നീരസമോ തെറ്റായ മനോഭാവമോ പകയോ ഉണ്ടെങ്കിൽ നാം വിജയകരമായ ഒരു ജീവിതമല്ല നയിക്കുന്നതെന്ന്?*

**വി**ജയകരമായ ഒരു ക്രിസ്തീയ ജീവിതത്തിലേക്കു പ്രവേശിക്കുവാൻ ഏതൊരുവനും രണ്ടു കാര്യങ്ങൾ അനിവാര്യമാണ്-സമർപ്പണവും വിശ്വാസവും മനുഷ്യന്റെ ഭാഗത്തു നിന്നു ചെയ്യേണ്ടതും ദൈവത്തിന്റെ ഭാഗത്തു നിന്നു ചെയ്യേണ്ടതും ഇതിൽ അന്തർഭവിച്ചിരിക്കുന്നു.

ആദ്യമായി, ബോധ്യമുള്ള എല്ലാ പാപങ്ങളും സ്വയേച്ഛയും ഉപേക്ഷിക്കുവാനും നമ്മെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കുവാനും നാം തയ്യാറായിരിക്കണം. പിന്നെ ദൈവം നമ്മെ ശുദ്ധീകരിക്കുന്നതിന് വിശ്വാസത്തോടെ നാം ദൈവത്തിങ്കലേക്കു നോക്കണം. അതുകൊണ്ട് വിജയകരമായ ക്രിസ്തീയജീവിതത്തിലേക്കുള്ള പ്രവേശത്തിനുള്ള രണ്ട് ലളിതമായ പ്രമാണങ്ങൾ ഇവയാണ്:-

**ഉപേക്ഷിക്കുക, ദൈവത്തെ അനുവദിക്കുക.**

‘സമർപ്പണം’ എന്താണെന്ന് ആളുകൾക്കു മനസ്സിലാക്കിക്കൊടുക്കുന്നത് എത്ര പ്രയാസമാണെന്നോ! അവർ അതു മനസ്സിലാക്കിയാൽ തന്നെ അത് അവരുടെ നന്മയ്ക്കുവേണ്ടിയാണെന്നുള്ള സത്യത്തിലേക്ക് തുടർന്ന് അവരെ നയിക്കുന്നത് അതിലേറെ

> വായനക്കാരിൽ പലരും ഒരു സ്വയതൃപ്തിയിൽ കഴിയുന്നവരായിരിക്കാം. അതേ സമയം നിരവധി വർഷങ്ങളായി ശ്രമിച്ചിട്ടും ഇനിയും കൈയെത്തിപ്പിടിക്കാൻ കഴിയാത്ത വിജയകരമായ ഒരു ക്രിസ്തീയജീവിതത്തിനു വേണ്ടി തീവ്രമായി വാഞ്ഛിക്കുന്ന ഒട്ടേറെ വായനക്കാരുമുണ്ടെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾ നിങ്ങളുടെ സമർഷണത്തെ ഒന്നു പരിശോധിക്കുമോ? സമർഷണംകൊണ്ട് എന്താണു നിങ്ങൾ അർത്ഥമാക്കുന്നത്? മുഴുവനായി ക്രിസ്തുവിന് സമർഷിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ നാം മൂന്നു കാര്യങ്ങൾ അവിടുത്തേക്കു വിട്ടുകൊടുക്കണം-ഭൂതം, ഭവി, വർത്തമാനകാലം.

പ്രയാസമാണ്!

ഈ എഴുത്തുകാരൻ ഒരിക്കൽ ഒരു ക്രിസ്തീയസുഹൃത്തിന് എഴുതിയ കത്തിൽ ഇപ്രകാരം ചോദിച്ചിരുന്നു "നിങ്ങൾ ക്രിസ്തുവിനായി മുഴുവനായി സമർപ്പിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കട്ടെ?" കത്തുകിട്ടിയതിന്റെ അടുത്ത ദിവസം അദ്ദേഹം എന്നെ സന്ദർശിച്ചു. മറ്റൊരു ക്രിസ്തീയസഹോദരന്റെ പെരുമാറ്റത്തെക്കുറിച്ച് (ആ പെരുമാറ്റം തികച്ചും നീതിയുക്തവും വിനയാന്വിതവും അതേസമയം കർക്കശവുമായിരുന്നു) പരാതി പറയുവാനാണ് അദ്ദേഹം സന്ദർശനസമയം ഉപയോഗിച്ചത്. ഈർഷ്യ, നിന്ദ, സത്യത്തിൽ നിന്നുള്ള അകൽച്ച എന്നിവയെല്ലാം അദ്ദേഹം സംസാരിച്ച അഞ്ചുമിനിറ്റിനുള്ളിൽ പുറത്തുവന്നു. അതിനുശേഷം പോകാനായി വാതില്ക്കലേക്കു നടക്കുന്നതിനിടെ പെട്ടെന്ന് എന്തോ ഓർത്തതു പോലെ തിരിഞ്ഞു നിന്ന് അത്ഭുതം സ്ഫുരിക്കുന്ന ശബ്ദത്തിൽ അദ്ദേഹം ഇങ്ങനെ ചോദിച്ചു. "ആട്ടെ, നിങ്ങളുടെ കത്തിൽ ഉണ്ടായിരുന്ന, ഞാൻ ദൈവത്തിനായി സമ്പൂർണമായി സമർപ്പിച്ചിട്ടില്ലെന്ന, സൂചനകൊണ്ട് എന്താണ് അർത്ഥമാക്കിയത്? ഞാൻ മുഴുവനായി സമർപ്പിച്ചിട്ടുള്ള ഒരുവനാണ്."

സത്യത്തിൽ സമർപ്പണത്തെക്കുറിച്ച് വളരെക്കുറച്ചേ അദ്ദേഹത്തിന് അറിയുകയുള്ളൂ എന്നതു വ്യക്തം. പക്ഷേ തന്നെക്കുറിച്ച് പൂർണതൃപ്തിയാണ് അദ്ദേഹത്തിനുള്ളത്!

**സമർപ്പണത്തിന്റെ അർത്ഥം.**

ഇദ്ദേഹത്തെപ്പോലെ, വായനക്കാരിൽ പലരും ഒരു സ്വയതൃപ്തിയിൽ കഴിയുന്നവരായിരിക്കാം. അതേ സമയം നിരവധി വർഷങ്ങളായി ശ്രമിച്ചിട്ടും ഇനിയും കൈയെത്തിപ്പിടിക്കാൻ കഴിയാത്ത വിജയകരമായ ഒരു ക്രിസ്തീയജീവിതത്തിനു വേണ്ടി തീവ്രമായി വാഞ്ഛിക്കുന്ന ഒട്ടേറെ വായനക്കാരുമുണ്ടെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾ നിങ്ങളുടെ സമർപ്പണത്തെ ഒന്നു പരിശോധിക്കുമോ? സമർപ്പണം കൊണ്ട് എന്താണു നിങ്ങൾ അർത്ഥമാക്കുന്നത്? മുഴുവനായി ക്രിസ്തുവിന് സമർപ്പിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ നാം മൂന്നു കാര്യങ്ങൾ അവിടുത്തേക്കു വിട്ടുകൊടുക്കണം-ഭൂതം, ഭവി, വർത്തമാനകാലം.

ഇതിൽ കേവലം വസ്തുക്കളല്ല, മറിച്ച് സ്വയത്തിന്റെ സമർപ്പണമാണ് അടങ്ങിയിട്ടുള്ളത്. ''നിങ്ങളുടെ സ്വയത്തെ തന്നെ ദൈവത്തിനായി സമർപ്പിപ്പീൻ" (റോമർ 6:13). അമേരിക്കയിലെ ഒരു വൈദികൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു "നിങ്ങൾക്കറിയാമോ, കാംപ്ബെൽ മോർഗൻ ഒരിക്കൽ ഈ രാജ്യത്തുവന്നു. അദ്ദേഹം നടത്തിയ ഒരൊറ്റ പ്രസംഗം ഞാൻ നാല്പതുവർഷം നടത്തിയ പ്രസംഗങ്ങളെ ഇല്ലാതെയാക്കി. നാല്പതു വർഷം ത്യാഗത്തിന്റെ ആവശ്യകതയെക്കുറിച്ചാണു ഞാൻ പ്രസംഗിച്ചത്-നമുക്കു ലഭ്യമാകുന്ന വസ്തുക്കൾ നിഷേധിക്കുന്നതിനെക്കുറിച്ച്, അതും ഇതും ഉപേക്ഷിക്കുന്നതിനെക്കുറിച്ച്. ഞങ്ങൾ ഭവനത്തിൽ അതു പ്രയോഗത്തിൽ





കൊണ്ടുവന്നിരുന്നു. ഞങ്ങൾ ഒരാഴ്ചത്തേക്ക് റൊട്ടിക്ക് വെണ്ണവേണ്ടെന്നുവയ്ക്കും. ആ പണം കൊണ്ട് ദൈവികാനുഗ്രഹം ലഭ്യമാകുന്ന എന്തെങ്കിലും കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കും. മറ്റൊരാഴ്ച മറ്റെന്തെങ്കിലും ആയിരിക്കും ഞങ്ങൾ ഉപേക്ഷിക്കുന്നത്. അങ്ങനെ പൊയ്ക്കൊണ്ടിരുന്നപ്പോൾ കാംപാബെൽ മോർഗൻ വന്നിട്ടു പ്രസംഗിച്ചു-നാം ഉപേക്ഷിക്കേണ്ടതു വസ്തുക്കളെയല്ല നമ്മുടെ സ്വയത്തെ തന്നെയാണ്. വീട്ടിൽ ഞങ്ങൾ ഉപേക്ഷിക്കാതിരിന്ന ഏകകാര്യം അതുതന്നെയായിരുന്നു. സൂര്യന് കീഴിലുള്ള മറ്റെല്ലാം ഞങ്ങൾ ഉപേക്ഷിച്ചിരുന്നു, സ്വയത്തെ ഒഴിച്ച്. ഞങ്ങൾ പലകാര്യങ്ങളും ഉപേക്ഷിച്ചു. അങ്ങനെ ഞങ്ങൾ ഞങ്ങളുടെ താഴ്മയെക്കുറിച്ചു നിഗളമുള്ളവരായിരുന്നു." അതുകൊണ്ട് നമുക്കു സ്വയത്തെ ഗൗരവമായി എടുക്കാം. ഞാൻ അതിനെ സമ്പൂർണമായി ദൈവത്തിനു സമർപ്പിക്കുവാൻ തയ്യാറാണോ? - പൂർണമായി ഉപേക്ഷിക്കുവാനും?

**1. ഭൂതകാലം അവിടെയുണ്ട്**

"ഓ ഭൂതകാലം. അതു മരിച്ച് മണ്ണടിഞ്ഞില്ലേ? എന്നന്നേക്കുമായി പോയില്ലേ?" എന്നെല്ലാം ഒരു പക്ഷേ നിങ്ങൾ പറഞ്ഞേക്കും. എന്നാൽ ഇല്ല. അതിൽ നിന്നു വ്യത്യസ്തമായി "ഭൂതകാലപാപങ്ങൾ എല്ലാം ക്ഷമിക്കപ്പെട്ടു. പക്ഷേ അതു നമ്മുടെ കഴുത്തിൽ നൽകുന്ന ഒരു ഭാരം!''എന്നു ചൈനയിലെ ഒരു സുവിശേഷപ്രവർത്തകൻ പറഞ്ഞതോർക്കുന്നു. ഇത് ഇങ്ങനെ ആയിരിപ്പാൻ പാടില്ല. ഭൂതകാലത്തെ മുഴുവനായി ഉപേക്ഷിപ്പാൻ നമ്മൾ തയ്യാറാണോ?

ക്രിസ്തുവിലൂടെയുള്ള വിജയം ആഗ്രഹിച്ചിരുന്ന ഒരു വനിതാമിഷനറി, തന്റെ തീവ്രമായ വാഞ്ഛ അതായിരിക്കുമ്പോൾ തന്നെ അതേച്ചൊല്ലി ദുഃഖിതയായിരുന്നു. എന്താണു കാരണം? " കാരണം ഭൂതകാലപാപങ്ങൾ തന്നെ" അവൾ പറഞ്ഞു.

> 'ഞങ്ങൾ ഒരാഴ്ചത്തേക്ക് റൊട്ടിക്ക് വെണ്ണവേണ്ടെന്നുവയ്ക്കും. ആ പണം കൊണ്ട് ദൈവികാനുഗ്രഹം ലഭ്യമാകുന്ന എന്തെങ്കിലും കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കും. മറ്റൊരാഴ്ച മറ്റെന്തെങ്കിലും ആയിരിക്കും ഞങ്ങൾ ഉപേക്ഷിക്കുന്നത്. അങ്ങനെ പൊയ്ക്കൊണ്ടിരുന്നപ്പോൾ കാംപാബെൽ മോർഗൻ വന്നിട്ടു പ്രസംഗിച്ചു-നാം ഉപേക്ഷിക്കേണ്ടതു വസ്തുക്കളെയല്ല നമ്മുടെ സ്വയത്തെ തന്നെയാണ്. വീട്ടിൽ ഞങ്ങൾ ഉപേക്ഷിക്കാതിരിന്ന ഏകകാര്യം അതുതന്നെയായിരുന്നു. സൂര്യന് കീഴിലുള്ള മറ്റെല്ലാം ഞങ്ങൾ ഉപേക്ഷിച്ചിരുന്നു, സ്വയത്തെ ഒഴിച്ച്.

"പക്ഷേ നോക്കൂ, ദൈവം നിങ്ങളുടെ ഭൂതകാലപാപങ്ങൾ ക്ഷമിച്ചല്ലോ. അവ മായിച്ചു കളഞ്ഞിരിക്കുന്നു. അവ എങ്ങനെയാണ് ഇനി നിങ്ങൾക്ക് ഒരു തടസ്സമാകുന്നത്?"

"പക്ഷേ നിങ്ങൾക്കറിയില്ല ഞാൻ എന്തെല്ലാം പരാജയങ്ങളിൽ ചെന്നുചാടിയിട്ടുണ്ടെന്ന്?" അവൾ നിലവിളിച്ചു "ഓ....ഭൂതകാലം വളരെ ഭയങ്കരമാണ്".

ഒടുവിൽ അവൾ തന്റെ ഭൂതകാലം സമർപ്പിച്ചു കഴിഞ്ഞപ്പോൾ അനുഗ്രഹം ലഭ്യമായി. "ദൈവം ക്ഷമിക്കുമ്പോൾ അവിടുന്നതു മറക്കുകയും ചെയ്യുന്നു." എന്നാണ് ഒരു ക്രിസ്തീയഗാനത്തിലെ ഒരു വരി." "അവരുടെ അനീതികളുടെ നേർക്കു ഞാൻ കരുണയുള്ളവനായിരിക്കും. അവരുടെ പാപങ്ങൾ ഞാൻ ഒരിക്കലും ഓർക്കുകയുമില്ല'' (എബ്രാ.8:12) ''അവരുടെ ദുഷ്പ്രവൃത്തികളും പാപങ്ങളും ഞാനിനി ഒരു കാരണവശാലും ഓർമ്മിക്കുകയുമില്ല" (എബ്രാ.10:17). എങ്കിൽ ഞാനിനി എന്റെ ഭൂതകാലപാപങ്ങളെക്കുറിച്ച് ഓർത്തിരിക്കുന്നത് എന്തിനാണ്? തീർച്ചയായും അതിൽ നിന്ന് നന്മയൊന്നും ഉരുത്തിരിഞ്ഞു വരികയില്ലല്ലോ.

**നിങ്ങളുടെ കുഞ്ഞ് ചെയ്ത എന്തെങ്കിലും തെറ്റുകൾ നിങ്ങൾ ക്ഷമിച്ചു കഴിഞ്ഞശേഷവും അവൻ അതേചൊല്ലി എന്നും ദുഃഖിതനായിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കുമോ?-ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ അതേച്ചൊല്ലി ഖേദിച്ചുകൊണ്ടിരിപ്പാൻ? എന്നാൽ പല ദൈവമക്കളും അതാണിന്നു ചെയ്യുന്നത്. സ്വയ-പരിശോധനയ്ക്ക് അതിന്റേതായ സ്ഥാനമുണ്ട്. എന്നാൽ ഭൂതകാലത്തെച്ചൊല്ലിയുള്ള കരച്ചിൽകൊണ്ട് ഇന്നിനെ നഷ്ടപ്പെടുത്തുന്നതു പാപമാണ്.**

ശുശ്രൂഷയെ തടയുന്ന സംഗതികൾ

ദൈവം നമ്മെ എന്തിൽ നിന്നാണു രക്ഷിച്ചതെന്നതിനെക്കുറിച്ചുള്ള ഓർമ്മ ദൈവത്തോടുള്ള നമ്മുടെ സ്തുതി വർദ്ധിപ്പിച്ചേക്കും. പക്ഷേ അത്തരം തിരിഞ്ഞുനോട്ടങ്ങൾ കൂടാതെ തന്നെ അവിടുത്തെ വിലയേറിയ നാമത്തെ സ്തുതിപ്പാനും പുകഴ്ത്തുവാനും നമുക്കു മതിയായ കാരണങ്ങളില്ലേ? ഭൂതകാലത്തിൽ പാപങ്ങൾ ചെയ്തതു തെറ്റാണ്. പക്ഷേ ഇന്നത്തെ ശുശ്രൂഷയെ ഹനിക്കുവാൻ ആ ഭൂതകാലപാപങ്ങളെ അനുവദിക്കുന്നുവെങ്കിൽ അതു ഭയങ്കരം എന്നെ പറയേണ്ടു.

നിങ്ങളുടെ കുഞ്ഞ് ചെയ്ത എന്തെങ്കിലും തെറ്റുകൾ നിങ്ങൾ ക്ഷമിച്ചു കഴിഞ്ഞശേഷവും അവൻ അതേചൊല്ലി എന്നും ദുഃഖിതനായിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കുമോ?–ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ അതേച്ചൊല്ലി ഖേദിച്ചുകൊണ്ടിരിപ്പാൻ? എന്നാൽ പല ദൈവമക്കളും അതാണിന്നു ചെയ്യുന്നത്. സ്വയ–പരിശോധനയ്ക്ക് അതിന്റേതായ സ്ഥാനമുണ്ട്. എന്നാൽ ഭൂതകാലത്തെച്ചൊല്ലിയുള്ള കരച്ചിൽകൊണ്ട് ഇന്നിനെ നഷ്ടപ്പെടുത്തുന്നതു പാപമാണ്.

ശിമോൻ പത്രോസിനെ നോക്കുക. ആണയിട്ടും പ്രാകിയും കർത്താവിനെ തള്ളിപ്പറഞ്ഞവനാണു പത്രോസ്. എന്നാൽ കർത്താവ് അവനോടു ക്ഷമിച്ചു.

യഥാസ്ഥാനപ്പെടുത്തി; അവനെ വീണ്ടും ഉപയോഗിച്ചു. പതിനൊന്നു പേരിൽ ഏറ്റവും ദയനീയമായി വീണുപോയവനെയാണ് പെന്തക്കോസ്തുദിനത്തിൽ ആധികാരികമായി സംസാരിപ്പാൻ പരിശുദ്ധാത്മാവു തെരഞ്ഞെടുത്തത്. എന്നാൽ ഭൂതകാലവീഴ്ച അവനെ ഈ സന്ദർഭത്തിൽ വേട്ടയാടുന്നില്ല. ഒരിക്കൽ താൻ ചെയ്ത അതേ പാപം ചെയ്യുന്ന യഹൂദന്മാരെ കുറ്റപ്പെടുത്തുവാൻ അതവനു തടസ്സമായില്ല.

“നിങ്ങൾ അവനെ തള്ളിക്കളഞ്ഞു.” പത്രോസ് അവർക്കു നേരേ വിരൽ ചൂണ്ടുന്നു. “പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ നിരാകരിച്ചു” (അപ്പോ.പ്രവൃ. 3:14). ഭൂതകാലപാപങ്ങൾ മായിച്ചു കളഞ്ഞിരിക്കുന്നതോർത്ത് നമുക്കു ദൈവത്തിനു നന്ദി പറയാം. ദുഃഖകരമായ ഭൂതകാലത്തെ സംബന്ധിച്ച നിന്ദകൾകൊണ്ട് വർത്തമാനകാലത്തെ നഷ്ടപ്പെടുത്തി നമുക്കിനി ഒരിക്കലും ദൈവത്തെ ദുഃഖിപ്പിക്കാതിരിക്കാം. “യേശുവിങ്കലേക്കു നോക്കുക” അതായിരിക്കട്ടെ നമ്മുടെ മനോഭാവം. “ഒരു കാര്യം ഞാൻ ചെയ്യുന്നു. എന്റെ പിന്നിലുള്ളവയെ വിസ്മരിക്കുന്നു...യേശുക്രിസ്തുവിലൂടെ ഉന്നതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനുവേണ്ടി ഞാൻ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നു.” (ഫിലി. 3:14)

**2. ഭാവികാലത്തെ സംബന്ധിച്ച്**

നമുക്ക് ഭാവിയെ പൂർണമായി ദൈവകരങ്ങളിൽ അർപ്പിക്കാൻ മനസ്സുണ്ടോ? അങ്ങനെ ചെയ്താൽ ദൈവം പിന്നീടവരെ മുതലെടുക്കും എന്നാണ് പലരും ചിന്തിക്കുന്നതെന്നു തോന്നിപ്പോകുന്നു. അതായതു ദൈവത്തിന്റെ ഇഷ്ടങ്ങൾ അനുസരിക്കാൻ തയ്യാറായി മുന്നോട്ടുവന്നാൽ ദൈവം അവരെ പ്രയാസത്തിലാക്കും എന്നു പേടിക്കുന്നതുപോലെ. തങ്ങളുടെ ജീവിതം ദൈവം സന്തോഷംകൊണ്ടു നിറയ്ക്കും എന്ന് അവർക്കു ദൈവത്തെ വിശ്വസിക്കാൻ കഴിയാത്തതു കൊണ്ട് അവർ ഈ ലോകത്തിൽ, ചിലപ്പോൾ ബോധപൂർവം ചെയ്യുന്ന പാപങ്ങളിൽ, സന്തോഷം തെരയുന്നു.

യേശുകർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞത് ശ്രദ്ധിക്കുക. “ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർമാകാനും വേണ്ടിയാണ്” (യോഹ.15:11). എന്തു കാര്യങ്ങളായിരിക്കാം അവിടുന്നു പറഞ്ഞിരിക്കുക? ക്രിസ്തുവിൽ വെറുതെ വസിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുന്നതിനെക്കുറിച്ചാവും. അങ്ങനെയുള്ളവർക്കു ലഭ്യമാകുന്ന സന്തോഷം ദൈവത്തിന്റെ തന്നെ സന്തോഷമാണ്!

അതിനേക്കാൾ കൂടുതലെന്തെങ്കിലും, മെച്ചമായതെന്തെങ്കിലും, നമുക്ക് ആഗ്രഹിക്കുവാനുണ്ടോ? അവിടുന്നു നമ്മിൽ വസിക്കുകയും അവിടുത്തെ ജീവൻ നമ്മിൽ ജീവിക്കുകയും ചെയ്താൽ തീർച്ചയായും നമുക്ക് അവിടുത്തെ സന്തോഷം ലഭ്യമായിരിക്കും.

കുസൃതിയായ ഒരു കൊച്ചുകുട്ടി ഒരു വൈകുന്നേരം പിതാവിന്റെ മടിയിൽ കയറി ഇരുന്നു കൊഞ്ചലോടെ പറഞ്ഞുവെന്നു കരുതുക. “അപ്പാ, ഇന്നു മുതൽ അപ്പനെന്നോടു പറയുന്നതെല്ലാം ഞാൻ അനുസരിക്കും.” ആ പിതാവ് ഉടനെ എങ്ങനെയായിരിക്കും പ്രതികരിക്കുക? “ഇപ്പോൾ ഇവനെ എന്റെ അധികാരത്തിൻ കീഴിൽ ലഭിച്ചു. ഇനി എനിക്കിവന്റെ ജീവിതം പ്രയാസമുള്ളതാക്കാൻ കഴിയും.” എന്നിങ്ങനെയായിരിക്കുമോ ആ പിതാവ് സ്വയം ചിന്തിക്കുക? ഒരിക്കലുമില്ല. പകരം അവനെ വാത്സല്യത്തോടെ മാർവ്വോടണച്ചുകൊണ്ട് ‘ഇവന്റെ ജീവിതം ആഹ്ലാദകരമാക്കാൻ കഴിയുന്നതെല്ലാം ഇനി ചെയ്യും’ എന്നു നിശ്ശബ്ദം ആ പിതാവു പ്രതിജ്ഞയെടുക്കുകയില്ലേ?

**എല്ലാം നാം അവിടുത്തേക്ക് സമർ പ്പിച്ചാൽ സ്നേഹവാനായ ദൈവം അതിൽ നിന്നു മുതലെടുക്കുമെന്നു കരുതുന്നത് എന്തൊരു മടയത്തരമാണ്! നാം പ്രയാസത്തിൽ കഴിയുന്നതിലാണോ അവിടുത്തേക്കു പ്രസാദം? നമുക്കു സന്തോഷം തരുവാൻ ദൈവത്തിന് ആഗ്രഹം മാത്രമല്ല കഴിവും ഉണ്ടെന്നു നാം ഓർത്തിരിക്കണം. നമുക്ക് ഏറ്റവും നല്ലത് എന്തെന്ന് ദൈവത്തിന് അറിയില്ലേ? എന്നിട്ടും അവിടുന്ന് ഏറ്റവും മെച്ചമായതു ചെയ്യുമെന്നു കരുതി ദൈവത്തെ വിശ്വസിക്കാൻ വിശ്വാസികൾ തയ്യാറാകാത്തതെന്തുകൊണ്ട്?**

എങ്കിൽ, എല്ലാം നാം അവിടുത്തേക്ക് സമർപ്പിച്ചാൽ സ്നേഹവാനായ ദൈവം അതിൽ നിന്നു മുതലെടുക്കുമെന്നു കരുതുന്നത് എന്തൊരു മടയത്തരമാണ്! നാം പ്രയാസത്തിൽ കഴിയുന്നതിലാണോ അവിടുത്തേക്കു പ്രസാദം? നമുക്കു സന്തോഷം തരുവാൻ ദൈവത്തിന് ആഗ്രഹം മാത്രമല്ല കഴിവും ഉണ്ടെന്നു നാം ഓർത്തിരിക്കണം. നമുക്ക് ഏറ്റവും നല്ലത് എന്തെന്ന് ദൈവത്തിന് അറിയില്ലേ? എന്നിട്ടും അവിടുന്ന് ഏറ്റവും മെച്ചമായതു ചെയ്യുമെന്നു കരുതി ദൈവത്തെ വിശ്വസിക്കാൻ വിശ്വാസികൾ തയ്യാറാകാത്തതെന്തുകൊണ്ട്?

ഒരിക്കൽ മിഷനറിമാരുടെ യോഗത്തിൽ സംസാരിക്കവേ, അവരിൽ പ്രായമായ ഒരു മിഷനറി വളരെ പ്രയാസം അനുഭവിക്കുന്ന മുഖ

**വർത്തമാനകാലത്തിലെ നിങ്ങളുടെ വിജയത്തെ ഭാവിയെക്കുറിച്ചുള്ള ഒരാശങ്കയും കവർന്നെടുക്കരുതെന്ന് ഒരു മുന്നറിയിപ്പ് കൂടി നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. കെസ്‌വിക് കൺവൻഷനു വന്ന ഒരു മിഷനറി പറഞ്ഞു "ഞാൻ എല്ലാം ക്രിസ്തുവിനായി സമർപ്പിച്ചു കഴിഞ്ഞു. ഞാൻ വളരെ സന്തുഷ്ടനാണ്. എന്നാൽ തിരിച്ചു വീട്ടിൽ ചെല്ലുമ്പോൾ എന്തു സംഭവിക്കുമെന്നോർത്ത് എനിക്കു പേടിയുണ്ട്." ഭാവി പൂർണമായി സമർപ്പിച്ചിട്ടില്ലെന്ന് ഇതിൽ നിന്നു വ്യക്തമല്ലേ?**

ത്തോടെ ഇരിക്കുന്നതു ഞാൻ ശ്രദ്ധിച്ചു. എന്തുകൊണ്ടാണ് അദ്ദേഹം ഇത്രയേറെ അസ്വസ്ഥനായിരിക്കുന്നതെന്ന് ഞാൻ മീറ്റിങ്ങിന്റെ അധ്യക്ഷനോട് അന്വേഷിച്ചു. "അദ്ദേഹം ചൈനയിലേക്കു മടങ്ങിപ്പോയി അവിടെ പ്രവർത്തനനിരതനായി തന്നെ അവസാനിക്കുവാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ ഈ പ്രായത്തിൽ അദ്ദേഹത്തെ അങ്ങോട്ട് അയയ്ക്കുവാൻ കമ്മിറ്റി തയ്യാറല്ല." ഇതായിരുന്നു മറുപടി. അർപ്പിതമനസ്കനായ ഒരു ദൈവഭൃത്യൻ. പക്ഷേ ഭാവി ദൈവകരങ്ങളിൽ ഭരമേല്പിക്കുവാൻ തയ്യാറല്ല. ഫലം സന്തോഷപരിപൂർണതയില്ല. പകരം അസ്വസ്ഥത. ഒരിക്കൽ ഒരു വിശുദ്ധൻ പ്രാർത്ഥിച്ചു "ദൈവമേ, ഇവിടെയിരിക്കുന്നആരും അങ്ങയെ ഭയപ്പെടാതിരിക്കട്ടെ." ഭാവിയെച്ചൊല്ലി ആരും ദൈവത്തെ പേടിക്കാതിരിക്കട്ടെ എന്നു നമുക്കും പ്രാർത്ഥിക്കാം.

നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നുവോ? നിങ്ങൾക്ക് ഉപേക്ഷിക്കുവാൻ മനസ്സില്ലാത്ത എന്തെങ്കിലും ഉണ്ടെന്നിരിക്കട്ടെ. അതു ഉപേക്ഷിക്കണമെന്നതാണു തന്റെ ഹിതം എന്നു ദൈവം കാണിച്ചാൽ നിങ്ങൾ അങ്ങനെ ചെയ്യുമെങ്കിൽ നിങ്ങൾ ശരിയായ അർത്ഥത്തിൽ ദൈവത്തെ ഭയപ്പെടുന്നുണ്ട് എന്നുപറയാം.

*"ദൈവം അറിയുന്നു സ്നേഹിക്കുന്നു കരുതുന്നു.*
*സത്യമിതിനെ കെടുത്തുവാനൊന്നിനുമാവില്ല*
*തെരഞ്ഞെടുപ്പുകൾ തനിക്കായി വിട്ടുകൊടുത്തവർക്ക്*
*ഏറ്റവും നന്മയ്ക്കായ് എല്ലാം അവിടുന്നു ചെയ്യും".*

**3. ഇനിയുള്ളത് വർത്തമാനകാലം**

സമർപ്പണം വർത്തമാനകാലത്തെ എങ്ങനെയാണു ബാധിക്കുന്നത്? സ്നേഹമില്ലായ്മയും കയ്പും, ഈർഷ്യയും, നിഗളവും, അസൂയയും, നീരസവും കുറ്റം കണ്ടുപിടിക്കുന്ന മനോഭാവവും-എല്ലാം പോകണം, യഥാർത്ഥമായും പോകണം. "എന്നെ സംബന്ധിച്ചിടത്തോളം അത് എളുപ്പമാണ്. കാരണം എനിക്ക് ഈ ലോകത്തിൽ ഒരാൾ പോലും ശത്രുവില്ല." ഒരിക്കൽ ഒരു സുവിശേഷപ്രവർത്തക പറഞ്ഞു. പക്ഷേ പിറ്റെ ദിവസം അവൾ മുടന്തിയാണു വരുന്നത്. എന്താണു പറ്റിയതെന്നു ചോദിച്ചപ്പോൾ അവൾ വിശദീകരിക്കാൻ തുടങ്ങി. "ഞാനിന്നലെ ഒന്നു വീണു. നടന്നു പോകുമ്പോൾ എതിരേ, ആ മിസ്. കെ. ഇല്ലേ? അവൾ വരുന്നു. അവളെ അംഗീകരിക്കാൻ വയ്യാത്തതുകൊണ്ട് കണ്ടില്ലെന്നു നടിച്ച് എതിർവശത്തേക്ക് മുഖം തിരിച്ചുപിടിച്ച് നടക്കുന്നതിനിടെ നടപ്പാതയുടെ അരികിൽ ചിവിട്ടി ഗട്ടറിൽ ഒന്നുവീണു."

ഇപ്പോൾ വ്യക്തമായില്ലേ, ആർക്കെങ്കിലും എതിരേ ഒരു നീരസമോ തെറ്റായ മനോഭാവമോ പകയോ ഉണ്ടെങ്കിൽ-ക്രിസ്തീയസ്നേഹവും ദയയും ആരോടെങ്കിലും പ്രദർശിപ്പിക്കാൻ കഴിയാതിരിക്കുന്നുണ്ടെങ്കിൽ-നാം വിജയകരമായ ഒരു ജീവിതമല്ല നയിക്കുന്നതെന്ന്? ഡോ. ഷോഫീൽഡ്

**(ശേഷം പേജ് 41 ൽ)**



നുറുങ്ങുവെട്ടം

മൂകസന്ദേശം-7

# പൂച്ചകൾ

**സന്ദീപ് പുന്നൻ**

**ഈ** മാസത്തെ ചിന്തകൾ പൂച്ചകളെപ്പറ്റിയാവട്ടെ. നായ്ക്കളെപ്പോലെ സർവ്വസാധാരണമല്ലെങ്കിലും പൂച്ചകൾക്ക് ഒരു മുഖവുര ആവശ്യമില്ലല്ലോ? ഒരു പൂച്ചക്കുട്ടിയെ വളർത്തുവാനായി വാങ്ങിയ ഫിലദൽഫിയയിലെ എന്റെ സ്നേഹിതനെ ഓർക്കുന്നു. വീട്ടിൽ ആദ്യം എത്തിയപ്പോൾ ആ പൂച്ചക്കുട്ടി രോമം കൊണ്ടുണ്ടാക്കിയ ഒരു പന്തുപോലെ കാണാൻ വളരെ ചന്തമായിരുന്നു. ഞങ്ങൾ വളരെനേരം ഈ പൂച്ചക്കുട്ടിയോടൊത്ത് കളിക്കുമായിരുന്നു. ഞങ്ങളുടെ കൺമുമ്പിലാണ് അത് വളർന്നു വലുതായത്.

ഒരു ദിവസം ഞാനും സ്നേഹിതനും സന്ദർശനമുറിയിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പൂച്ചക്കുട്ടി തറയിൽ എന്തിനോ നേരെകുതിച്ചു ചാടുന്നതായി ഞങ്ങൾ ശ്രദ്ധിച്ചു. എന്താണ് ഇരകിട്ടിയതെന്നു ശ്രദ്ധിച്ചപ്പോൾ അത്ഭുതം തോന്നി. എന്റെ വാച്ചിൽ തട്ടി തറയിൽ പ്രതിഫലിച്ച വെളിച്ചം കണ്ടായിരുന്നു പൂച്ചക്കുട്ടി കുതിച്ചു ചാടിയത്. ഞാൻ ബോധപൂർവ്വം വാച്ചിന്റെ പ്രതിഫലം തറയിൽ പതിപ്പിച്ച ഓരോ സമയത്തും മടുപ്പില്ലാതെ അത് നിഴലിലേക്ക് ആക്രമണമനോഭാവത്തോടെ ചാടിക്കൊണ്ടിരുന്നു.

ചില ദിവസങ്ങൾ കഴിഞ്ഞ് ഒരു ലേസർ സൂചിക വാങ്ങി. അല്പം അകലെയുള്ള സ്ക്രീനിലുള്ള എന്തെങ്കിലും കാണികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രഭാഷകർ ലേസർ സൂചിക ഉപയോഗിക്കാറുണ്ടല്ലോ? പേനയുടെ വലിപ്പമുള്ള ഈ സൂചിക വെട്ടിത്തിളങ്ങുന്ന ചുവന്ന ഒരു പ്രകാശകിരണം സ്ക്രീനിൽ പതിപ്പിക്കാൻ ഉപയോഗിക്കുന്നു. ഭിത്തിയിൽ ചുവന്ന ലേസർ കിരണം പതിഞ്ഞപ്പോൾ പൂച്ച ആവേശത്തോടെ അതിനുനേരെ ചാടി. ഒരു പുലിയേപ്പോലെ ഇരപിടിക്കാൻ തറയിൽ പതുങ്ങിയിരുന്നശേഷം ഇരപിടിക്കുന്ന ചിന്തയോടെ പൂച്ച ചുവന്ന പ്രകാശവൃത്തിനുനേരേ ഓരോ പ്രാവശ്യവും ചാടിവീഴും. സാവധാനം നഖമുള്ള പാദങ്ങൾ വിടർത്തുമ്പോഴാണ് ചാടിയത് വെറുതെയായിരുന്നു എന്നറിയുന്നത്! വെട്ടിത്തിളങ്ങുന്ന ആ ചുവന്ന പ്രകാശകിരണങ്ങൾ എങ്ങനെയോ രക്ഷപെട്ടിരിക്കുന്നു!!

ഞങ്ങൾ ഒടുവിൽ ക്ഷീണിച്ചു പിൻമാറുമ്പോഴും പൂച്ച ഭ്രാന്തുപിടിച്ചതുപോലെ ലേസർ കിരണത്തിനായി ചാടിക്കൊണ്ടിരുന്നു. ഒരിക്കലും കൈകൾക്കുള്ളിൽ പ്രകാശകിരണത്തെ ഒതുക്കാൻ കഴിയാത്തപ്പോഴും മടുപ്പില്ലാതെ ചാട്ടം തുടരുന്ന പൂച്ചയ്ക്ക് അതിനെക്കാൾ രസകരമായ മറ്റൊന്നും ഇല്ലെന്ന് തോന്നിപ്പോകും.

ചെറിയ പക്ഷികളെ വേട്ടയാടിപ്പിടിക്കാൻ പൂച്ചകൾക്ക് പ്രകൃത്യാ കഴിവു

**ആത്മീയമായി നമുക്കു വളരാനുള്ള ഏകമാർഗ്ഗം യേശുക്രിസ്തുവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധം കൂടുതൽ ആഴമുള്ളതായി തീരുക എന്നതാണ്. പ്രശസ്ത ബാസ്ക്കറ്റ്ബോൾ കളിക്കാരനായ മൈക്കിൾ ജോർഡനെ പ്പറ്റിയോ, ക്രിക്കറ്റ് ഇതിഹാസമായ സച്ചിൻ തെൻഡുൽക്കറെപ്പറ്റിയോ വളരെ കാര്യങ്ങൾ നാം ഗ്രഹിച്ചെന്നു വരാം. പക്ഷേ അവരുടെ കുടുംബം അവരെ അറിയുന്നതുപോലെ നാം ഒരിക്കലും അവരെ അറിഞ്ഞില്ലെന്നു വരാം. ഒരു വ്യക്തിയെക്കുറിച്ച് അറിയുന്നതും ഒരു വ്യക്തിയെ അറിയുന്നതും തമ്മിൽ വലിയ അന്തരം ഉണ്ട്.**

ണ്ടെന്ന് ഞാൻ എവിടെയോ വായിച്ചിട്ടുണ്ട്. ഏതു പക്ഷിയെക്കാളും പ്രകാശമാനമായ ലേസർ രശ്മികൾ കാണുമ്പോൾ പൂച്ചകൾക്ക് അടങ്ങിയിരിക്കാൻ കഴിയില്ല. ചിലപ്പോൾ വഴുതിമാറുന്ന ഈ 'ചുവന്ന' ഇര പിടിക്കാൻ ചാടുന്ന പൂച്ചയ്ക്ക് ചാട്ടത്തിൽ വീണ് എല്ലുകൾ ഒടിവുസംഭവിച്ചിട്ടുണ്ട്. ലേസർ രശ്മി പൂച്ചയുടെ ഇരപിടിക്കാനുള്ള മൃഗസഹജവാസനയെ ഉത്തേജിപ്പിച്ചു എന്ന് വളരെ വ്യക്തമാണ്. എന്നാൽ ലേസർ രശ്മിയെ കരഗതമാക്കാനോ സ്പർശിക്കാനോ കഴിയാത്തതിനാൽ പൂച്ചയുടെ ഈ സഹജവാസന ഒരിക്കലും തൃപ്തിപ്പെടുന്നില്ല.

പൂച്ചയോടൊപ്പം ഇപ്രകാരം കളിക്കുന്നത് വളരെ രസകരമായിരുന്നു. യഥാർത്ഥത്തിൽ ഇരപിടിക്കുന്നതിന്റെ തൃപ്തി നൽകാൻ ഒരിക്കലും കഴിയാത്തതിനാൽ ഞങ്ങൾ പൂച്ചയെ കബളിപ്പിക്കയാണെന്നുള്ള ചിന്ത ഇടയ്ക്ക് ഞങ്ങളെ അലോസരപ്പെടുത്തിയിരുന്നു. ഈതരത്തിലുള്ള പെരുമാറ്റം പിന്നീട് ഞാൻ മറ്റുപൂച്ചകളിലും വളർത്തു നായ്ക്കളിലും ശ്രദ്ധിച്ചിട്ടുണ്ട്. പെട്ടെന്ന് തുറന്ന ഒരു വാതിലിലൂടെ അകത്തുകടന്ന പ്രകാശകിരണത്തെ ഇരയാണെന്ന് തെറ്റിദ്ധരിച്ച് ഒരു നായ ആക്രമിക്കാൻ ചാടിയത് ഒരിക്കൽ ശ്രദ്ധിക്കാൻ ഇടയായി.

മൃഗങ്ങളുടെ ഈ വിധത്തിലുള്ള പെരുമാറ്റത്തെ മനുഷ്യരായ നമ്മുടെ പെരുമാറ്റവുമായി ബന്ധിപ്പിച്ച് ചിന്തിക്കാൻ ഇടയായിട്ടുണ്ട്. പൂച്ചകളിൽ ഇത്തരം പെരുമാറ്റം രസകരമായിതോന്നുമെങ്കിലും, തികച്ചും യഥാർത്ഥമെന്നു തോന്നുന്ന മിഥ്യാബോധ്യങ്ങളോടുള്ള ബന്ധത്തിൽ മനുഷ്യരായ നാമും ഇങ്ങനെ പ്രതികരിക്കാറില്ലേ എന്ന ചിന്ത എന്നിൽ ശക്തമായി. പൗലോസ് വെളിച്ചത്തെപ്പറ്റി എഴുതിയ വചനം ഞാൻ ഓർക്കാൻ ഇടയായി. "സാത്താൻ താനും പ്രകാശദൂതന്റെ വേഷം ധരിക്കുന്നു." (2 കൊരി. 11:14) ഈ വചനം പേടിപ്പെടുത്തുന്ന ഒരു സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഒരു പ്രകാശദൂതനെ കണ്ടാൽ നമ്മിൽ ആരാണ് ആകർഷിക്കപ്പെടാതെ പോകുന്നത്? മിക്ക ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഒരു പ്രകാശദൂതന്റെ സന്ദർശനം വലിയ തലക്കെട്ടുള്ള ഒരു വാർത്തയായിരിക്കും. നാം നമ്മുടെ സ്നേഹിതരോടൊക്കെ ആ കാര്യം പറയുകയും സഭയിൽ ആ കാര്യം സാക്ഷിക്കുകയും ചെയ്യും. മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ സഭയിൽ ഉള്ളവർ നമ്മെ കൂടുതൽ ബഹുമാനിക്കാൻ തുടങ്ങുകയും ചെയ്യും!

നമ്മുടെ ചുറ്റുമുള്ള എല്ലാവരും - നാം തന്നെയും-ഒരു ദിവ്യസന്ദർശനം ലഭിച്ചുവെന്ന് കരുതുമ്പോൾ യഥാർത്ഥത്തിൽ നാം പിശാചിനാൽ വഞ്ചിക്കപ്പെടുകയായിരുന്നു! ആടുകളുടെ വേഷം പൂണ്ട് ചെന്നായ്ക്കൾ ആട്ടിൻകൂട്ടത്തെ ആക്രമിക്കുന്നതുപോലെ പിശാചും പ്രകാശദൂതന്റെ വേഷം കെട്ടി ഈ കൗതുകകരമായ





'പ്രകാശവിദ്യ' കൊണ്ട് അനേകരെ ആത്മികമായി വിഴുങ്ങിക്കളയുകയാണ് ചെയ്യുന്നത്. നമ്മെ കബളിപ്പിച്ച് തെറ്റായ പാതയിലൂടെ നയിക്കുന്ന ഈ 'വെളിച്ചം' എന്താണ്? എന്റെ സ്നേഹിതന്റെ പൂച്ചക്കുട്ടിയെ കബളിപ്പിച്ച ആ ലേസർ രശ്മി പോലെ നമ്മെ കബളിപ്പിക്കാനും വഞ്ചിക്കാനും പിശാച് ഉപയോഗിക്കുന്ന 'വെളിച്ചം' നാം തിരിച്ചറിഞ്ഞേ മതിയാകൂ.

വ്യക്തിപരമായ എന്റെ ബോദ്ധ്യം ഇതാണ്: വിജ്ഞാനത്തിനും വൃത്താന്തത്തിനും ഉള്ള മനുഷ്യന്റെ അദമ്യമായ ദാഹത്തെ മുതലെടുത്ത് വ്യാജമായ വെളിച്ചം നൽകി പിശാച് നമ്മെ കബളിപ്പിക്കയാണ്. ചെറുപ്പക്കാരായ നമ്മെ സംബന്ധിച്ചിടത്തോളം ഇന്റർനെറ്റിലൂടെ അളവറ്റ വിവരങ്ങൾ അക്ഷരാർത്ഥത്തിൽ തന്നെ നമ്മുടെ വിരൽത്തുമ്പിലാണ്. വിവരങ്ങൾക്കായുള്ള ഈ ആർത്തി നമ്മുടെ ആത്മീയജീവിതത്തിലേക്കും കടന്നുവരുന്നു. യേശുവിനെയും ക്രിസ്തീയതയെപ്പറ്റിയും അറിയുന്നതു കൂടാതെ ജിജ്ഞാസുക്കൾ മതത്തെക്കുറിച്ച് അറിയാൻ കഴിയുന്നതെല്ലാം കണ്ടെത്താൻ ശ്രമിക്കുന്നു. പുതിയ വേദശാസ്ത്ര നിലപാടുകൾക്കായി നാം പുസ്തകങ്ങൾ വായിക്കുകയും പുതിയ പ്രസംഗങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നു. തിരുവചനത്തിലെ നവംനവങ്ങളായ ' ദർശനങ്ങൾ' ക്കായി നാം ശ്രദ്ധയോടെ ഉറ്റുനോക്കുന്നു. ഇതൊക്കെ നമ്മുടെ മനസ്സിനെ തൃപ്തിപ്പെടുത്താനും ചിന്തയെ ഉദ്ദീപിക്കാനും നല്ലതുതന്നെ. പക്ഷേ ഒരു കാര്യത്തിൽ നാം തികച്ചും വ്യക്തത ഉള്ളവരായിരിക്കണം: 'ഇതൊന്നുമല്ല നമ്മുടെ ആത്മീക ആഹാരം."

'ഇര' ആണെന്ന് തെറ്റിദ്ധരിച്ച ലേസർ രശ്മികൾ തിന്നാൻ പൂച്ച ശ്രമിക്കുന്നില്ല എന്നതിൽ നമുക്ക് ആശ്വസിക്കാം. ലേസർ രശ്മി ഭക്ഷിച്ച് പൂച്ചക്കുട്ടി

**ക്രിസ്തീയത അടിസ്ഥാനപരമായി യേശുവിനെപ്പറ്റിയുള്ള ബുദ്ധിപരമായ അറിവല്ല യേശുവുമായുള്ള വ്യക്തിബന്ധമാണ്. രണ്ടായിരം വർഷങ്ങൾ മുമ്പത്തെപ്പോലെ ഇന്നും തന്നെ അനുഗമിക്കുന്ന പുരുഷാരത്തിൽ നിന്നും ശിഷ്യന്മാരെ വേർതിരിക്കാൻ യേശു ഇതേ അളവുകോലാണ് ഉപയോഗിക്കുന്നത്. ശിഷ്യൻ യേശുവിനെ അറിയുമ്പോൾ പുരുഷാരം യേശുവിനെപ്പറ്റി അറിയുന്നു. നാം ഏതു ഗണത്തിൽ പെടും?**

വളർച്ച പ്രാപിക്കാൻ ശ്രമിച്ചാൽ അത് ലജ്ജാകരമല്ലേ? അവ പട്ടിണികിടന്ന് ചത്തുപോകും. അതുപോലെ കൂടുതൽ അറിയാനുള്ള തൃഷ്ണ-അത് ക്രിസ്തീയമായ അറിവാണെങ്കിൽ പോലും-ആത്മീയമായി നമുക്കു വളരാനുള്ള ഉപാധിയായി നാം തെറ്റിദ്ധരിച്ചുകൂടാ. ആത്മീയമായി നമുക്കു വളരാനുള്ള ഏകമാർഗ്ഗം യേശുക്രിസ്തുവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധം കൂടുതൽ ആഴമുള്ളതായി തീരുക എന്നതാണ്. പ്രശസ്ത ബാസ്ക്കറ്റ്ബോൾ കളിക്കാരനായ മൈക്കിൾ ജോർഡനെപ്പറ്റിയോ, ക്രിക്കറ്റ് ഇതിഹാസമായ സച്ചിൻ തെൻഡുൽക്കറെപ്പറ്റിയോ വളരെ കാര്യങ്ങൾ നാം ഗ്രഹിച്ചെന്നു വരാം. പക്ഷേ അവരുടെ കുടുംബം അവരെ അറിയുന്നതുപോലെ നാം ഒരിക്കലും അവരെ അറിഞ്ഞില്ലെന്നു വരാം. ഒരു വ്യക്തിയെക്കുറിച്ച് അറിയുന്നതും ഒരു വ്യക്തിയെ അറിയുന്നതും തമ്മിൽ വലിയ അന്തരം ഉണ്ട്.

ക്രിസ്തീയത അടിസ്ഥാനപരമായി യേശുവിനെപ്പറ്റിയുള്ള ബുദ്ധിപരമായ അറിവല്ല യേശുവുമായുള്ള വ്യക്തിബ

# THE LAST SHALL BE FIRST

Joseph gave set of garments to all of his brethern, but he gave five sets to Benjamin besider 300 pieces of silver. Why did he do that? Why such inequality? The brothers didn't ask. They were happy with what they had received because it was Joseph who gave it to them, and they knew they were not worthy of the least of his mercies (Gen. 32:10). Why do we ask? Why do we notice? Why are we so foolosh to compare ourselves among ourlselves? (2 Cor.10:12).

Remember the story Jesus told about the laborers who complained that the last were paid as much as they, although they had worked harder in the heat of the day? He said, "Is it not lawful for me to do what I will with mine own? Is thine eye evil, because I am good? So the last shall be first, and the first last: for many be called, but few chosen" (Mat. 20.1-16). Are you one of the chosen who will allow God to do whatever He wants to do without murmuring and complaining?

Dear child of God, the way is long and difficult, and there are many in equalities and injustices. Jesus went through them all. But we are going to see the Father. What else really matters? Helives in the City of Peace, and the way to that City is the Way of Peace. See that you do not fall out with your brethren along the way!

As Joseph sent his brothers to their father, he had one final word for them:"See that ye fall not out by the way" (Gen 45.24).

(Pilgrims Journal)

ന്ധമാണ്. രണ്ടായിരം വർഷങ്ങൾ മുമ്പത്തെപ്പോലെ ഇന്നും തന്നെ അനുഗമിക്കുന്ന പുരുഷാരത്തിൽ നിന്നും ശിഷ്യന്മാരെ വേർതിരിക്കാൻ യേശു ഇതേ അളവുകോലാണ് ഉപയോഗിക്കുന്നത്. ശിഷ്യൻ യേശുവിനെ അറിയുമ്പോൾ പുരുഷാരം യേശുവിനെപ്പറ്റി അറിയുന്നു. നാം ഏതു ഗണത്തിൽ പെടും? എന്റെ പ്രാർത്ഥന ഇതാണ്: നമ്മെ വഞ്ചിക്കുവാൻ പിശാച് തെളിയിക്കുന്ന ചുവന്ന ലേസർ രശ്മികൾ ചാടിപ്പിടിക്കാനായി സമയം പാഴാക്കാതെ നമ്മുടെ ക്രിസ്തീയനടത്തം അത്യന്തം ശ്രദ്ധയോടെ ആയിരിക്കട്ടെ. തുടർമാനമായി യേശുവിനോടൊപ്പം അടുത്ത ബന്ധത്തിൽ കഴിയാൻ നാം വാഞ്ഛിച്ചിരുന്നെങ്കിൽ! അപ്പോൾ നാം കൂടുതൽ സമയം യേശുവിനോടൊപ്പം ചെലവഴിക്കയും തന്നെ കൂടുതൽ അറിയുകയും ചെയ്യും.

■





# കഷ്ടതയിലും പാടിയ ആനി ജോൺസൺ ഫ്ളിന്റ്

മാത്യു ജോർജ്

**ആ**നി ജോൺസൺ ഫ്ളിന്റെ ജനനം 1866 ലെ ക്രിസ്തുമസ് ദിനത്തിന്റെ തലേനാളിലായിരുന്നു. അമേരിക്കയിലെ ന്യൂജെഴ്സി സംസ്ഥാനത്തെ വൈൻലാന്റ് എന്ന ചെറുപട്ടണമാണ് ജന്മസ്ഥലം. മാതാപിതാക്കളായ ജീൻ ജോൺസനും, എൽസൺ ജോൺ സനും അമൂല്യമായ ഒരു ക്രിസ്തുമസ് സമ്മാനമായിട്ടാണ് ആ പെൺപൈതലിനെ വരവേറ്റത്.

ജനിച്ച് കേവലം മൂന്ന് വർഷം ആകുംമുമ്പേ ആനിക്ക് സ്വന്തം മാതാവിനെ മരണത്തിലൂടെ നഷ്ടമായി. 23 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ജീൻ ജോൺസൺ എന്ന ആ യുവമാതാവ് ആനിയുടെ ഇളയസഹോദരിക്ക് ജന്മം നൽകി വൈകാതെ ലോകത്തോട് യാത്രപറയുകയായിരുന്നു. അമ്മയെപ്പറ്റി നേരിയ ഓർമ്മകൾ മാത്രം കൈമുതലായുണ്ടായിരുന്ന ആനിക്ക് ആജീവനാന്തകൂട്ടുകാരിയായി അനുജത്തിയെ സമ്മാനിച്ചിട്ടാണ് ആ അമ്മ കടന്നുപോയത്. നിസ്സഹായനായ എൽസൺ യുദ്ധത്തിൽ കൊല്ലപ്പെട്ട ഒരു സ്നേഹിതന്റെ വിധവയുടെ സംരക്ഷണയിൽ തന്റെ പിഞ്ചുകുഞ്ഞുങ്ങളെ കുറേക്കാലത്തേക്ക് ഏല്പ്പിക്കുവാൻ നിർബന്ധിതനായി. സ്വന്തമായി രണ്ടു കുഞ്ഞുങ്ങൾ ഉണ്ടായിരുന്ന ആ സാധുസ്ത്രീക്ക് രണ്ടുവർഷത്തിലധികം ആനിയെയും സഹോദരിയേയും വളർത്താൻ കഴിഞ്ഞില്ല. ദൈവഗത്യാ സൂസി എന്ന പേരുള്ള ഒരു നല്ല അയൽക്കാരിയുടെ ഇടപെടൽ ഈ പെൺകുട്ടികൾക്ക് ഒരു പുതിയ ഭവനം തുറക്കപ്പെടാൻ മുഖാന്തിരമായി. സ്കൂൾ അദ്ധ്യാപികയായിരുന്ന സൂസി, ഫ്ളിന്റ് ദമ്പതിമാരുടെ ഭവനത്തിലാണ് അതിഥിയായി താമസിച്ചിരുന്നത്. മാതാവിനെ ശൈശവത്തിൽ തന്നെ നഷ്ടപ്പെട്ട ആനിയുടെയും കുഞ്ഞനുജത്തിയുടെയും കദനകഥ സൂസിയിൽ നിന്നും ഗ്രഹിച്ച ഫ്ളിന്റ് ദമ്പതിമാർ ഈ കുഞ്ഞുങ്ങളെ ദത്തെടുക്കാൻ തയ്യാറായി. പിതാവായ ജോൺസൺ ചികിത്സയില്ലാത്ത ഒരു രോഗത്താൽ മരണാസന്നനായിരുന്നതിനാലും തന്റെ കുഞ്ഞുങ്ങൾക്ക് മനസ്സിനിണങ്ങിയ ഒരു ഭവനം ലഭ്യമായതിനാലും വേദനയോടെ കുഞ്ഞുങ്ങളോട് യാത്രപറയാൻ തയ്യാറാകുകയായിരുന്നു. ഫ്ളിന്റ് ദമ്പതിമാർ ബാപ്റ്റിസ്റ്റ്സഭാംഗങ്ങൾ ആയിരുന്നതിനാൽ ആ വിശ്വാസത്തിൽ കുട്ടികൾ വളരണം എന്ന് അവർ വളരെ ആഗ്രഹിച്ചു. എന്നാൽ പിൽക്കാലത്ത് ആനി വീണ്ടുംജനനാനുഭവം പ്രാപിച്ചത് മെഥോഡിസ്റ്റ് സഭയുടെ ഒരു ഉണർവ്വുയോഗത്തിൽ വച്ചായിരുന്നു! യേശുവിനെ രക്ഷകനായി അറിഞ്ഞശേഷം ഏതെങ്കിലും ഒരു സഭയുടെ വേലിക്കുള്ളിൽ ഒതുങ്ങിക്കൂടാതെ 'ദൈവത്തിന്റെ ഭവനക്കാരായ' എല്ലാവരോടും കൂട്ടായ്മയും സ്നേഹബ

ന്ധവും നിലനിർത്തുവാൻ അവർ വളരെ ഉത്സാഹിച്ചു.

ആനിക്ക് എട്ടുവയസ്സ് പ്രായമായപ്പോൾ അവളെ ദത്തെടുത്ത കുടുംബം ഗ്രാമത്തിൽ നിന്നും അവൾ ജനിച്ച ചെറുപട്ടണമായ വൈൻലാന്റിലേക്ക് താമസം മാറി. എന്നാൽ ഗ്രാമീണജീവിതത്തിന്റെ സ്പർശം ഒരിക്കലും പിൽക്കാലത്ത് ആനി ഫ്ളിന്റിനെ വിട്ടുപോയില്ല. പുതിയ താമസസ്ഥലത്തുവച്ചാണ് മെഥോഡിസ്റ്റുകാരുടെ ഉണർവ്വുയോഗങ്ങൾക്ക് സംബന്ധിക്കാനും രക്ഷാനിർണ്ണയം പ്രാപിക്കാനും ഇടയായത്. സഭാംഗത്വം സ്വീകരിച്ചത് പത്തുവർഷം കഴിഞ്ഞാണെങ്കിലും യഥാർത്ഥത്തിലുള്ള വീണ്ടുംജനനം എട്ടാംവയസ്സിലാണ് നടന്നത്. മുതിർന്നവരെക്കാൾ ദൈവികസത്യങ്ങൾ ശിശുക്കൾക്കാണ് വെളിപ്പെടുന്നത് എന്ന് ആനിക്ക് അനുഭവത്തിൽ നിന്നും വ്യക്തമായിരുന്നു.

ബാല്യകാലത്തെ ഈ ആത്മികാനുഭവത്തിന്റെ നാളുകളിലാണ് കവിതാരചനയിലുള്ള ആനിയുടെ താത്പര്യം ഉണർന്നത്. പതിനാലുവയസ്സായപ്പോൾ അനുജത്തിയോടൊപ്പം ന്യൂജെഴ്സിയിലെ ക്യൂഡെൻ എന്ന സ്ഥലത്തേക്ക് ആ കുടുംബം വീണ്ടും താമസം മാറ്റുകയും അവിടെ അവരുടെ സ്കൂൾ വിദ്യാഭ്യാസം തുടരുകയും ചെയ്തു. വായന ആനിക്ക് ഹരമായിരുന്നു. വളർത്തച്ഛന്റെ പുസ്തകശേഖരത്തിലുള്ള വിഖ്യാതരായ എഴുത്തുകാരുടെ കഥകളും കവിതകളും ഒക്കെ അവൾ ആർത്തിയോടെ വായിച്ചുതീർത്തു. ആ കാലത്ത് സഹപാഠിയായ ഒരു ഉത്തമ സുഹൃത്തുമൊത്ത് വായനയിലും കവിതാരചനയിലും ആനി ഏറെ സമയം ചെലവഴിച്ചു. ഫ്ളിന്റ് ദമ്പതിമാർ ഉന്നതമായ സന്മാർഗ്ഗനിഷ്ഠയുള്ളവരായിരുന്നു. ഈ രണ്ടുപെൺകുട്ടികളെയും സ്വാശ്രയശീലമുള്ളവരും മിതവ്യയശീലമുള്ളവരും ആക്കിതീർക്കുന്നതിൽ

**ജന്മസിദ്ധമായോ, ക്രിസ്തീയ പരിശീലനത്താലോ എന്നറിയില്ല, ആനി മിക്കപ്പോഴും ഉത്സാഹഭരിതയും ശുഭാപ്തിവിശ്വാസമുള്ളവളും ആയികാണപ്പെട്ടു. ജീവിതത്തിന്റെ പ്രകാശമാനമായ വശം കാണാൻ എപ്പോഴും ഉത്സാഹിച്ചിരുന്ന അവൾ തമാശകൾ ഇഷ്ടപ്പെട്ടിരുന്നു. പിൽക്കാലത്ത് നേരിടേണ്ടിവന്ന കഠിനമായ ശോധനകളിൽ 'ക്രിസ്തുയേശുവിന്റെ ഒരു നല്ല പടയാളി' ആയിരിക്കാൻ അവൾ പഠിക്കുകയായിരുന്നു.**

അവർ വിജയിച്ചു. "ആർക്കും ഒന്നും കടമ്പെട്ടിരിക്കരുത്" എന്നത് ആ ഭവനത്തിലെ ആപ്തവാക്യമായിരുന്നു. ഭക്ഷണത്തിനും നല്ല വസ്ത്രങ്ങൾക്കും യാതൊരു കുറവും ആ ഭവനത്തിൽ ഇല്ലായിരുന്നു. ഏതു രീതിയിൽ ഉള്ള പാഴ്ചെലവും അനുവദിച്ചിരുന്നില്ലതാനും. 'ശേഷിച്ച അപ്പക്കഷണങ്ങൾ പെറുക്കിയെടുക്കുക' എന്നത് അലിഖിതനിയമമായിരുന്നു! തനിക്കും അമ്മയ്ക്കും വേണ്ട സാധാരണ വസ്ത്രങ്ങൾ തുന്നുന്നത് ആനിയായിരുന്നു. ആവശ്യമെങ്കിൽ ഒരു കുടുംബം ഭരിക്കാനുള്ള പ്രാപ്തിയും അവൾക്ക് ഇതിനകം കൈവന്നിരുന്നു.

ജന്മസിദ്ധമായോ, ക്രിസ്തീയപരിശീലനത്താലോ എന്നറിയില്ല, ആനി മിക്കപ്പോഴും ഉത്സാഹഭരിതയും ശുഭാപ്തിവിശ്വാസമുള്ളവളും ആയികാണപ്പെട്ടു. ജീവിതത്തിന്റെ പ്രകാശമാനമായ വശം കാണാൻ എപ്പോഴും ഉത്സാഹിച്ചിരുന്ന അവൾ തമാശകൾ ഇഷ്ടപ്പെട്ടിരുന്നു. പിൽക്കാലത്ത് നേരിടേണ്ടിവന്ന കഠിനമായ ശോധനകളിൽ 'ക്രിസ്തുയേശുവിന്റെ ഒരു നല്ല പടയാളി' ആയിരിക്കാൻ അവൾ പഠിക്കുകയായിരുന്നു. ഔദാര്യമാനസയായി





രുന്ന ആനി 'വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമം' എന്ന് ഹൃദയപൂർവ്വം വിശ്വസിച്ചിരുന്നു. യാതൊരു ന്യൂനതകളും ഇല്ലാത്ത വ്യക്തിയായിരുന്നില്ല ആനി. കുട്ടിക്കാലം മുതലേ ക്ഷിപ്രകോപിയായിരുന്ന അവളെ ജീവിതകാലം മുഴുവൻ ഈ സ്വഭാവം അലട്ടിക്കൊണ്ടിരുന്നു എന്നതാണ് സത്യം. എന്നാൽ ദൈവകൃപയാൽ കോപത്തെയും ജയിക്കാൻ കഴിയും എന്ന് ആനി ഫ്ളിന്റ് അനുഭവത്താൽ പഠിച്ചു. അതീവസ്പർശ്യതയുള്ള ഒരു ഹൃദയത്തിന്റെ ഉടമായിരുന്നതിനാൽ മറ്റുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുമ്പോൾ തന്നെ അവരുടെ കുറ്റങ്ങളും വേഗത്തിൽ ശ്രദ്ധിക്കുമായിരുന്നു. ചെയ്യാത്ത ഒരു കുറ്റത്തിന് തെറ്റായി ശിക്ഷിക്കപ്പെടുമ്പോൾ കുറേ ദിവസങ്ങളിലേക്ക് ആരോടും സംസാരിക്കാതെ ഉൾവലിയുന്ന സ്വഭാവം ഉണ്ടായിരുന്നു. അക്ഷമയായിരന്നു തന്റെ ഏറ്റവും വലിയ കുറവ് എന്ന് ആനി തന്നെ സാക്ഷിക്കുന്നു. തന്നോടും മറ്റുള്ളവരോടും അക്ഷമ പ്രകടിപ്പിച്ചിരുന്ന അവൾക്ക് കാത്തിരിക്കാനുള്ള മനോഭാവം മിക്കപ്പോഴും ഇല്ലായിരുന്നു. എന്തിനും ഉടനടി ഫലം കാണാൻ ആഗ്രഹിച്ച ആനി ഒരു കാര്യം തുടങ്ങിയാൽ അത് പൂർത്തിയാക്കാതെ വിശ്രമിക്കില്ലായിരുന്നു. ജീവിതത്തിൽ പഠിക്കേണ്ടിവന്ന ഏറ്റവും കഠിനമായ പാഠം സഹിഷ്ണുതയുടെ പാഠമായിരുന്നു. 'വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങൾ അവകാശമാക്കുന്നത്' എങ്ങനെയെന്ന് ആനി ഫ്ളിന്റ് പഠിക്കുക തന്നെ ചെയ്തു!

ഹൈസ്കൂൾ പഠനം കഴിഞ്ഞ് ഒരു വർഷം ഉപരിപഠനം നടത്തിയപ്പോൾ ഒരു ജോലിയുടെ വാഗ്ദാനം ലഭിച്ചെങ്കിലും അമ്മയുടെ അനാരോഗ്യം മൂലം വീട്ടിൽ ആയിരിക്കേണ്ടത് ആവശ്യമാണെന്ന് ഗ്രഹിച്ച ആനി പഠിച്ച സ്കൂളിൽതന്നെ പ്രൈമറി ക്ലാസ്സുക



**സ്നേഹഗീതത്തിന്റെ സ്വരമാധുരി:**
***ആനി ജോൺസൺ ഫ്ളിന്റ്***

ളിൽ അദ്ധ്യാപികയാകുകയാണ് ചെയ്തത്. ഒരു വർഷത്തിനുള്ളിൽ രക്തവാതത്തിന്റെ ലക്ഷണങ്ങൾ ആനിയെ അലട്ടാൻ തുടങ്ങി. പല ഡോക്ടർമാർ മാറിമാറി ചികിത്സിച്ചെങ്കിലും അവളുടെ ആരോഗ്യം കൂടുതൽ മോശമാകുകയും നടക്കാൻ തന്നെ പ്രയാസമാകുകയും ചെയ്തു. സ്കൂൾ അധികാരികളുമായി മൂന്നു വർഷം പഠിപ്പിക്കാനുള്ള കരാർ ഉണ്ടായിരുന്നത് ഒരു വിധം പൂർത്തിയാക്കിയ ആനി തുടർന്നുള്ള മൂന്നു വർഷം തികഞ്ഞ നിസ്സഹായതയിലേക്ക് പ്രവേശിച്ചു. വളർത്തച്ഛന്റെയും അമ്മയുടെയും പെട്ടെന്നുള്ള നിര്യാണം വീണ്ടും ഈ സഹോദരിമാരെ അനാഥരാക്കി. ബാങ്കിൽ പണം ഒന്നും ബാക്കിയില്ലാതെ രണ്ടുപ്രാവശ്യം അനാഥത്വം അനുഭവിക്കേണ്ടിവന്ന ഈ കുട്ടികൾ 'ചെങ്കടലിന്റെ കരയിലെത്തിയ' യിസ്രായേൽ മക്കളുടെ അവസ്ഥയിലായി. ആരോഗ്യം വീണ്ടെടുക്കാനായി നല്ല ശമര്യാക്കാരിയായ സൂസി ആന്റി, ആനിയെ ഒരു സാനിറ്റോറിയത്തിലേക്ക് അയയ്ക്കാൻ

**ക്രിസ്തീയപ്രസിദ്ധീകരണങ്ങൾ ആനിയുടെ കവിതകൾ അച്ചടിക്കാൻ തയ്യാറായതിനാൽ അനേകം സ്ഥലങ്ങളിൽ ആനിക്ക് കൂട്ടായ്മബന്ധം ഉണ്ടായി. കവിതകൾ വായിച്ച് അഭിനന്ദനക്കത്തെഴുതിയവർക്കൊക്കെ വടിവൊത്ത കൈയക്ഷരത്തിൽ മറുപടി എഴുതാൻ ആനിക്ക് എങ്ങനെ കഴിഞ്ഞു എന്നത് ഇന്നും ഒരത്ഭുതമാണ്. വേദനയുടെ കിടക്കയിൽ നിന്ന് എഴുതിയ ആ കത്തുകൾ ഉന്മേഷം പകരുന്നവയും അവരുടെ കവിതകളെപ്പോലെ തന്നെ സമ്പന്നവുമായിരുന്നു.**

ഏർപ്പാടു ചെയ്തു. ആനി താമസിച്ചിരുന്ന ഫ്ലിന്റ് ദമ്പതിമാരുടെ വീട് വാടകയ്ക്കുകൊടുക്കുകയും ആ വാടക ആനിക്കും സഹോദരിക്കും ഒരു സഹായകമാകുകയും ചെയ്തു. എന്നാൽ സാനിറ്റോറിയത്തിലെ ഡോക്ടർമാർക്കും ആനിയെ സഹായിക്കാൻ കഴിഞ്ഞില്ല. അനുജത്തിയുടെ ആരോഗ്യവും മോശമായിരുന്നു. ഇനിയുള്ളകാലം പരസഹായത്താൽ മാത്രമേ ജീവിക്കാൻ കഴിയൂ എന്ന സത്യം അവരെ വല്ലാതെ ഉലച്ചുകളഞ്ഞു.

ആ കാലത്ത് മറ്റുള്ളവരുടെ വേദനയും കഷ്ടപ്പാടും ആനിയുടെ ഹൃദയത്തിൽ കവിതയ്ക്കു ജന്മം നൽകാൻ തുടങ്ങി. രക്തവാതം കൊണ്ട് നീരുവച്ച് ചുരുണ്ടുപോയ വിരലുകൾക്കിടയിൽ പേനപിടിച്ച് അവൾ എഴുതാൻ തുടങ്ങി. ദീർഘമായ വേദനയുടെ മണിക്കൂറുകളിൽ അവൾക്ക് ഇത്തിരി ആശ്വാസം പകർന്നത് ഈ കവിതകളായിരുന്നു. ആശംസാകാർഡുകൾ കൈകൊണ്ട് ഉണ്ടാക്കാനും അലങ്കാരപണികൾക്കും ഒക്കെ അവൾ സമയം കണ്ടെത്തി. ആനിയുടെ ക്രിസ്തുമസ്കാരൾ ഗാനങ്ങൾ പ്രസിദ്ധമായി. രണ്ട് ക്രിസ്തീയപ്രസിദ്ധീകരണങ്ങൾ ആനിയുടെ കവിതകൾ അച്ചടിക്കാൻ തയ്യാറായതിനാൽ അനേകം സ്ഥലങ്ങളിൽ ആനിക്ക് കൂട്ടായ്മബന്ധം ഉണ്ടായി. കവിതകൾ വായിച്ച് അഭിനന്ദനക്കത്തെഴുതിയവർക്കൊക്കെ വടിവൊത്ത കൈയക്ഷരത്തിൽ മറുപടി എഴുതാൻ ആനിക്ക് എങ്ങനെ കഴിഞ്ഞു എന്നത് ഇന്നും ഒരത്ഭുതമാണ്. വേദനയുടെ കിടക്കയിൽ നിന്ന് എഴുതിയ ആ കത്തുകൾ ഉന്മേഷം പകരുന്നവയും അവരുടെ കവിതകളെപ്പോലെ തന്നെ സമ്പന്നവുമായിരുന്നു. കവിതകളിലും കത്തുകളിലും പലപ്പോഴും നർമ്മബോധം തുളുമ്പിനിന്നിരുന്നു. കൈവിരലുകൾ നന്നേ ശുഷ്ക്കിച്ചപ്പോൾ സ്നേഹിതരെക്കൊണ്ട് പറഞ്ഞുകൊടുത്ത് എഴുതിക്കേണ്ടി വന്നത് ആനിക്ക് വളരെ സങ്കടകരമായ കാര്യമായിരുന്നു.

തന്റെ ആവശ്യങ്ങൾ ദൈവം ഏതുവിധം നിറവേറ്റണം എന്ന് ദൈവത്തോട് ആജ്ഞാപിക്കാൻ അവകാശം ഇല്ല എന്ന പാഠം ആനിക്ക് പഠിക്കേണ്ടി വന്നു. സ്വാശ്രയശീലം ചെറുപ്പത്തിലെ അഭ്യസിച്ച അവർക്ക് ആരിൽ നിന്നും ഔദാര്യം സ്വീകരിക്കാൻ വിമുഖതയായിരുന്നു. മറ്റുള്ളവരെ സഹായിക്കാനല്ലാതെ സഹായം സ്വീകരിക്കാൻ അവർ തയ്യാറായിരുന്നില്ല. ഒരിക്കൽ ഒരു സുഹൃത്ത് യാത്രപറയുമ്പോൾ ആനിയുടെ കൈവിരലുകൾക്കിടയിൽ തിരുകിയ പണം അഭിമാനിയായ അവരെ ചൊടിപ്പിച്ചു. അവരുടെ ഭാവഭേദം ശ്രദ്ധിച്ച സ്നേഹിത ചോദിച്ചു: "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് അനുഗ്രഹം എന്നു കർത്താവു പറഞ്ഞത് സത്യമാണ്. പക്ഷേ വാങ്ങുന്ന ആരും ഇല്ലെങ്കിൽ കൊടുക്കുന്നവർക്ക് അനുഗ്രഹം എങ്ങനെ കിട്ടും?" കൊടുക്കാൻ സന്മനസ്സുള്ളവർക്ക് ലഭിക്കേണ്ട അനുഗ്രഹം തടയാൻ തനിക്ക് അവകാശം ഇല്ലെന്ന് മനസ്സിലാക്കിയ ആനി





ആ ദാനം സ്വീകരിച്ചു. ആനി ഫ്ലിന്റിന്റെ ജീവിതം കഷ്ടിച്ച് "കൈയിൽ നിന്നും വായിലേക്ക്" എന്ന മട്ടിലായിരുന്നെങ്കിലും, വായ് തന്റേതും കൈകൾ ദൈവത്തിന്റേതുമാണെന്ന് അവർ കൂടെക്കൂടെ പറയുമായിരുന്നു.

ജീവിതത്തിൽ അനുഭവിച്ച കഷ്ടങ്ങളും വേദനകളും മാത്രമല്ല മറ്റുള്ളവരുടെ കദനകഥകളും ആനി ഫ്ലിന്റിന്റെ അനുഗൃഹീതതൂലികയിൽ നിന്നും മാധുര്യമേറിയഗീതങ്ങൾ ഉടലെടുക്കാൻ മുഖാന്തിരമായി. "ദൈവം വാഗ്ദത്തം ചെയ്തത്" എന്ന തലക്കെട്ടുള്ള ഗീതം ഒരു ക്രിസ്തീയശുശ്രൂഷകന്റെ ഭാര്യ ഹൃദയവേദനം പങ്കിട്ടതിനുശേഷം എഴുതിയതാണ്. അതുപോലെ ശക്തമായ, മധുരമായ മറ്റൊരു ഗീതം ആനി രചിച്ചിട്ടില്ല.

ശാരീരികസൗഖ്യം ന്യായമായും ലഭിക്കേണ്ട ഒരു വ്യക്തിയാണ് ആനി എന്ന് ഒരു കൂട്ടം അഭ്യുദയകാംക്ഷികൾ വിശ്വസിക്കയും സൗഖ്യം അവകാശപ്പെടാനായി അവരുടെ മേൽ മാനസികസമ്മർദ്ദം ഇടുകയും ചെയ്തപ്പോൾ ഹൃദയഭാരത്തോടും ആത്മാർത്ഥതയോടും കൂടെ തിരുവചനത്തിൽ അത്ഭുതരോഗസൗഖ്യത്തെപ്പറ്റി പറയുന്നതെന്തെന്ന് അവർ ആരാഞ്ഞു. ദൈവഭക്തരായ പലരുടേയും എഴുത്തുകൾ വായിച്ചു. ഒടുവിൽ ആനി ഫ്ലിന്റ് ഇപ്രകാരം ഒരു ബോദ്ധ്യത്തിലെത്തി: "അത്ഭുതരോഗസൗഖ്യം നൽകാൻ ദൈവം പൂർണ്ണമായും പ്രാപ്തനാണ്. അവിടുന്ന് ചിലപ്പോൾ അപ്രകാരം ചെയ്യുന്നു. എന്നാൽ എല്ലാവരുടേയും കാര്യത്തിൽ ദൈവം സൗഖ്യം നൽകുന്നില്ല. ജയാളികളായ നിരവധി ഭക്തരെ സൗഖ്യമാകാത്ത അവസ്ഥയിൽ തുടരാൻ ദൈവം അനുവദിക്കുന്നു." ഈ വിഷയത്തെപ്പറ്റി വാചാലമായി സംസാരിക്കുന്ന ചിലർ രോഗസൗഖ്യം ലഭിക്കാത്തവരായി അവരുടെ സിദ്ധാന്തം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നത് അവർ ശ്രദ്ധിച്ചു. പൗലൂസിനെപ്പോലെ മൂന്നുവട്ടമോ അതിലധികമോ ജഡത്തിലെ മുള്ള് നീങ്ങിപ്പോകാൻ പ്രാർത്ഥിച്ചെങ്കിലും "എന്റെ കൃപനിനക്കുമതി" എന്നു പറഞ്ഞ കർത്താവ് തന്റെ ബലഹീനമായ മൺപാത്രത്തിലൂടെ അവിടുത്തെ നാമം മഹത്വപ്പെടുത്താൻ ആഗ്രഹിക്കുന്നു എന്ന് അവർക്ക് വ്യക്തമായി.

ആനി ജോൺസൺ ഫ്ലിന്റിന്റെ ഒടുവിലത്തെ വർഷങ്ങൾ വേദനയ്ക്ക് അല്പംപോലും ശമനം വരാതെ ദുരിതപൂർണ്ണമായിരുന്നു. രക്തവാതം ആകെ തളർത്തിയ ആ ശരീരത്തിലും സ്വയസഹതാപത്തിൽ കഴിയേണ്ട നിരാലംബയാണ് താനെന്ന് അവർ ഒരിക്കലും കരുതിയില്ല. തന്നെ ശയ്യാവലംബിയാക്കിയ കർത്താവിന് തനിക്ക് വ്യക്തമല്ലെങ്കിലും മതിയായ കാരണം ഉണ്ടെന്നറിഞ്ഞ ആനി തന്റെ മുഴുവൻ മനസ്സും വച്ച് കവിതാരചനയിൽ മുഴുകുകയും ഈ ശുശ്രൂഷ കർത്താവിനായി സമർപ്പിക്കയും ചെയ്തു. കഷ്ടതയുടെ തീച്ചൂളയിൽ ദൈവത്തിൽ നിന്നു ലഭിച്ച ആശ്വാസം കഷ്ടപ്പെടുന്ന മറ്റനേകംപേർക്ക് പകർന്നു കൊടുത്ത അവരുടെ കവിതകൾ അസാധാരണമാംവിധം മനുഷ്യഹൃദയങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

രോഗം മൂർച്ഛിച്ചപ്പോൾ പലപ്പോഴും അവർ തളർന്നുപോയെങ്കിലും ദൈവത്തിന്റെ നന്മയിലും കരുണയിലുമുള്ള വിശ്വാസം ഒട്ടും കുറഞ്ഞുപോയില്ല. നാൽപ്പതു വർഷങ്ങളിലധികം അവർ വേദന അനുഭവിക്കാഞ്ഞ ഒരു ദിവസംപോലും ഇല്ലായിരുന്നു എന്നതാണ് സത്യം. സന്ധികൾ വലിഞ്ഞുമുറുകി കഠിനവേദയിൽ ചില വരികൾ കടലാസിൽ കുത്തിക്കുറിക്കുവാൻ മാത്രം കഴിഞ്ഞിരുന്ന ആനി എഴുതിയ ഏറ്റവും ഹൃസ്വമായ വരികൾക്ക് പ്രേരണ ഈ വചനമായിരുന്നു:"ദൈവത്തിന്റെ വാഗ്ദാനങ്ങൾ

**തന്നെ ശയ്യാവലംബിയാക്കിയ കർത്താവിന് തനിക്ക് വ്യക്തമല്ലെങ്കിലും മതിയായ കാരണം ഉണ്ടെന്നറിഞ്ഞ ആനി തന്റെ മുഴുവൻ മനസ്സും വച്ച് കവിതാരചനയിൽ മുഴുകുകയും ഈ ശുശ്രൂഷ കർത്താവിനായി സമർപ്പിക്കയും ചെയ്തു. കഷ്ടതയുടെ തീച്ചൂളയിൽ ദൈവത്തിൽ നിന്നു ലഭിച്ച ആശ്വാസം കഷ്ടപ്പെടുന്ന മറ്റനേകംപേർക്ക് പകർന്നു കൊടുത്ത അവരുടെ കവിതകൾ അസാധാരണമാംവിധം മനുഷ്യഹൃദയങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.**

എത്ര ഉണ്ടെങ്കിലും അവയെല്ലാം ക്രിസ്തുയേശുവിൽ ഉവ്വ് എന്നാകുന്നു; അവൻ മുഖാന്തരം നമ്മിൽ ആമേൻ എന്നുമത്രേ"

നിര്യാണത്തിന് ചില ദിവസം മുമ്പ് ആനിയുടെ ഭൂരിഭാഗം കവിതകളുടെയും പ്രസാധകർ ആയിരുന്ന ശ്രീമതി ബിങ്കാം, ശ്രീമാൻ സ്റ്റേോക്ക് എന്നിവർ ഒരുമണിക്കൂറോളം രോഗശയ്യയിൽ അവരെ സന്ദർശിച്ച് മാധുര്യമേറിയ കൂട്ടായ്മ അനുഭവിച്ചു. പെട്ടെന്ന് അന്ത്യം ഉണ്ടാകുമെന്ന് അന്ന് അവർ അശേഷം കരുതിയില്ല. എന്നാൽ ഒരാഴ്ചയ്ക്കുള്ളിൽ 1932 സെപ്റ്റംബർ എട്ടാം തീയതി പെട്ടെന്ന് ക്ഷീണം വർദ്ധിക്കുകയും ഡോക്ടറെ വിളിപ്പിക്കയും ചെയ്തു. അവസാനമായി എന്തെങ്കിലും പറയാനുണ്ടോ എന്ന ഡോക്ടറുടെ ചോദ്യത്തിന്, 'എനിക്കൊന്നും പറയാനില്ല. എല്ലാം നന്നായിരിക്കുന്നു" എന്നായിരുന്നു മറുപടി. ചില മിനിറ്റുകൾക്കുള്ളിൽ വേദനയും, ദുഃഖവും ഇല്ലാത്ത, മരണമില്ലാത്ത ഒരിടത്തേക്ക്, ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിലേക്ക്, ഈ ദൈവമകൾ മാറ്റപ്പെട്ടു.

ആനി ജോൺസൻ ഫ്ളിന്റിന്റെ ജീവിതത്തെപ്പറ്റി ചിന്തിക്കുമ്പോൾ മനുഷ്യരാശിയോളം പഴക്കമുള്ള ആ ചോദ്യങ്ങൾ നമ്മെ ബുദ്ധിമുട്ടിക്കുന്നു എന്നു തോന്നാം. വേദനയുടേയും സഹനത്തിന്റെയും കടംകഥകൾ! ദുഷ്ടന്മാർ അവരുടെ തിന്മകൾക്കു പ്രതിഫലമായി കഷ്ടം അനുഭവിക്കുന്നത് നീതിയുക്തം എന്ന് ആരും സമ്മതിക്കും. പക്ഷേ നീതിമാന്മാർ അഗ്നി ചൂളയിലൂടെ-ചിലപ്പോൾ ഏഴു മടങ്ങ് ചൂട് കൂടിയത്- കടന്നുപോകേണ്ടിവരുന്നത് പലർക്കും ഒരു തടങ്ങൽപാറയാണ്. ഒരു കാര്യം നിശ്ചയമാണ്. പ്രപഞ്ചസ്രഷ്ടാവായ കുശവന്, കളിമണ്ണ് സ്വന്തം വിരലുകൾക്കൊണ്ട് രൂപപ്പെടുത്തുമ്പോൾ, ഒരിക്കലും തെറ്റുപറ്റുകയില്ല. അവിടുന്ന് രൂപപ്പെടുത്തുന്ന പാത്രം ഏതുതന്നെയാണെങ്കിലും ഉടമസ്ഥന് പ്രയോജനമുള്ളതും നല്ല വേലയ്ക്ക് ഒരുങ്ങിയിരിക്കുന്നതുമായ മാനപാത്രം മാത്രമായിരിക്കും!!

ആനി ജോൺസൺ ഫ്ളിന്റ് രചിച്ച രണ്ട് ഗാനങ്ങൾ ചുവടെ ചേർക്കുന്നു:-

### അധികം കൃപ നൽകുന്നോൻ

ഭാരങ്ങൾ ഏറുമ്പോൾ അധികം കൃപനൽകുന്നോൻ
അദ്ധ്വാനമേറുമ്പോൾ പുതുശക്തി പകരുന്നോൻ
കഷ്ടത പെരുകുമ്പോൾ കരുണയും പെരുകുന്നു
ശോധനാവേളയിൽ സ്വാന്തനമേകുന്നോൻ
സഹിഷ്ണുത തൻ കലവറ ശൂന്യമായീടുമ്പോൾ
ദിനംപാതികഴിയും മുൻ ശക്തി തീർന്നീടുമ്പോൾ
സംഭരിച്ചുവച്ച വിഭവങ്ങൾ തീരുമ്പോൾ
സ്വർഗ്ഗതാതന്റെ നൽകൽ തുടങ്ങീ

**(ശേഷം പേജ് 30 ൽ)**



ചിന്തയ്ക്ക്

# എന്റെ ഏറ്റവും വലിയഭയങ്ങൾ......

**ഞാൻ** പ്രായമാകുന്തോറും സമയം വേഗത്തിൽ പറക്കുന്നതായി തോന്നുന്നു. മാത്രമല്ല പ്രായമാകുന്തോറും 'എന്റെ അന്ത്യം നല്ല നിലയിൽ ആകണമേ' എന്നു ഞാൻ ദൈവസന്നിധിയിൽ കൂടുതൽ പ്രാർത്ഥിക്കുന്നു.

സഭാചരിത്രത്തിൽ എത്രയോ വലിയ നേതാക്കന്മാർ നല്ല നിലയിൽ അവസാനിച്ചില്ലെന്നത് എന്നെ അമ്പരിപ്പിച്ചിട്ടുണ്ട്. പ്യൂരിട്ടൻ വിഭാഗത്തിലെ എന്റെ വീരനായകന്മാരായിരുന്ന ചിലർ തന്നെ അവരുടെ രക്ഷയെക്കുറിച്ച് ഉറപ്പില്ലാതെ ശവക്കുഴിയിലേക്കു പോയിട്ടുണ്ട്. ഇന്നും പലരും ആ നിലയിലാണ്. പല കാരണങ്ങളാൽ. ഇതെല്ലാം കാണുമ്പോൾ, 'എന്റെ കർത്താവേ എന്നെ സംബന്ധിച്ച് അങ്ങനെയാകരുതേ' എന്നു ഞാൻ നിലവിളിക്കുന്നു.

ഞാൻ എന്റെ ഏറ്റവും വലിയ ഭയങ്ങളിൽ ചിലത് നിങ്ങളുമായി പങ്കുവയ്ക്കാം:

*ഒന്ന്: ദൈവം തന്റെ കരം എന്റെ മേൽ നിന്നു പിൻവലിച്ചേക്കാം.*

അങ്ങനെ ഞാൻ തനിയേ ആയേക്കാം. തന്റെ ഏറ്റവും വലിയ ഭയം ഇതാണെന്നു ബില്ലിഗ്രഹാമും പറഞ്ഞിട്ടുണ്ട്. ശൗൽ രാജാവിന് വാസ്തവത്തിൽ സംഭവിച്ചതിതാണ്. അവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു (1 ശമുവേൽ 9:15,16). എത്ര നല്ല തുടക്കമായിരുന്നു അത് (1 ശമുവേൽ 10:9-10). എന്നാൽ അവന്റെ അഭിഷേകം നഷ്ടപ്പെട്ടു. (1 ശമുവേൽ 16:1, 18:12). എന്നിട്ടും അവൻ തന്റെ ശത്രുവായ ദാവീദിനെ കൊല്ലാൻ പോകുന്ന വഴിയിൽ അവന്റെ പ്രവാചകവരം വളരെ അഭിവൃദ്ധിപ്പെടുന്നതു നമ്മൾ കാണുന്നു (1 ശമുവേൽ 19:19-24): ഈ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഒരു കാര്യം എനിക്കു വ്യക്തമാണ്: പരിശുദ്ധാത്മാവു സഭയിൽ നിന്നു പൂർണമായി പിൻവലിക്കപ്പെട്ടാലും ഒന്നും സംഭവിക്കാത്തതുപോലെ സഭയുടെ 90 ശതമാനം പ്രവർത്തനങ്ങളും തുടരും. ദൈവവുമായുള്ള നമ്മുടെ യഥാർത്ഥരഹസ്യബന്ധത്തിനുപകരം നമ്മുടെ സ്വാഭാവികമോ, ആത്മികമോ ആയ ഒരു വരം വേഷപ്രച്ഛന്നമായി ആ സ്ഥാനം കൈയടക്കി നാം വഞ്ചിതരായി പോകാൻ സാധ്യതയുണ്ട്.

*രണ്ട്: യഥാർത്ഥത്തിൽ സത്യമല്ലാത്തതെന്തെങ്കിലും ഞാൻ പഠിപ്പിക്കുമോ എന്ന ഭയം*

തെറ്റായ എന്തെങ്കിലും ഞാൻ പഠിപ്പിക്കുമോ എന്ന ചിന്ത തന്നെ എനിക്കസഹ്യമാണ്. ഞാൻ പറയുന്ന ഓരോ വാക്കിനും-'ശ്രദ്ധയില്ലാതെ പറയുന്ന' വാക്കിനും-ഞാൻ കണക്കു കൊടുക്കേണ്ടവനാണ് (മത്തായി 12:36). ഞാൻ ഒരു ദുരുപദേശം അംഗീകരിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നില്ല എന്നത് എനിക്കെങ്ങനെ ഉറപ്പു വരുത്താൻ കഴിയും? ഒരു കാര്യം മാത്രമാണ് അതിനു സഹായിക്കുന്നത്. എനിക്കു ലഭിച്ച പരിശീലനമോ, വായനയോ,

**കഴിഞ്ഞ പല വർഷങ്ങളിൽ ദൈവം എനിക്കു നൽകിയ മുന്നറിയിപ്പുകളെ ഞാൻ വ്യക്തമായി കേട്ടിരുന്നെങ്കിൽ കാര്യങ്ങൾ എത്ര വ്യത്യസ്തമാകുമായിരുന്നു എന്നു ഞാനോർക്കുന്നു. അതുകൊണ്ടുതന്നെ മേലിൽ ഒരു സ്നേഹിതനിൽ നിന്നോ അപരിചിതനിൽ നിന്നോവരുന്ന സ്നേഹത്തിന്റെ ഒരു വാക്കിനെ അവഗണിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിക്കും. കാരണം ദൈവം എനിക്കു നൽകാൻ ശ്രമിക്കുന്ന മുന്നറിയിപ്പുകൾ നഷ്ടമാകുവാൻ ഇനി ഞാൻ ആഗ്രഹിക്കുന്നില്ല.**

ബുദ്ധിയുടെ അളവോ ഒന്നുമല്ല അതിനുസഹായകരം. പരിശുദ്ധാത്മാവിനോടുള്ള വ്യവസ്ഥയില്ലാത്ത അനുസരണം. അതൊന്നുമാത്രം. "അവിടുത്തെ ഇഷ്ടം ചെയ്യാൻ ഇച്ഛവയ്ക്കുന്ന ഒരുവൻ ഈ ഉപദേശം ഞാൻ സ്വയമായി സംസാരിച്ചതോ ദൈവത്തിൽ നിന്നു വന്നതോ എന്നു മനസ്സിലാക്കും" (യോഹന്നാൻ 7:17). എന്ന യേശുവിന്റെ വാക്കുകളാണ് ഇവിടെ എനിക്കു വഴികാട്ടി. ദൈവത്തോടുള്ള എന്റെ ബന്ധം ശരിയാണെങ്കിൽ വഴിതെറ്റിപ്പോകാതെ ദൈവം എന്നെ കാക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

*മൂന്ന്: ഞാൻ ദൈവഹിതത്തിൽ നിന്നു വ്യതിചലിക്കുകയും അത് അറിയാതെ പോകുകയും ചെയ്യുമെന്ന ഭയം.*

ഇതു യോസഫിനും മറിയയ്ക്കും സംഭവിക്കാമെങ്കിൽ എനിക്കും നിങ്ങൾക്കും ഇതു തന്നെ ഭവിക്കാം. അവർ ഒരു മുഴുവൻ ദിവസത്തെ വഴി യേശുവിനെ കൂടാതെ പോകുകയും അതേ സമയം യേശു തങ്ങളോടൊപ്പം ഉണ്ടായിരിക്കും എന്നു കരുതുകയും ചെയ്തു! (ലൂക്കോസ് 2:44). ദൈവം വ്യക്തികളോടു മുഖപക്ഷം കാട്ടുന്നവനല്ല. അവിടുത്തെ നിയമങ്ങൾ നമുക്ക് ആർക്കും വേണ്ടി അവിടുന്നു വളയ്ക്കുന്നവനുമല്ല. അവനെകൂടാതെ പോയാൽ, നാമും നമ്മുടെ സ്വന്തവഴിയേ തിരിഞ്ഞു പോകുന്നവരായിരിക്കും. ഇത് ഒഴിവാക്കാൻ ഒരേ ഒരു പോംവഴിയേ ഉള്ളൂ-ഞാൻ യേശുവിനെ കൂടാതെ മുന്നോട്ടുപോയാൽ ഉടനടി അതു തിരിച്ചറിയത്തക്കവണ്ണം പരിശുദ്ധാത്മാവിനോടു സ്പർശ്യത ഉള്ളവനായിരിക്കുക. അവിടുത്തെ സാന്നിദ്ധ്യത്തിനായി യഥാർത്ഥത്തിൽ ഹൃദയപൂർവ്വം ദാഹിക്കുന്ന ഒരുവന് ഏറെനേരം അവിടുത്തെ ഹിതത്തിൽ നിന്നു മാറി നില്ക്കാൻ കഴിയുമെന്നു തോന്നുന്നില്ല. അവിടുത്തെ സജീവസാന്നിദ്ധ്യമലില്ലാതെ ഒരു ദിവസം, ഒരു നാഴിക പോലും, നഷ്ടപ്പെട്ടു പോകുവാൻ ഞാനാഗ്രഹിക്കുന്നില്ല.

*നാല്: അവിടുത്തെ മുന്നറിയിപ്പുകളെ ഹൃദയകാഠിന്യം മൂലം തിരിച്ചറിയാതിരിക്കുകയും ഒടുവിൽ വലിയ ഒരളവിൽ ദൈവത്തിന് എന്നെ ഉപയോഗിക്കാമായിരുന്നിട്ടും അങ്ങനെ ചെയ്യാൻ കഴിഞ്ഞില്ലെന്നു കണ്ടെത്തുകയും ചെയ്യുക.*

ഞാൻ ഒട്ടേറെ തെറ്റുകൾ വരുത്തിയവനാണ്. പക്ഷേ എന്റെ തെറ്റുകൾ ക്ഷമിച്ചിരിക്കുന്നു എന്നെനിക്കറിയാം. ഞാൻ എന്നോടുതന്നെയും ക്ഷമിച്ചിരിക്കുന്നു-പൂർണമായും. റോമർ 8:28 നെ ('ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് ദൈവം സകലവും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നു') ഞാൻ മുറുകെ പിടിക്കുന്നവനുമാണ്. ഞാനീ വാഗ്ദാനത്തെ പൂർണഹൃദയത്തോടെ എടുക്കുന്നു. ഇതൊക്കെ ശരിയായിരിക്കുമ്പോൾ തന്നെ, കഴിഞ്ഞ പല വർഷങ്ങളിൽ ദൈവം എനിക്കു നൽകിയ മുന്നറിയിപ്പുകളെ ഞാൻ വ്യക്തമായി കേട്ടിരുന്നെങ്കിൽ കാര്യങ്ങൾ എത്ര വ്യത്യസ്തമാകുമായിരുന്നു എന്നു







*യേശുക്രിസ്തുവിന്റെ ന്യായാസനത്തിനുമുൻപാകെ എല്ലാവർക്കും 'പ്രതിഫലം' ലഭിക്കുമെന്നു ഞാൻ കരുതുന്നില്ല. ചിലർ തീയിൽ കൂടിയാണു രക്ഷപ്പെടുക. അർത്ഥം: അവരുടെ പ്രവൃത്തി വെന്തുപോകും. അവർക്കു പ്രതിഫലം നഷ്ടമാകും*

ഞാനോർക്കുന്നു. അതുകൊണ്ടുതന്നെ മേലിൽ ഒരു സ്നേഹിതനിൽ നിന്നോ അപരിചിതനിൽ നിന്നോവരുന്ന സ്നേഹത്തിന്റെ ഒരു വാക്കിനെ അവഗണിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിക്കും. കാരണം ദൈവം എനിക്കു നൽകാൻ ശ്രമിക്കുന്ന മുന്നറിയിപ്പുകൾ നഷ്ടമാകുവാൻ ഇനി ഞാൻ ആഗ്രഹിക്കുന്നില്ല. പ്രായമാകുന്തോറും ഭൂതകാലത്തിൽ വരുത്തിയ പിഴവുകൾ ഒഴിവാക്കാൻ നിങ്ങൾ ആഗ്രഹിക്കും.

*അഞ്ച്:'നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനെ' എന്ന് ദൈവം എന്നോടു പറയാനിടയില്ലെന്ന ഭയം.*

എല്ലാ ക്രിസ്ത്യാനികൾക്കും സ്വർഗ്ഗത്തിൽ എത്തുമ്പോൾ ഒരേ സ്വാഗതവാചകമാണു ലഭിക്കുന്നതെന്നു നിങ്ങൾ പറയുമായിരിക്കും. പക്ഷേ ഞാൻ അതിനോടു യോജിക്കുന്നില്ല. ചില വ്യവസ്ഥകളെ അടിസ്ഥാനമാക്കിയായിരിക്കും നമുക്ക് അവിടെ 'നല്ല സ്വാഗതം' ലഭിക്കുന്നത് (2 പത്രോസ് 1:10-11). യേശുക്രിസ്തുവിന്റെ ന്യായാസനത്തിനുമുൻപാകെ എല്ലാവർക്കും 'പ്രതിഫലം' ലഭിക്കുമെന്നും ഞാൻ കരുതുന്നില്ല. (2 കൊരിന്ത്യർ 5:10). ചിലർ തീയിൽ കൂടിയാണു രക്ഷപ്പെടുക. അർത്ഥം: അവരുടെ പ്രവൃത്തി വെന്തുപോകും. അവർക്കു പ്രതിഫലം നഷ്ടമാകും (1 കൊരിന്ത്യർ 3:15). "സ്വർഗ്ഗത്തിൽ പോകണമെന്നു മാത്രമാണു ഞാൻ ആഗ്രഹിക്കുന്നത്. പ്രതിഫലം ഒന്നും ലഭിച്ചില്ലെങ്കിലും എനിക്കു പ്രശ്നമില്ല" എന്നിങ്ങനെ പലരും പറയാറുണ്ട്. എനിക്ക് അതിനുള്ള മറുപടി ഇതാണ്: അവിടെ ചെല്ലുമ്പോൾ നിങ്ങൾക്ക് ആ നിലയിലായിരിക്കുകയില്ല തോന്നുന്നത്. അപ്പോസ്തലനായ പൗലൊസിനു പോലും ഒരു പ്രതിഫലം (കിരീടം, സമ്മാനം, അവകാശം) വളരെ പ്രധാനമായിരുന്നു (1 കൊരിന്ത്യർ 9:27). താൻ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ തനിക്കു മൂന്ന് അത്ഭുതമാണുണ്ടാവുക എന്ന് മാർട്ടിൻ ലൂഥർ പറഞ്ഞിട്ടുണ്ട്: (1) അവിടെ കാണുകയി

വചനം

# ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു പിന്നിലുള്ള മനോഭാവം

എ.ഡബ്ല്യു. ടോസർ

**ഒ**രു സമുദ്രയാത്രയ്ക്ക് പുറപ്പെടുന്ന നാവികന് ഏറ്റവും ആവശ്യമുള്ള ഘടകം എന്താണ്? ഉത്തരം ലളിതമാണ്-ദിക്കുകാണിക്കുന്ന ഒരു വടക്കുനോക്കി യന്ത്രം. മരുഭൂമിയിലൂടെ യാത്രചെയ്യുന്ന ഒരുവനോ? ഒരു മാർഗ്ഗദർശിയെ അവന് ഒഴിവാക്കാനാവില്ല. ഇവയില്ലാതെ ഒരുവൻ യാത്രയ്ക്ക് ഇറങ്ങിപ്പുറപ്പെട്ടാൽ എന്തു സംഭവിക്കും? അപകടം സംഭവിച്ചേക്കാം എന്നു മാത്രം പറഞ്ഞാൽ മതിയോ? പോരാ, ഈ അത്യന്താപേക്ഷിതമായ ഘടകങ്ങളില്ലാതെ ഇറങ്ങിപ്പുറപ്പെടുന്നത് ആത്മഹത്യക്കു തുല്യമാണെന്നു തന്നെപറയണം. കാരണം അങ്ങനെ ചെയ്താൽ അവനു മരണം സുനിശ്ചിതമാണ്. ഇതിൽ നിന്ന് ഒരു കാര്യം മനസ്സിലാക്കാം-മരണമോ ജീവിതമോ എന്നു നിർണയിക്കുന്നത് ഒട്ടേറെ

ല്ലെന്നു വിചാരിച്ചവർ അവിടെയുണ്ടാകും. (2) അവിടെ ഉണ്ടാകുമെന്നു വിചാരിച്ചവർ അവിടെ കാണുകയില്ല (3) താൻ തന്നെ അവിടെ ആയിരിക്കുന്നു!. ഇതിനെ ഒന്നു പരാവർത്തനം ചെയ്താൽ മൂന്ന് അത്ഭുതങ്ങളാണു ഞാനും സ്വർഗ്ഗത്തിൽ പ്രതീക്ഷിക്കുന്നത്. (1) പ്രതിഫലം ഒന്നും ലഭിക്കുകയില്ലെന്നു ഞാൻ വിചാരിച്ച ചിലർക്ക് അവിടെ പ്രതിഫലം ലഭിക്കും. (2) വലിയ പ്രതിഫലം ലഭിക്കുമെന്നു വിചാരിച്ച ചിലർക്ക് അതു ലഭിക്കുകയില്ല. അവർ തീയിലൂടെ കഷ്ടിച്ചു രക്ഷപ്രാപിക്കും. (3) 'നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനെ' എന്ന യേശുവിന്റെ വാക്കുകൾ ഞാൻ തന്നെ കേൾക്കും!

ചുരുക്കത്തിൽ എന്റെ അന്ത്യം നന്നായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളെപ്പോലെ ഞാനും ദീർഘകാലം ജീവിക്കാൻ ആഗ്രഹിക്കുന്നു. നാം എല്ലാം നല്ല അന്ത്യം പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. നാം വലിയവരെന്നു കരുതിയിരുന്ന പലരെക്കുറിച്ചും അമ്പരപ്പിക്കുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ നമുക്കു മുട്ടിന്മേൽ വീണ് 'കർത്താവേ എനിക്കതു ഭവിക്കരുതേ' എന്നു പ്രാർത്ഥിക്കാം. 'ഞാൻ നിങ്ങളോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായിപ്പോയി എന്നു വരാതിരിക്കാൻ ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുന്നു.' (1 കൊരിന്ത്യർ 9:27) എന്നു പറഞ്ഞ പൗലൊസിന്റെ മാതൃകയെയാണു നാം ഇവിടെ പിൻതുടരുന്നത്. ക്രിസ്തുവിന്റെ ന്യായാസനത്തെക്കുറിച്ചു നമ്മോടു പറഞ്ഞിരിക്കുന്നതിന്റെ ഒരു കാരണം നാം പിൻതുടരുന്ന ജീവിതരീതിയിൽ ഒരു മാറ്റം വരുത്താൻ അതു നമ്മെ സഹായിക്കും എന്നതാണ്. (സമാഹൃതം).

**മൊഴിമാറ്റം സന്തോഷ് മാത്യു**





കാര്യങ്ങളല്ല, വളരെ അത്യന്താപേക്ഷിതമായ ഒന്നോ രണ്ടോ ഘടകങ്ങളാണ്.

ഇതുപോലെ നമ്മുടെ ജീവിതത്തിന്റെ അന്ത്യം ജീവനോ മരണമോ എന്നു നിർണയിക്കുന്നതും ഒരേ ഒരു കാര്യമാണ്. ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധമാണത്. യേശുക്രിസ്തു ഈ ഭൂമിയിലേക്കു വന്നത് പാപികളെ രക്ഷിപ്പാനാണെന്നും ക്രിസ്തുവിനാൽ മാത്രമാണു രക്ഷയെന്നും ബൈബിൾ പരിജ്ഞാനമുള്ള എല്ലാവർക്കും അറിയാം. അതു ശരിയാണുതാനും. എന്നാൽ യേശുവിന്റെ മരണവും പുനരുത്ഥാനവും മാത്രം എല്ലാവരേയും മൊത്തത്തിൽ രക്ഷയിലേക്കു കൊണ്ടുവരുന്നില്ല. എന്നാൽ എങ്ങനെയാണു മനുഷ്യരിൽ ചിലർ ക്രിസ്തുവുമായി ഒരു രക്ഷാകരമായ ബന്ധത്തിലേക്കു വരുന്നത്? ചിലർ രക്ഷയിലേക്കു വരുന്നു. എന്നാൽ മറ്റുചിലർ രക്ഷയിലേക്കു വരുന്നില്ല. വസ്തുനിഷ്ഠമായി നൽകപ്പെടുന്ന വീണ്ടെടുപ്പിനെയും വ്യക്തിനിഷ്ഠമായി കരസ്ഥമാക്കുന്ന രക്ഷയേയും തമ്മിൽ ബന്ധിപ്പിക്കുന്നത് എങ്ങനെയാണ്? ക്രിസ്തു എനിക്കു വേണ്ടി ചെയ്തത് എനിക്ക് എങ്ങനെ പ്രാപിക്കുവാൻ കഴിയും? അഥവാ 'രക്ഷിക്കപ്പെടുവാൻ ഞാൻ എന്തുചെയ്യണം?' ഈ ചോദ്യത്തിന്റെ ഉത്തരം നാം വ്യക്തമായി മനസ്സിലാക്കിയിരിക്കണം. ഇതു മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടാൽ ദൈവസന്നിധിയിൽ നിന്നുള്ള നിത്യമായ നിഷ്ക്കാസനമായിരിക്കും ഫലം. അതുകൊണ്ട് ഈ അത്യന്താപേക്ഷിതമായ കാര്യം ശരിയായി നമുക്കു മനസ്സിലാക്കാം. അല്ലെങ്കിൽ അന്ത്യത്തിൽ നമുക്കു അപരിഹാര്യമായ നഷ്ടം സംഭവിക്കും.

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം എന്ന നിർണായക ചോദ്യത്തിന് സുവിശേഷവിഹിത ക്രിസ്ത്യാനികൾ മൂന്നു തരത്തിൽ ഉത്തരം

> “ക്രിസ്തുവിനെ സ്വീകരിക്കുക” എന്നതിനു പിന്നിലുള്ള മനോഭാവം തെറ്റിപ്പോകാൻ ഇടയുണ്ട്. നാം ക്രിസ്തുവിനു വേണ്ടി എന്നതിനുപകരം ക്രിസ്തുവിനെ നമുക്കായി ഉപയോഗിക്കുക എന്നതാണ് ഈ മനോഭാവം. തകർന്ന ഹൃദയത്തോടെ നാം അവിടുത്തെ വിധിക്കായി മുഴങ്കാലിൽ കാത്തുനില്ക്കുന്നതിനു പകരം, നമ്മുടെ തീരുമാനത്തിനു കാത്തു നില്ക്കാൻ നാം ക്രിസ്തുവിനോട് ഇവിടെ പറയുകയാണ്.

നൽകാറുണ്ട്. “കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക” “ക്രിസ്തുവിനെ വ്യക്തിപരമായി രക്ഷിതാവായി കൈക്കൊള്ളുക” “ക്രിസ്തുവിനെ സ്വീകരിക്കുക.” ഇവയിൽ ആദ്യത്തെ രണ്ട് ഉത്തരങ്ങളും തിരുവെഴുത്തിൽ നിന്ന് ഏറെക്കുറെ അതുപോലെ എടുത്തിട്ടുള്ളതാണ്. (പ്രവൃത്തി.16:31, യോഹ. 1:12). ആദ്യത്തെ രണ്ടിനെയും ചേർത്ത് മറ്റൊരു വിധത്തിൽ പരാവർത്തനം ചെയ്തു പറഞ്ഞിരിക്കുന്നതാണ് മൂന്നാമത്തെ ഉത്തരം. അതുകൊണ്ട് മൂന്ന് ഉത്തരങ്ങളും ഫലത്തിൽ ഒന്നുതന്നെയാണ്.

ആത്മികരായി അലസരായതിനാൽ നാം കൂട്ടത്തിൽ എളുപ്പമുള്ള വഴിയാണ് നമുക്കായും മറ്റുള്ളവർക്കായും തെരഞ്ഞെടുക്കുക. അതുകൊണ്ട് “ക്രിസ്തുവിനെ സ്വീകരിക്കുക” എന്ന ഒറ്റമൂലിയാണ് നാം എല്ലാവർക്കായും നിർദ്ദേശിക്കുന്നത്. കാര്യങ്ങളെ ഗൗരവപൂർവ്വം കാണുന്ന, യഥാർത്ഥ പാപബോധമുള്ള, ഒരുവൻ ക്രിസ്തുവുമായി സജീവബന്ധം സ്ഥാപിക്കുന്നതിനു സഹായകരമായ നിർദ്ദേശങ്ങളെല്ലാം ഇതിൽ ചിലപ്പോൾ കണ്ടെത്തിയെന്നു വരാം. എന്നാൽ മിക്ക അന്വേഷകരും

**ക്രിസ്തുവിനെ സ്വീകരിക്കുക എന്നാൽ കർത്താവായ യേശു എന്ന വ്യക്തിയുമായി ബന്ധം സ്ഥാപിക്കുന്നതാണ്. ഈ ബന്ധം ഒരേ സമയം ബൗദ്ധികവും, ഇച്ഛാപരവും, വൈകാരികവുമാണ്. യേശു, ക്രിസ്തുവും കർത്താവുമാണെന്ന് വിശ്വാസിക്ക് ബൗദ്ധികമായ ബോധ്യം ഉണ്ടാകുന്നു. എന്തുവിലകൊടുത്തും തന്നെ അനുഗമിപ്പാൻ അവൻ തന്റെ ഇച്ഛയെ വയ്ക്കുന്നു. അവാച്യമായ മധുരം അവന്റെ ഹൃദയം അതിവേഗം ആസ്വദിക്കാൻ തുടങ്ങുന്നു.**

വാഗ്ദത്തദേശത്ത് എത്തുന്നതിനുള്ള ഒരു എളുപ്പവഴിയായി ഇതിനെ കണ്ടേക്കാം എന്നാണെന്റെ പേടി.

“ക്രിസ്തുവിനെ സ്വീകരിക്കുക” എന്നതിനു പിന്നിലുള്ള മനോഭാവം തെറ്റിപ്പോകാൻ ഇടയുണ്ട് എന്നതാണിതിന്റെ കുഴപ്പം. നാം ക്രിസ്തുവിനു വേണ്ടി എന്നതിനുപകരം ക്രിസ്തുവിനെ നമുക്കായി ഉപയോഗിക്കുക എന്നതാണ് ഈ മനോഭാവം. തകർന്ന ഹൃദയത്തോടെ നാം അവിടുത്തെ വിധിക്കായി മുഴങ്കാലിൽ കാത്തു നില്ക്കുന്നതിനു പകരം, നമ്മുടെ തീരുമാനത്തിനു കാത്തു നില്ക്കാൻ നാം ക്രിസ്തുവിനോട് ഇവിടെ പറയുകയാണ്. ഒരു വികാരത്തള്ളിച്ചയിലോ മനസ്സിന്റെ ഒരു തോന്നലിലോ ഈ സന്ദർഭത്തിൽ നാം ക്രിസ്തുവിനെ അംഗീകരിച്ചേക്കാം. പക്ഷേ അതു വേദനാരഹിതമായ, സ്വയത്തെ ഒട്ടും ബലികഴിക്കാത്ത, നമ്മുടെ സാധാരണ ജീവിതശൈലിക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാക്കാത്ത ഒരു അംഗീകരണം ആയിരിക്കും.

അതീവ നിർണ്ണായകമായ ഒരു കാര്യത്തെ ലാഘവത്തോടെ, ദുർബലമായി, സമീപിക്കുന്നതിനു തിരുവചനത്തിൽ നിന്നു സമാനമായ സന്ദർഭങ്ങൾ കണ്ടെത്താൻ കഴിയും. മിസ്രയേമിൽ യിസ്രയേൽ മക്കൾ പെസഹാ കുഞ്ഞാടിന്റെ രക്തത്തെ ‘സ്വീകരിച്ചെ’ങ്കിലും തുടർന്നും ബന്ധനത്തിലാണ് അവർ ജീവിച്ചത്. ധൂർത്തപുത്രൻ പിതാവു നൽകിയ ക്ഷമ ‘അംഗീകരി’ച്ചെങ്കിലും വിദൂരദേശത്ത് പന്നികളോടൊത്തു കഴിയേണ്ടിവന്നു. ക്രിസ്തുവിനെ സ്വീകരിക്കുക എന്നതിന് എന്തെങ്കിലും അർത്ഥം ഉണ്ടാകണമെങ്കിൽ അതു ചില ക്രിയകളിലേക്കു നയിക്കേണ്ടതുണ്ടെന്നുള്ള കാര്യം വ്യക്തമല്ലേ?

“ക്രിസ്തുവിനെ സ്വീകരിക്കുക” എന്ന പ്രയോഗം തീർത്തും സത്യസന്ധമായിരിക്കണമെങ്കിൽ അതിൽ എന്തെല്ലാം അർത്ഥങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു അല്ലെങ്കിൽ ഉൾക്കൊണ്ടിരിക്കണം എന്നു നമുക്കു നോക്കാം.

ക്രിസ്തുവിനെ സ്വീകരിക്കുക എന്നാൽ കർത്താവായ യേശു എന്ന വ്യക്തിയുമായി ബന്ധം സ്ഥാപിക്കുന്നതാണ്. മനുഷ്യ അനുഭവത്തിൽ വച്ച് തികച്ചും അതുല്യമായ ഒന്നാണിത്. ഈ ബന്ധം ഒരേ സമയം ബൗദ്ധികവും, ഇച്ഛാപരവും, വൈകാരികവുമാണ്. യേശു, ക്രിസ്തുവും കർത്താവുമാണെന്ന് വിശ്വാസിക്ക് ബൗദ്ധികമായ ബോധ്യം ഉണ്ടാകുന്നു. എന്തുവിലകൊടുത്തും തന്നെ അനുഗമിപ്പാൻ അവൻ തന്റെ ഇച്ഛയെ വയ്ക്കുന്നു. അവാച്യമായ മധുരം അവന്റെ ഹൃദയം അതിവേഗം ആസ്വദിക്കാൻ തുടങ്ങുന്നു.

ഈ ബന്ധത്തിൽ എല്ലാം ഉൾപ്പെട്ടിരിക്കുന്നു. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം തന്നെ പൂർണമായി സസന്തോഷം സ്വീകരിക്കുകയാണ്. അല്ലാതെ, തന്നെ രക്ഷകൻ എന്ന നിലയിൽ ഇന്നു സ്വീകരിക്കുകയും കർത്താവ് എന്ന നിലയിൽ സ്വീകരിക്കുന്നതു നാളെക്കു മാറ്റിവയ്ക്കുകയും ചെയ്യുന്ന പരിപാടി ഇല്ല. യഥാർത്ഥവിശ്വാസി ക്രിസ്തുവിനെ കലവറ കൂടാതെ തന്റെ എല്ലാറ്റിനും എല്ലാമായി സ്വീകരിക്കുകയാണ്. അതുപോലെ അവൻ തന്നെ മുഴുവനായി ഈ കൈമാറ്റത്തിൽ പങ്കാളിയാക്കുന്നു. ഈ വിപ്ലവകരമായ കൈമാറ്റത്തിൽ അവൻ തന്റെ ഒരു ഭാഗവും ഉൾക്കൊള്ളിക്കാതെ മാറ്റിവയ്ക്കുന്നില്ല.





മാത്രമല്ല ക്രിസ്തുവുമായുള്ള ഈ ബന്ധം മറ്റെല്ലാറ്റിനെയും തള്ളിക്കളയുന്നതുമാണ്. പല താത്പര്യങ്ങളുടെ കൂട്ടത്തിൽ ഒന്ന് എന്ന നിലയിലല്ല ഇന്ന് അവനെ സംബന്ധിച്ചിടത്തോളം കർത്താവ്. മറിച്ച് അവിടുന്നു മാത്രമാണ് എന്നെന്നും ഒരേ ഒരു ആകർഷണം. ഭൂമി സൂര്യനു ചുറ്റും ഭ്രമണപഥത്തിൽ കറങ്ങുന്നതുപോലെ, അവിടുത്തെ സ്നേഹത്തിന്റെ കാന്തികശക്തിയാൽ ആകർഷിക്കപ്പെട്ട് അവൻ ക്രിസ്തു എന്ന കേന്ദ്രത്തെ വലംവയ്ക്കുകയാണ്. ജീവനും വെളിച്ചവും ചൂടും തന്നിൽനിന്ന് അവൻ സ്വീകരിക്കുന്നു. ഈ സന്തോഷകരമായ അവസ്ഥയിൽ അവൻ മറ്റെല്ലാതാത്പര്യങ്ങളും അടിയറവയ്ക്കുകയാണ്. കർത്താവുമായുള്ള ബന്ധമാണ് ഇക്കാര്യത്തിലെല്ലാം നിർണായകമായ ഘടകം.

‘എല്ലാം ഉൾക്കൊള്ളുന്ന-എല്ലാം തള്ളിക്കളയുന്ന’ വിധത്തിൽ ഇമ്മട്ടിൽ നാം ക്രിസ്തുവിനെ കൈക്കൊള്ളുന്നത് ദിവ്യമായ ഒരു നിയോഗമാണ്. ക്രിസ്തുവിന്റ പ്രവൃത്തിയിലൂടെയും ക്രിസ്തുവെന്ന വ്യക്തിയിലൂടെയും ഇവിടെ വിശ്വാസം ദൈവോന്മുഖമായി കുതിക്കുകയാണ്. പക്ഷേ ഈ വിശ്വാസം ഒരിക്കലും അവിടുന്നു ചെയ്ത പ്രവൃത്തിയെ അവിടുത്തെ വ്യക്തിത്വത്തിൽ നിന്നു വേർതിരിക്കുന്നില്ല. അത് കർത്താവായ യേശുക്രിസ്തുവിൽ-ക്രിസ്തുവിനെ പൂർണമായി, ഒട്ടും കൂട്ടുകയും കുറയ്ക്കുകയും ചെയ്യാതെ-വിശ്വസിക്കുന്നു. ഇങ്ങനെ തന്റെ വീണ്ടെടുപ്പിന്റെ പ്രവൃത്തിയിൽ

**ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ ‘അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു’ എന്ന വാക്കുകളുടെ അർത്ഥം നമുക്കു മനസ്സിലാകും. അപ്പോൾ നാം അവിടുത്തെ സ്നേഹിതരെ നമ്മുടെ സ്നേഹിതരായും അവിടുത്തെ ശത്രുക്കളെ നമ്മുടെ ശത്രുക്കളായും കണക്കാക്കും. അവിടുത്തെ വഴികൾ നമ്മുടെ വഴികളാകും. അവിടുത്തെ തിരസ്കാരം നമ്മുടെ തിരസ്ക്കാരവും അവിടുത്തെ ജീവൻ നമ്മുടെ ജീവനും ആയിരിക്കും.**

അവിടുന്നു ചെയ്ത എല്ലാം അതു സ്വീകരിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. സ്വർഗ്ഗത്തിൽ അവർക്കായി അവിടുന്നു ചെയ്യുന്നതും അവരിലും അവരിലൂടെയും താൻ പ്രവർത്തിക്കുന്നതും എല്ലാം അവർ ആഹ്ലാദപൂർവം സ്വീകരിക്കുകയാണ്.

ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ ‘അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു’ (1 യോഹ.4:17) എന്ന വാക്കുകളുടെ അർത്ഥം നമുക്കു മനസ്സിലാകും. അപ്പോൾ നാം അവിടുത്തെ സ്നേഹിതരെ നമ്മുടെ സ്നേഹിതരായും അവിടുത്തെ ശത്രുക്കളെ നമ്മുടെ ശത്രുക്കളായും കണക്കാക്കും. അവിടുത്തെ വഴികൾ നമ്മുടെ വഴികളാകും. അവിടുത്തെ തിരസ്കാരം നമ്മുടെ തിരസ്ക്കാരവും അവിടുത്തെ ജീവൻ നമ്മുടെ ജീവനും ആയിരിക്കും.

നാം ഇതെല്ലാം അർത്ഥമാക്കുന്നുണ്ടെങ്കിൽ ക്രിസ്തുവിനെ സ്വീകരിക്കുവാൻ അന്വേഷകരെ ഉപദേശിക്കുമ്പോൾ എല്ലാം വിശദമായി പറയുന്നതു നന്നായിരിക്കും. അല്ലാത്തപക്ഷം പിന്നീട് അവർ ആഴമേറിയ ആത്മിക അസ്വസ്ഥതയിലാവും ചെന്നു പതിക്കുക.

തിരുവെഴുത്തുകളെ പരിശോധിക്കുക

കയീനും ഹാബേലും നൽകുന്ന പാഠങ്ങൾ-II

# 'കയീന്റെ വഴി' വിട്ടുമാറുക

സാക് പുന്നൻ

**ന**മ്മിൽ ജഡികമായും അനാത്മികമായുമുള്ളതെല്ലാം ഉപരിതലത്തിലേക്കു വരുമാറ് ദൈവത്തിന്റെ വെളിച്ചം ഉജ്ജ്വലമായി പ്രകാശിക്കുന്ന ഒരു സഭയുടെ ഭാഗമായി നാം തീർന്നിരിക്കുന്നതിൽ നാം നന്ദിയുള്ളവരായിരിക്കണം. അനേകവർഷക്കാലം നാം ഒരു സഭയിൽ അംഗമായിക്കഴിഞ്ഞാലും നമ്മുടെ ജഡത്തിലുള്ള തിന്മകൾ വെളിപ്പെടാതിരിക്കുന്നപക്ഷം, അത് ഭയനാകമായ ഒരനുഭവമായിരിക്കും. അതുപോലെ കൂട്ടായ്മയ്ക്കായി ആഗ്രഹിക്കാത്ത ആളുകൾക്ക് തങ്ങളുടെ സ്വയജീവിതത്തെപ്പറ്റി ഒരു വെളിച്ചവും ലഭിക്കുന്നില്ല. അതിനാൽ തങ്ങളുടെ യഥാർത്ഥസ്ഥിതിയെപ്പറ്റി അജ്ഞരായി അവർ കഴിയുന്നു. ഒരിക്കലും അവർ ആത്മികവളർച്ച പ്രാപിക്കുന്നില്ല. നമ്മെപ്പറ്റിത്തന്നെ ചില കാര്യങ്ങൾ ദൈവം നമുക്കു കാണിച്ചു തരുമ്പോൾ നാം ആ വെളിച്ചത്തിനുവേണ്ടി ദൈവത്തെ സ്തുതിക്കേണ്ടതാണ്.

സഹോദരീസഹോദരന്മാരുടെ പ്രബോധനങ്ങളിലൂടെ ദൈവം നമുക്കൊരു താക്കീതു നൽകുമ്പോൾ നാം അതിനെ ഗൗരവമായിട്ടെടുക്കണം. അല്ലാത്തപക്ഷം ദൈവത്തിന്റെ മുന്നറിയിപ്പിനെ അഗണ്യമായിക്കരുതിയ കയീന്റെ അന്ത്യം നമുക്കും സംഭവിക്കാം.

**ദുശ്ശങ്കയിൽനിന്നുള്ള സ്വാതന്ത്ര്യം**

കയീനിലുണ്ടായിരുന്ന ദുഷ്ടസ്വഭാവത്തോടു തട്ടിച്ചുനോക്കുമ്പോൾ ഹാബേലിലുണ്ടായിരുന്ന ചില നല്ല വശങ്ങൾ നമുക്കു വ്യക്തമായിത്തീരും. വയലിലേക്കു പോകുവാൻ കയീൻ ഹാബേലിനെ വിളിച്ചപ്പോൾ (ഉൽപത്തി 4:8) യാതൊരു ദുശ്ശങ്കയും കൂടാതെ ഹാബേൽ സഹോദരനോടൊപ്പം പോയി. കയീൻ തന്നെക്കുറിച്ച് അസൂയാലുവാണെന്നു സംശയിച്ചിരുന്നെങ്കിൽ ഹാബേൽ അവനോടൊപ്പം പോകയില്ലായിരുന്നു. ഹ! എത്ര നിർമ്മലമായ ഒരു ഹൃദയമാണ് ഹാബേലിനുണ്ടായിരുന്നത്? അവൻ തന്നെത്താൻ വിധിക്കയും തകർന്നും നുറുങ്ങിയുമുള്ള ഒരു ഹൃദയം പ്രാപിക്കയും ചെയ്തിരുന്നു. എന്നാൽ അവൻ തന്റെ സഹോദരനെ വിധിച്ചില്ല. നമുക്കു പിന്തുടരുവാൻ എത്ര നല്ല ഒരു ദൃഷ്ടാന്തം.

ദുശ്ശങ്കയാൽ മലിനപ്പെട്ട ഒരു ഹൃദയവുമായി ജീവിക്കുന്നതിനെക്കാൾ ദുസ്സംശയം ബാധിക്കാത്ത ഒരു ഹൃദയത്തോടെ മരിക്കുന്നത് ഏറെ നല്ലത്. മറ്റുള്ളവരെ ശങ്കിക്കുകയോ വിധിക്കുകയോ ചെയ്യുന്നവൻ പരകാര്യത്തിൽ ഇടപെടുന്നവനാണ്. അസൂയയും കോപവും നിറഞ്ഞ ഒരുവനെപ്പോലെ തന്നെ അവനും തകർന്നും നുറുങ്ങിയുമുള്ള ഹൃദയം ഇല്ലാത്തവനായി ദൈവത്തിൽനിന്നകന്നുപോകും.





**കയീന്റെ അവസാനം**

ദൈവം നൽകിയ മുന്നറിയിപ്പ് സ്വീകരിക്കുവാൻ കഴിയാത്തവിധം കയീൻ അഹങ്കാരിയായിരുന്നു. അതിനാൽ അവന്റെ വാതില്ക്കൽ പതിയിരുന്ന പാപം അവനെ പിടിച്ചടക്കി നശിപ്പിക്കുവാനിടയായി. നാശമടഞ്ഞത് ഹാബേലല്ല, കയീൻ തന്നെയാണ്. എന്തെന്നാൽ ഹാബേൽ നേരേ ദൈവസന്നിധിയിൽ എത്തിച്ചേർന്നു. കയീനാകട്ടെ, എന്നെന്നേക്കുമായിത്തന്നെ ദൈവസന്നിധിയിൽനിന്ന് പുറന്തള്ളപ്പെട്ടവനായിത്തീർന്നു (ഉൽപത്തി 4:16).

ഒരു മീറ്റിംഗിൽവച്ചുള്ള ഒരു പ്രബോധനത്തിൽക്കൂടിയോ അച്ചടിച്ച ഒരു ലേഖനത്തിലുള്ള ദൈവവചനത്തിലൂടെയോ ദൈവം നമുക്ക് മുന്നറിയിപ്പ് നൽകുമ്പോൾ – "ഓ! എനിക്ക് ആ പ്രബോധനം ആവശ്യമില്ല." എന്ന് നാം ചിന്തിച്ചെന്നുവരാം. അപ്പോൾ നാം കയീന്റെ വഴിയിൽ നടക്കുവാൻ ആരംഭിക്കുകയാണ്. (യൂദാ 11) അപ്പോൾ നമ്മുടെ ഹൃദയത്തിലെ അഹങ്കാരം നമ്മെ ചതിച്ചിരിക്കുന്നു (ഓബദ്യാവ് 3).

പ്രത്യേകിച്ച് ആ പ്രബോധനം കർത്താവിൽ നമ്മെക്കാൾ പ്രായം കുറഞ്ഞ ഒരു സഹോദരനിൽക്കൂടിയാണ് വരുന്നതെങ്കിൽ, അപ്പോൾ അതിനെ ലഘുവായിക്കരുതുവാനുള്ള പരീക്ഷ കൂടുതൽ ശക്തിമായിരിക്കും. അപ്പോൾ കേൾക്കുവാനുള്ള ചെവികൾ നമുക്കുള്ളപക്ഷം നാം സത്യത്തെ സ്നേഹിക്കുന്നതിനെക്കാളധികം നമ്മെത്തന്നെ സ്നേഹിക്കുന്നവരാണെന്നുള്ള കാര്യം ദൈവം നമുക്കു കാണിച്ചുതരും. ഈ അവസ്ഥയിൽ നിന്നു മാനസാന്തരപ്പെടാതെ നാം അതിൽത്തന്നെ തുടരുന്നപക്ഷം നാം സത്യത്തെ കൈക്കൊള്ളാതെ ഭോഷ്ക്കു വിശ്വസിക്കുമാറ് ദൈവം വ്യാജത്തിന്റെ വ്യാപാരശക്തി നമ്മുടെ ജീവിതത്തിലേക്കു അയയ്ക്കും. (2 തെസ്സലോ. 2:10,11) പ്രബോധനം അഗണ്യമാക്കി തള്ളിക്കളയുക എന്നതു മരണകരമായ ദോഷം തന്നെ. പാപത്തിന്റെ ചതിയാൽ കഠിനപ്പെടുവാൻ ഏറ്റവും പറ്റിയ വഴിയാണത്. (എബ്രായർ 3:12, 13) അങ്ങനെ നാം കയീനെപ്പോലെ ജീവനുള്ള ദൈവത്തിൽ നിന്ന് അകന്നു പോകുവാൻ ഇടയാകുന്നു.

> **കയീൻ ചെയ്തതുപോലെ ആരെയെങ്കിലും ശാരീരികമായി നാം കൊലപ്പെടുത്തുകയില്ലായിരിക്കാം. എന്നാൽ നമ്മുടെ നാവുകൾകൊണ്ട് അപ്രകാരം ചെയ്യുന്നവരായി നാം തീരാം. നാവിന് കൊല്ലുവാനുള്ള ശക്തിയുള്ളതായി ബൈബിൾ പ്രസ്താവിക്കുന്നുണ്ട്. ഒരു മനുഷ്യന്റെ ശരീരത്തെ സ്പർശിക്കാതെ തന്നെ അയാളുടെ സൽഷേരിനെയും സ്വഭാവത്തെയും മറ്റു പലതിനെയും കൊല ചെയ്യുവാൻ നമുക്കു കഴിയും.**

കയീൻ ചെയ്തതുപോലെ ആരെയെങ്കിലും ശാരീരികമായി നാം കൊലപ്പെടുത്തുകയില്ലായിരിക്കാം. എന്നാൽ നമ്മുടെ നാവുകൾകൊണ്ട് അപ്രകാരം ചെയ്യുന്നവരായി നാം തീരാം. നാവിന് കൊല്ലുവാനുള്ള ശക്തിയുള്ളതായി ബൈബിൾ പ്രസ്താവിക്കുന്നുണ്ട് (സദൃശ 18:21) ഒരു മനുഷ്യന്റെ ശരീരത്തെ സ്പർശിക്കാതെ തന്നെ അയാളുടെ സൽപ്പേരിനെയും സ്വഭാവത്തെയും മറ്റു പലതിനെയും കൊല ചെയ്യുവാൻ നമുക്കു കഴിയും. കഷ്ടം! വിശ്വാസികൾ എന്നു സ്വയം വിളിക്കുന്ന പലരും ദിവസം തോറും അതു ചെയ്തുകൊണ്ടുമിരിക്കുന്നു. ആഴ്ചയുടെ അവസാ

നത്തിൽ തങ്ങൾ യാതൊരു തിന്മയും ചെയ്തിട്ടില്ല എന്ന മട്ടിൽ അവർ സഭാ യോഗത്തിൽ വന്നുചേരുകയും ചെയ്യുന്നു. ദൈവം അവരോട്: "നിന്റെ സഹോദരന്റെ സ്വഭാവത്തെപ്പറ്റി നീ കൊലപ്പെടുത്തിയില്ലേ? ആ സ്വഭാവത്തിന്റെ ശബ്ദം എന്നോട് നിലവിളിക്കുന്നു" എന്നു പറയും. പക്ഷേ ആ ശബ്ദം അവൻ കേൾക്കുക പോലും ചെയ്യുന്നില്ല. കാരണം, അവരുടെ മനസ്സാക്ഷി അത്രമാത്രം കഠിനപ്പെട്ടുപോയിരിക്കുന്നു. കയീനെപ്പോലെ അവരും ആത്മീയമായി ഭൂമിയിൽ ഉഴന്നലയുന്നവരായിത്തീരും. ക്രിസ്തുവിന്റെ സ്വരൂപത്തിലേക്കുള്ള യാതൊരു വളർച്ചയും അവർക്കു ലഭിക്കുകയില്ല (ഉൽപത്തി 4:10,12).

യഥാർത്ഥത്തിൽ പാപം നമുക്കു വളരെ അടുത്തായി നമ്മുടെ വാതിലക്കൽ തന്നെ പതിയിരിക്കുന്നുണ്ട്. നമ്മുടെ സഹോദരന്മാരെപ്പറ്റി സത്യമായും നീതിയായും നിർമ്മലമായും പുകഴ്ചയായുള്ള കാര്യങ്ങൾ മാത്രം ചിന്തിക്കുന്ന നിലയിൽ നമ്മുടെ മനസ്സുകളെ സൂക്ഷിക്കുക എന്നതാണ് അതിൽ നിന്നു രക്ഷ പ്രാപിക്കുവാനുള്ള ഏകമാർഗ്ഗം (ഫിലി. 4:8). ബൈബിളിലെ അവസാനാദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന യരുശലേം, ബാബിലോൺ എന്നീ രണ്ടു വ്യവസ്ഥിതികളുടെ മുന്നോടികളാണ് കയീനും ഹാബേലും, യരുശലേം സത്യമായ ദൈവഭക്തിയുടെ മാർഗ്ഗം, അഥവാ ക്രിസ്തുവിന്റെ കാന്ത. ബാബിലോൺ വ്യാജമായ ഭക്തിയുടെ മാർഗ്ഗം അഥവാ വേശ്യ. ക്രിസ്തുവിന്റെ വരവിനെപ്പറ്റിയും അവനോടുകൂടി എടുക്കപ്പെടുന്നതിനെപ്പറ്റിയും പ്രത്യാശയുള്ള ഒരുവൻ നാൾതോറും തന്നെത്തന്നെ നിർമ്മലീകരിക്കുകയും കൂടുതൽ കൂടുതൽ സ്വയം താഴ്ത്തി വിനയശാലിയായിത്തീരുകയും ചെയ്യും (1 യോഹ 3:3). ബാക്കിയുള്ള എല്ലാവരും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ട് മേല്ക്കമേൽ അഭക്തിയിൽ മുതിർന്നുവരും. 2 തിമോഥി 3:13).

ആത്മാവ് സഭകളോട് പറയുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

**(അവസാനിച്ചു)**

## ആനി ജോൺസൺ ഫ്ളിന്റ് *പേജ് 20 ൽ നിന്ന്*

യിട്ടേ ഉള്ളൂ

തൻ സ്നേഹത്തിനന്തമില്ല, കൃപ
കൾക്കോ അളവില്ല

തൻ ദിവ്യശക്തിതൻ പരിധി
അപ്രമേയം താൻ

യേശുവിലുള്ള തൻ തീരാസമ്പ
ത്തിൽ നിന്നിതാ

സ്നേഹപിതാവിൻ ദാനം
അനർഗ്ഗളം പ്രവഹിപ്പൂ!

### ദൈവം വാഗ്ദാനം ചെയ്തത്

സദാ ആകാശം തെളിഞ്ഞതായി
രിക്കുമെന്ന് ദൈവം വാഗ്ദാനം
ചെയ്തിട്ടില്ല

ജീവകാലം മുഴുവൻ പുഷ്പ
ങ്ങൾ വിതറിയ വഴിത്താരയും പറ
ഞ്ഞിട്ടില്ല

മഴയില്ലാതെ തെളിഞ്ഞ സൂര്യപ്ര
കാശവും സങ്കടമില്ലാത്ത സന്തോ
ഷവും

വേദനയില്ലാതെ സമാധാനവും
ദൈവം വാക്കുപറഞ്ഞിട്ടില്ല.

ഓരോ ദിനത്തിനും വേണ്ട ശക്തി
യും, അദ്ധ്വാനശേഷം വിശ്രമവും

പാതയ്ക്ക് പ്രകാശവും പരിശോ
ധനകളിൽ കൃപയും, ഉയരത്തിലെ
സഹായവും

പരാജയപ്പെടാത്ത സഹതാപവും
മരിക്കാത്ത സ്നേഹവും:

ഇതൊക്കെ നിശ്ചയമായും
ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്.



സഹോദരിമാരോട്

# രാമായിൽ നിന്നു റാഹേൽ

**ആച്ചിയമ്മ കുരുവിള**

"**രാ**മായിൽ ഒരു ശബ്ദം കേട്ടു; വിലാപവും കഠിനമായുള്ള കരച്ചിലും തന്നെ:............അവൾക്കു മനസ്സു വരുന്നില്ല." (മത്തായി 2:18).

ബൈബിളിലെ പഴയനിയമത്തിൽ യിരെമ്യാവ് 31:15 ൽ പ്രതിപാദിച്ചിരിക്കുന്ന ഈ പ്രവചനം യേശുക്രിസ്തുവിന്റെ ജനനവുമായി ബന്ധപ്പെട്ടു നിവൃത്തിയായി എനന് തിരുവെഴുത്തു പറയുന്നു. അങ്ങനെ ഇതൊരു ചരിത്രസംഭവമായിതീർന്നു. എന്നാൽ ഈ പ്രവചനത്തിന് എന്തെങ്കിലും സമകാലിക പ്രധാന്യമുണ്ടോ? നമ്മുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് ഇതിന് എന്തെങ്കിലും സന്ദേശം നൽകാനുണ്ടോ?

യിരെമ്യാവ് 31-ാം അധ്യായം യിസ്രായേലിന്റെ ഉദ്ധാരണത്തെ പ്രതിപാദിക്കുന്ന ഒന്നത്രെ. മനോഹരമായ അനേകമനേകം വാഗ്ദാനങ്ങൾ അതിൽ കാണാം. ആശ്വാസത്തിനും പ്രത്യാശയ്ക്കും ഉതകുന്ന മനോഹരവാഗ്ദാനങ്ങൾ. അതിന്റെ മധ്യത്തിൽ ഇതാ "യഹോവ ഇപ്രകാരം അരുളിചെയ്യുന്നു; രാമായിൽ ഒരു ശബ്ദം .. കഠിനമായുള്ള കരച്ചിൽ...അവരില്ലാത്തതിനാൽ അവരെക്കുറിച്ച് ആശ്വാസം കൈക്കൊള്ളുവാൻ മനസ്സുവരുന്നില്ല." അവൾ ആശ്വാസം പ്രാപിക്കാൻ വിസമ്മതിച്ചു! 'റാഹേൽ' എന്നത് ഇവിടെ ഒരു പ്രത്യേക പേരല്ല. ഏതൊരമ്മയ്ക്കും പകരമായി നിൽക്കുന്ന ഒരു പേര്.

അപ്പൻമാരെ അപേക്ഷിച്ച് അമ്മമാർക്കാണ് മക്കളെ ചൊല്ലി അമിതാവേശവും വേവലാതിയും. അവരുടെ നിസ്സാരമായ നേട്ടങ്ങളിൽ അമിതാവേശം പൂണ്ട് പൊങ്ങച്ചം പറയുകയും നിസ്സാരമായ പരാജയങ്ങൾ, രോഗങ്ങൾ എന്നിവയിൽ വേവലാതിപൂണ്ട് കഠിനമായി വിലപിച്ചു ആശ്വാസം കൈക്കൊള്ളുവാൻ മനസ്സില്ലാതെ ഇരിക്കുകയും ചെയ്യുക അമ്മമാരുടെ 'ബലഹീനത'യാണ്. ഇവിടെ റാഹേലിന് ദൈവത്തിന്റെ ആശ്വാസം പോലും മതിയാകുന്നില്ല. അവൾക്കു മക്കളെക്കൊണ്ടു മാത്രമേ ആശ്വാസം കൈക്കൊള്ളുവാൻ ഒരുക്കമുള്ളൂ.

ഒന്നുകൊണ്ടും ആശ്വാസം കൈക്കൊൾവാൻ മനസ്സു വയ്ക്കാത്ത, കഠിനമായി കരഞ്ഞു വിലപിക്കുന്ന മത്സരബുദ്ധിയും ദുശ്ശാഠ്യക്കാരനുമായ ഒരു കുട്ടിയുടെ മാതാവിനെ ഓർത്തു നോക്കൂ. എത്ര നിസ്സഹായയും വ്യഥയുള്ളവളും ആയിരിക്കും അവൾ! ദൈവം ഇവിടെ അപ്രകാരമുള്ള ഒരു മാതാവിന് തുല്യം.

ദൈവപുത്രനായ യേശു കണ്ണുനീർ വാർത്തതായി രേഖപ്പെടുത്തിയിരിക്കുന്ന യോഹന്നാൻ 11-ാം അധ്യായം സൂക്ഷ്മമായി വായിച്ചാൽ ലാസറിന്റെ സഹോദരി മറിയയും വ്യത്യസ്തയായി

**ദൈവം നമ്മെ നമ്മുടെ കഷ്ടങ്ങളിൽ ആശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോൾ നാം ഏതുവിധം പ്രതികരിക്കുന്നു? റാഹേലിനെപ്പറ്റി അരുളിച്ചെയ്തതുപോലെ നമ്മെപ്പറ്റി പറയാൻ ഇടവരുമോ? "ഞാൻ എന്റെ മകളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ അവൾ അവളുടെ മക്കളെ കൊണ്ട് (ജോലി, വീട്, വിസ, ഭർത്താവ്, കാർ, രോഗസൗഖ്യം) മാത്രമേ ആശ്വാസം പ്രാപിക്കുകയുള്ളൂ. എന്റെ ആശ്വാസം അവൾക്കു മതിയാവുന്നില്ല. അവൾ ഇനിയും കഠിനമായി വിലപിച്ചുകൊണ്ടേയിരിക്കുന്നു."**

രുന്നില്ല എന്നു കാണാം. കർത്താവിന്റെ പാദപീഠത്തിൽ ഇരുന്ന് ജീവന്റെ മൊഴികൾ മറിയ പ്രാപിച്ചിരുന്നുവെങ്കിലും ലാസറിനെക്കൊണ്ടു മാത്രമേ അവൾ ആശ്വാസം പ്രാപിക്കുമായിരുന്നുള്ളൂ. ഇതിൽ കർത്താവിന്റെ ഉള്ളം കലങ്ങി. ലാസറിനെ അടുത്ത നിമിഷങ്ങളിൽ താൻ ഉയിർത്തെഴുന്നേൽപ്പിക്കാൻ പോവുകയാണ് എന്ന് യേശുവന് പൂർണ്ണനിശ്ചയം ഉണ്ടായിരിക്കെ മറിയയുടേയും യഹൂദന്മാരുടേയും അവിശ്വാസത്തിന്റെ കരച്ചിൽ അവിടുത്തെ ഉള്ളം കലങ്ങുമാറാക്കി. യേശു കണ്ണുനീർ വാർത്തു. (യോഹന്നാൻ 11:11-15).

കഴിഞ്ഞകാലവിശ്വാസത്തിലും (Past faith) വരുംകാലവിശ്വാസത്തിലും (Future faith ഉദാ: കർത്താവിനോടുകൂടെ പറന്നുയരും) ഊറ്റം കൊള്ളുന്നവരായിരിക്കാം നാം. എന്നാൽ വർത്തമാനകാലവിശ്വാസം (Present faith) എങ്ങനെയിരിക്കുന്നു? ദൈനംദിന ജീവിതസാഹചര്യങ്ങളിൽ കർത്താവ് മതിയായവനോ? നമുക്ക് നമ്മെ ശോധന ചെയ്യാം.

ദൈവം നമ്മെ നമ്മുടെ കഷ്ടങ്ങളിൽ ആശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോൾ നാം ഏതുവിധം പ്രതികരിക്കുന്നു? റാഹേലിനെപ്പറ്റി അരുളിച്ചെയ്തതുപോലെ നമ്മെപ്പറ്റി പറയാൻ ഇടവരുമോ? "ഞാൻ എന്റെ മകളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ അവൾ അവളുടെ മക്കളെ കൊണ്ട് (ജോലി, വീട്, വിസ, ഭർത്താവ്, കാർ, രോഗസൗഖ്യം) മാത്രമേ ആശ്വാസം പ്രാപിക്കുകയുള്ളൂ. എന്റെ ആശ്വാസം അവൾക്കു മതിയാവുന്നില്ല. അവൾ ഇനിയും കഠിനമായി വിലപിച്ചുകൊണ്ടേയിരിക്കുന്നു." അതോ, ദൈവം ഇപ്രകാരം നമ്മെക്കുറിച്ച് അരുൾ ചെയ്യുമോ? "ഞാൻ എന്റെ മക്കളെ അവളുടെ കഷ്ടത്തിൽ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. എത്രയും പെട്ടെന്ന് അവൾ ആശ്വാസം എന്നിൽ കണ്ടെത്തി. എന്നെകൊണ്ട് അവൾ തൃപ്തയായി."

എല്ലാ സാഹചര്യങ്ങളിലും ദൈവത്തെകൊണ്ട് തൃപ്തരാകുന്നവരായി നമുക്കു തീരാം. അവൻ നമ്മെ നോക്കുമ്പോൾ അവന്റെ ഹൃദയം നമ്മെ ചൊല്ലി സന്തോഷിക്കട്ടെ. മറ്റുള്ളവരിൽ നിന്നും സ്നേഹക്കുറവ്, തെറ്റിദ്ധാരണ, കരുതൽ ഇല്ലായ്മ, കുത്തുവാക്ക്, പീഡനം എന്നിവ അനുഭവിക്കുമ്പോഴും യേശുവിന്റെ സ്നേഹസ്വാന്തനത്തിൽ തൃപ്തിയും ആശ്വാസവും നമുക്ക് കണ്ടെത്താം.

ബെത്‌ലഹേമിൽ അനേകമനേകം കുഞ്ഞുങ്ങൾ കൊല്ലപ്പെട്ടു; എങ്കിലും തുടർന്നും യേശു ജീവിച്ചു. നമ്മുടെ ജഡത്തിൽ നിന്നും ഉത്ഭവിക്കുന്നതെന്തും നശിച്ചുപോയാലും യേശു തുടർന്നും നമ്മിൽ ജീവിക്കുന്നതിനാൽ നമുക്ക് ആശ്വാസം കൊള്ളാം. കാരണം യേശു ജീവിക്കുന്നതിനാൽ നാമും ജീവിക്കുന്നു. (യോഹന്നാൻ 14:19).

▲



**അനുഭവം**

# നീ എവിടെ പോകുന്നു?

"ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ ദിനന്തോറും തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ'' (ലൂക്കോസ് 9:23).

ക്വോവാദിസ്? ഇതൊരു ലത്തീൻ പ്രയോഗമാണ്. സെയിങ്കിവിച്ച് എന്ന പോളീഷ് എഴുത്തുകാരൻ ഈ തലക്കെട്ടിൽ എഴുതിയ പ്രശസ്തമായ പുസ്തകം കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ'ക്വോവാദിസ്' എന്ന പ്രയോഗത്തിന് പ്രചുരപ്രചാരം നൽകി. ലോകവ്യാപകമായ അംഗീകാരം ഈ പുസ്തകത്തിനു ലഭിച്ചു. സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് 1905 ൽ സെയിങ്കിവിച്ചിനെ ഈ പുസ്തകം അർഹനാക്കുകയും ചെയ്തു. ഈ പുസ്തകം പിന്നീട് ലോകപ്രശസ്തമായ ഒരു ചലച്ചിത്രമായും തീർന്നു. അപ്പോസ്തലനായ പത്രോസിന്റെ രക്തസാക്ഷിമരണത്തെക്കുറിച്ചുള്ള ഒരു ഐതീഹ്യത്തെ അടിസ്ഥാനമാക്കിയാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്. ('ഫോക്സസ് ബുക്ക് ഓഫ് മാർട്ടിയേഴ്സ് ' എന്ന ഗ്രന്ഥത്തിലും ഈ ഐതീഹ്യം ഉൾപ്പെടുത്തിയിട്ടുണ്ട്).

യേശു ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം സുവിശേഷം അന്നത്തെ ലോകത്തിൽ വ്യാപകമായി പ്രചരിച്ചു. പലരും തങ്ങളുടെ ജാതീയമായ വഴികളെ വിട്ട് കർത്താവിന്റെ പാതയിൽ നടക്കുവാൻ തുടങ്ങി. ഈ പുതുവഴി അന്നു നിലവിലിരുന്ന സമൂഹത്തിന്റെ ജീവിതരീതിക്ക് എതിരായിരുന്നു. ഫലം വലിയ പീഡനം ക്രിസ്ത്യാനികൾക്കെതിരെ ഉണ്ടായി. ക്രിസ്ത്യാനികളായ അനേക സ്ത്രീപുരുഷന്മാരും പൈതങ്ങളും തങ്ങളുടെ അരുമനാഥന്റെ കാലടിപ്പാടുകളെ പിൻതുടരാൻ കഴിയുന്നതിലുള്ള സന്തോഷത്തോടെ സധൈര്യം രക്തസാക്ഷികളായി. ക്രിസ്ത്യാനികളെ കൊല്ലുന്നത് ഒരു ദേശീയ വിനോദമായിത്തീർന്നു. റോമൻ കൊളോസിയം (അതിന്റെ അവശിഷ്ടങ്ങൾ ഇന്നുമുണ്ട്) രക്തദാഹികളായ കാഴ്ചക്കാരെക്കൊണ്ടു നിറയുമായിരുന്നു. സന്ധ്യമയങ്ങുമ്പോൾ നടക്കുന്ന ഈ ക്രൂരവിനോദം കാണാനുള്ള വെളിച്ചത്തിനുവേണ്ടി കൊളോസിയത്തിൽ തൂണുകളോടു ചേർത്തുക്രിസ്ത്യാനികളെ വരിഞ്ഞുകെട്ടി എണ്ണയൊഴിച്ച് പന്തം പോലെ കത്തിച്ചു നിർത്തിയിരുന്നു. കൊളോസിയത്തിലേക്കുള്ള വഴികളിലും വെളിച്ചം കാട്ടുവാൻ 'ജീവനുള്ള പന്തങ്ങൾ ' എരിഞ്ഞുനിന്നു.

റോമിൽ ക്രിസ്ത്യാനികൾക്കു നേരെ നടന്ന ഈ പീഡനങ്ങളാണു 'ക്വോവാദിസ്' എന്ന കഥയുടെ പശ്ചാത്തലം. പീഡനം വന്നപ്പോൾ പ്രായാധിക്യം പരിഗണിച്ചും പത്രോസിനോടുള്ള വിശ്വാസികളുടെ സ്നേഹാദരങ്ങൾ മൂലവും അവർ അദ്ദേഹത്തെ ഒളിപ്പിച്ചു. ഒടുവിൽ ഒരു രാത്രി ഒരു പഴുതു കിട്ടിയപ്പോൾ അവർ പത്രോസിനെ രഹസ്യമായി റോമാനഗരത്തിനു പുറത്തുകൊണ്ടുവന്ന ശേഷം ജീവരക്ഷയ്ക്കായി ഓടിപ്പോകാൻ ആവശ്യപ്പെട്ടു. റോമിൽനിന്ന് അകലേക്കുപോകുന്ന വഴിയിലുടെ പത്രോസ് പലായനം ചെയ്യുമ്പോൾ ഇതാ എതിരെ റോമാനഗരത്തിലേക്ക് യേശുക്രിസ്തു നടന്നു വരുന്നു.പത്രോസ് അമ്പരപ്പോടെ വിളിച്ചു

ചോദിച്ചു: ‘ ക്വോവാദിസ്?’ (നീ എവിടെ പോകുന്നു). കർത്താവിന്റെ മറുപടി: “ എന്റെ വിശുദ്ധന്മാരോടോപ്പം വീണ്ടും ക്രൂശിക്കപ്പെടുവാൻ ഞാൻ റോമിലേക്കു പോകുകയാണ് ” . അതുകേട്ട പത്രോസ് നേരെതിരിഞ്ഞു നടന്നു റോമിലെത്തി അവിടെ രക്തസാക്ഷിയായി . അവർ പത്രോസിനെ ക്രൂശിക്കാനായി തുനിഞ്ഞപ്പോൾ തന്റെ ഗുരുവിനേപ്പോലെ ക്രൂശിക്കപ്പെടുവാൻ തനിക്ക് അർഹതയില്ലാത്തതിനാൽ തന്നെ തല കീഴായി ക്രൂശിക്കണമെന്ന് പത്രോസ് ആവശ്യപ്പെട്ടുവത്രെ.

പത്രോസിന്റെ രക്തസാക്ഷിത്വം ഒരത്ഭുതം ആയിരുന്നില്ല. കർത്താവു തന്നെ അതിനെക്കുറിച്ച് പ്രവചിച്ചിരുന്നു : “നീ യൗവനക്കാരനായിരുന്നപ്പോൾ നീ തന്നെ അരകെട്ടി നിനക്ക് ഇഷ്ടമുള്ളയിടത്തേക്കു പോയിരുന്നു. നീ വൃദ്ധനായശേഷമോ നീ കൈനീട്ടുകയും മറ്റൊരുവൻ നിന്റെ അരകെട്ടി നിനക്ക് ഇഷ്ടമില്ലാത്തയിടത്തേക്കു കൊണ്ടുപോകുകയും ചെയ്യും.’’ അവൻ മരണത്തിൽ ഇങ്ങനെ തന്നെ മഹത്വപ്പെടുത്തുമെന്ന് അവിടുന്നു പറഞ്ഞു. ഇതു പറഞ്ഞശേഷം അവിടന്ന് അവനോട് ‘എന്നെ അനുഗമിക്ക ’ എന്നു പറഞ്ഞു (യോഹന്നാൻ 21:18-19). പത്രോസിന്റെ മാത്രമല്ല അപ്പോസ്തലന്മാരുടേയും എണ്ണമറ്റ അജ്ഞാതരായ ക്രിസ്ത്യാനികളുടേയും രക്തസാക്ഷിത്വത്തെക്കുറിച്ച് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നുവരെ കൊല്ലപ്പെട്ടവരും ജയിൽ ശിക്ഷ അനുഭവിക്കുന്നവരുമായ ക്രിസ്ത്യാനികളുടെ എണ്ണത്തെക്കുറിച്ചു കണക്കൊന്നുമില്ല. ദശലക്ഷങ്ങളിലാണ് ചിലർ ഇവരുടെ എണ്ണം കണക്കാക്കുന്നത് . നിങ്ങൾ നിങ്ങളുടെ ക്രൂശെടുത്ത് ഇന്ന് അവനെ അനുഗമിക്കുമോ? ഇല്ലെങ്കിൽ കർത്താവു നിന്നോടും ചോദിക്കുന്നു: ‘ക്വോവാദിസ് ’ ( നീ എവിടെ പോകുന്നു?).

●

# സുഖമായി ഉറങ്ങൂ

ഒരു രാത്രി ഹേഗിലെ ബ്രിട്ടീഷ് അംബാസിഡർ സർ ബുൾസ്ട്രോഡ് വൈറ്റ് ലോക്ക് തന്റെ രാജ്യത്തെക്കുറിച്ചുള്ള ചിന്താഭാരം മൂലം ഉറക്കം വരാതെ കിടക്കുകയാണ്. തന്റെ യജമാനൻ തിരിഞ്ഞും മറിഞ്ഞും കിടക്കുന്നതല്ലാതെ ഉറങ്ങുന്നില്ലെന്നു മനസ്സിലാക്കിയ വിശ്വാസിയായ ഭൃത്യൻ അദ്ദേഹത്തോടു ചോദിച്ചു:

“ സർ, ഞാൻ ഒരു കാര്യം ചോദിക്കട്ടെ. അങ്ങു ജനിക്കുന്നതിനു മുൻപ് ആരാണ് ഈ ലോകത്തെ ഭരിച്ചിരുന്നത്?”

“സംശയമെന്ത് ? ദൈവം”

“അങ്ങയുടെ മരണശേഷവും ഈ ലോകം മുന്നോട്ടുപോകുമല്ലോ, അപ്പോൾ ആരായിരിക്കും ലോകത്തെ ഭരിക്കുന്നത്?”

“സംശയമെന്താ ? ദൈവം തന്നെ”

“എങ്കിൽ സാർ ഞാൻ ഒന്നുകൂടി ചോദിക്കട്ടെ. ഇന്ന് ഈ ലോകത്തെ ആരാണ് യഥാർത്ഥത്തിൽ ഭരിക്കുന്നത് ?”

“സത്യത്തിൽ ദൈവമാണു ഭരിക്കുന്നത് ! ”

“എങ്കിൽ പിന്നെ അങ്ങെന്തിനാ ഉറക്കമൊഴിക്കുന്നത് ?സ്വസ്ഥമായി ഉറങ്ങിക്കൂടെ?”

സർ വൈറ്റ് ലോക്കിന് പുതിയൊരു വെളിച്ചം കിട്ടി. അദ്ദേഹം എല്ലാം ദൈവത്തിൽ ഭരമേല്പിച്ചിട്ടു സുഖമായി ഉറങ്ങി.

“ ആധിപത്യം അവന്റെ തോളിൽ....” (യെശയ്യാവ് 9:6)



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

***വായിച്ചു തുടങ്ങുംമുൻപ്......***

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്‌വെൽ.*

*ഞായറാഴ്ച. ‘യേശുവിനെ അനുഗമിക്കുക’ എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. ‘നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?’ എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്‌വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് ‘യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു’ എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി.*

*സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല. അവർ വീടുവിട്ടുപോയി. ഇതിനിടെ ചത്വരത്തിലെ മദ്യലോബിക്കെതിരേ യഥാർത്ഥക്രിസ്ത്യാനികൾ അണിനിരന്നു. ഈ പോരാട്ടത്തിൽ ലൊറീൻ രക്തസാക്ഷിയായി.*

*ഷിക്കാഗോയിലെ സഭശുശ്രൂഷകൻ ഡോ.ബ്രൂസ് റെയ്മണ്ടിലെ ഉണർവ്വിനെക്കുറിച്ച് അറിഞ്ഞ് അതു തന്റെ സഭയിലും പ്രാവൃത്തികമാക്കാൻ തുനിയുന്നു. ഡോ.ബ്രൂസും ബിഷോപ്പും തങ്ങളുടെ സ്ഥാനം രാജിവച്ച് ചേരിപ്രദേശത്ത് താമസമാരംഭിച്ചു.*

*തുടർന്നുവായിക്കുക....*

## 22

ബേൺസ് ജോലിയിൽ പ്രവേശിച്ച പ്രഥമദിവസം. ബിഷോപ്പ് വസിച്ചിരുന്ന ആസ്ഥാനമന്ദിരത്തിന്റെ മുൻവാതിലിലെ പടിക്കെട്ടുകൾ വൃത്തിയാക്കുന്ന ജോലിയിലായിരുന്നു ബേൺസ്. അതിനിടയിൽ അയാൾ നോക്കിയപ്പോൾ മുമ്പിലെ ഇടവഴിക്കപ്പുറത്ത് “ബീയർ” എന്നെഴുതിയിരിക്കുന്ന ഒരു ബോർഡ്. കയ്യിലിരിക്കുന്ന ചൂലിന്റെ അഗ്രം കൊണ്ടു തൊടാൻ കഴിയും. നിരത്തിനപ്പുറത്ത് രണ്ടു വലിയ മദ്യശാലകൾ. അല്പംകൂടി താഴേക്ക് നോക്കിയപ്പോൾ മൂന്നെണ്ണം കൂടി.

പെട്ടെന്നു മുമ്പിലെ മദ്യശാലയുടെ

വാതിൽ തുറക്കപ്പെട്ടു. ഒരാൾ പുറത്തേക്കു വന്നു. ഒപ്പം ബീയറിന്റെ മണം വന്നു ബേൺസിനെ പൊതിഞ്ഞു. അയാൾ ചൂൽപ്പിടിയിൽ ഇരുകൈകളും മുറുകെപ്പിടിച്ച് ആഞ്ഞു തൂക്കാൻ തുടങ്ങി. കാലുകൾ പടിയിലൂടെ താഴേക്കു താഴേക്കു നീങ്ങിക്കൊണ്ടിരുന്നു. വൃത്തിയാക്കിയ പടി തന്നെ വീണ്ടും വീണ്ടും വൃത്തിയാക്കി. വീണ്ടും വാതിൽ തുറക്കപ്പെട്ടു. മൂന്നാലുപേർ പുറത്തേക്കു വന്നു. ബീയറിന്റെ ശക്തമായ ഗന്ധം അന്തരീക്ഷത്തിൽ നിറഞ്ഞു. ചൂൽപ്പിടിയിൽപിടിച്ചിരുന്ന കൈത്തലങ്ങൾ ചുവന്നു ചോര നിറമായി. ആശാവിളംബം അയാളെ വെറിപിടിപ്പിച്ചു. ഒരു പടി മുകളിലേക്കു കയറി. വൃത്തിയാക്കിയ പടി വീണ്ടും വീണ്ടും വൃത്തിയാക്കി. ഒടുവിൽ മുകളിലേക്കു കയറി ദൂരേക്കു നടന്നുപോയി. ഇപ്പോൾ മദ്യശാല കാണാമെങ്കിലും ഗന്ധം മൂക്കിലേക്കു വരുന്നില്ല. പക്ഷേ അവിടെ നിന്നു നോക്കിയപ്പോഴാണ് ഒരു പടികൂടി വൃത്തിയാക്കാൻ ബാക്കിയുണ്ടെന്നു കണ്ടെത്തിയത്. അയാൾ വീണ്ടും അവിടേക്കു ചെന്നു. മുഖം ആസ്ഥാനമന്ദിരത്തിനു നേരെയും പിൻഭാഗം മദ്യശാലയ്ക്കു നേരേയുമാക്കി നിന്ന് അയാൾ ജോലി തുടങ്ങി. പക്ഷേ മദ്യത്തിന്റെ രൂക്ഷ ഗന്ധം അയാളെ പിടിച്ചു വലിക്കാൻ തുടങ്ങി.

''ദൈവമേ! ബിഷോപ്പ് ഇപ്പോഴൊന്നു വന്നിരുന്നെങ്കിൽ''

അയാൾ നിലവിളിച്ചു.

ബിഷോപ്പും ഡോ.ബ്രൂസും കൂടി എവിടേക്കോ പോയിരുന്നു. ആന്തരിക സംഘർഷത്താൽ അയാളുടെ മുഖം വലിഞ്ഞു മുറുകി. തണുപ്പിലും അയാൾ വിയർത്തൊഴുകിക്കൊണ്ടിരുന്നു.

പ്രലോഭനം നിയന്ത്രണാതീതമായി. തൊപ്പിയൂരി വിയർപ്പുതുടച്ചു. അയാളുടെ ചുണ്ടുകൾ വരളുകയും പല്ലുകൾ കൂട്ടിയുരസുകയും ചെയ്തു. ശരീരം വിറകൊള്ളുകയും മദ്യപിച്ച ഒരാളെപ്പോലെ വേച്ചു പോവുകയും ചെയ്തു. ഉള്ളിൽ പ്രാണൻ പൊരിഞ്ഞു.

പെട്ടെന്നു അയാളറിയാതെ തന്നെ മദ്യശാലയ്ക്കുമുമ്പിലെത്തി. ജനാലയിലൂടെ നിരനിയായി അടുക്കിവച്ചിരിക്കുന്ന മദ്യക്കുപ്പികളെ ആസക്തിയോടെ ഉഴിഞ്ഞുകൊണ്ടിരുന്നു കണ്ണുകൾ. നാവിൽ വെള്ളമൂറുകയും ചുണ്ടുകളിൽ നനവു പടരുകയും ചെയ്തു. ഒരു കാൽ മുമ്പോട്ടു വയ്ക്കുന്നതിനിടയിൽ ആരും കാണാതെ ചുറ്റും നോക്കി. ഈ സമയം വാതിൽ തുറക്കപ്പെടുകയും ഒരാൾ പുറത്തേക്കു വരികയും ചെയ്തു. പെട്ടെന്നു മദ്യത്തിന്റെ പിടിച്ചുവലിക്കുന്ന ഗന്ധം മൂക്കിലേക്കു തുളഞ്ഞുകയറി. അടുത്ത ചുവടു അടഞ്ഞ വാതിലിന്റെ മുമ്പിലേക്കായിരുന്നു. കൈനീട്ടി വാതിൽപ്പടിയിൽ പിടിച്ചതും ആജാനുബാഹുവായ ഒരാൾ പിന്നിലൂടെ അടുത്തുവന്നു. അതു ബിഷോപ്പായിരുന്നു.

ബിഷോപ്പിന്റെ കരങ്ങൾ ബേൺസിനെ പിടികൂടി വലിച്ച് ഇടവഴിയിലേക്കിറക്കി. മദ്യത്തിനുവേണ്ടി വെറിപൂണ്ടുനില്ക്കുന്ന അവസ്ഥയിൽ അയാൾക്കു താങ്ങാൻ കഴിയുന്നതിലപ്പുറമായിരുന്നു അത്. തന്നെ പിടിച്ചു വലിച്ചതാരെന്നു നോക്കാനുള്ള വിവേകം അയാളിൽ അവശേഷിച്ചിരുന്നില്ല. പുലഭ്യം പറഞ്ഞുകൊണ്ട് കൈനീട്ടി പ്രഹരിച്ചതും ഒപ്പമായിരുന്നു. അടിയേറ്റതു ബിഷോപ്പിന്റെ കവിളിലാണ്. മുഖം കരുവാളിച്ചു. അദ്ദേഹം ഒരക്ഷരവും പറഞ്ഞില്ല എങ്കിലും മുഖത്തു ദുഃഖം തളംകെട്ടി. അദ്ദേഹം ബേൺസിനെ ഒരു കുഞ്ഞിനെയെന്നപോലെ പൊക്കിയെടുത്തു മന്ദിരത്തിനുള്ളിലേക്കു കയറിപ്പോയി. മുമ്പിലെ ഹാളിലേക്കു പ്രവേശിച്ചു പിന്നിൽ വാതിലടഞ്ഞ ശേഷമേ അയാളെ താഴെ നിർത്തിയുള്ളൂ.







*''ഞാനും അന്ന് പ്രതിജ്ഞയെടുത്ത കൂട്ടത്തിലായിരുന്നു''*
*''എനിക്കറിയാം''*

ബേൺസ് മുട്ടുകുത്തി കരയാനും പ്രാർത്ഥിക്കാനും തുടങ്ങി. ബിഷോപ്പ് നിന്നു കിതയ്ക്കുന്നുണ്ടായിരുന്നു- ബേൺസ് വലിയ ഭാരമുള്ള ഒരാളായിരുന്നെങ്കിലും ബിഷോപ്പിനു അയാളോടു തികഞ്ഞ സഹതാപമായിരുന്നു.

“പ്രാർത്ഥിക്കൂ ബേൺസ്, മുമ്പൊരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്തതു പോലെ കരഞ്ഞു പ്രാർത്ഥിക്കൂ. മറ്റൊന്നിനും നിന്നെ രക്ഷിക്കാനാവില്ല.”

“ഹൊ! ദൈവമേ, എന്നെ രക്ഷിക്കൂ. എന്നോടൊപ്പം പ്രാർത്ഥിക്കൂ. എന്റെ നരകത്തിൽ നിന്നും എന്നെ രക്ഷിക്കൂ.” ബേൺസ് നിലവിളിച്ചു.

ബിഷോപ്പ് അയാളോടൊപ്പം മുട്ടുമടക്കുകയും പ്രാർത്ഥിക്കയും ചെയ്തു. അതിനുശേഷം അവർ എണീറ്റു. ബേൺസ് തന്റെ മുറിയിലേക്ക് പോയി. ആ സംഭവം ബേൺസിനെ ഒരു ശിശുവിനെപ്പോലെ എളിമയുള്ളവനാക്കി. ബിഷോപ്പ് യേശുവിന്റെ അടയാളം ശരീരത്തിൽ വഹിക്കുന്നവനായി കൂടുതൽ പരിജ്ഞാനം പ്രാപിച്ചു. യേശുവിനെ അനുഗമിക്കുന്നതിൽ ചില പുതിയ പാഠങ്ങൾ ആ അനുഭവത്തിലൂടെ ബിഷോപ്പിനു ലഭിച്ചു.

ബേൺസിനു വീണ്ടും പ്രലോഭനത്തിന്റെ കെണിയൊരുക്കിക്കൊണ്ട് മദ്യശാല അവിടെ നിന്നിരുന്നു. അതിന്റെ ഗന്ധവും ആകർഷണവും അയാൾക്കെങ്ങനെ അതിജീവിക്കാൻ കഴിയും? ബിഷോപ്പ് പുറത്തേക്കു വന്നു. മദ്യത്തിന്റെ ഗന്ധം അന്തരീക്ഷത്തിൽ നിറഞ്ഞു നിന്നിരുന്നു. “എന്റെ ദൈവമേ, ഇത് എത്രനാളാണ്?'' അദ്ദേഹം പ്രാർത്ഥിച്ചു. ഡോ.ബ്രൂസ് അവിടേക്കു വന്നു. രണ്ടു സുഹൃത്തുക്കളും ബേൺസിന്റെ പ്രലോഭനങ്ങളെ

ക്കുറിച്ചു സംസാരിച്ചു.

"ഈ മദ്യശാല ഇരിക്കുന്ന കെട്ടിടം ആരുടേതാണ്?" ബിഷോപ്പ് ചോദിച്ചു.

"എനിക്കറിഞ്ഞുകൂടാ. ആവശ്യമെങ്കിൽ ഞാനന്വേഷിക്കാം. പക്ഷേ ഈ നഗരത്തിലെ മദ്യശാലകൾക്കെതിരേ നാമെന്തു ചെയ്യും? അതു പള്ളികൾ പോലെയും രാഷ്ട്രീയപാർട്ടികൾ പോലെയും വ്യവസ്ഥാപിതമാണ്. എന്തു ശക്തിക്കാണതിനെ ഇല്ലാതാക്കാൻ കഴിയുക?"

"അടിമവ്യവസായം അവസാനിപ്പിച്ചതുപോലെ ദൈവത്തിന് ഇതും നീക്കാൻ കഴിയും." ബിഷോപ്പ് ഉറച്ച ശബ്ദത്തിൽ മറുപടി നൽകി.'' എന്നാൽ ഈ മദ്യശാല ആരാണു നടത്തുന്നതെന്നു നാം അന്വേഷിക്കേണ്ടതുണ്ട്."

''അതു ഞാൻ അന്വേഷിക്കാം.'' ബ്രൂസ് പറഞ്ഞു.

രണ്ടു ദിവസം കഴിഞ്ഞ് നസ്രത്ത് അവന്യൂ സഭയിലെ ഒരു അംഗത്തിന്റെ ഓഫീസിലേക്ക് അദ്ദേഹം കടന്നു ചെന്ന് തനിക്ക് ചില നിമിഷങ്ങൾ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു.

''ഞാനും ബിഷോപ്പും ഇപ്പോൾ ആയിരിക്കുന്ന മന്ദിരത്തിനു സമീപമുള്ള കെട്ടിടത്തെക്കുറിച്ച് അന്വേഷിക്കാനാണ് ഞാൻ കാണണമെന്നു പറഞ്ഞത്. മൂഢമായ കാലതാമസത്തിന് സമയമില്ലാത്തവണ്ണം നമ്മുടെ ജീവിതം ഹ്രസ്വമാണെന്നതു കൊണ്ടാണ് ഞാൻ കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ തുറന്നു പറയുന്നത്. ക്ലെയ്റ്റൺ, ആ കെട്ടിടം ഒരു മദ്യശാലയ്ക്കുവേണ്ടി കൊടുത്തിരിക്കുന്നതു ശരിയോ?"

ഒത്തുതീർപ്പില്ലാത്ത മൂർച്ചയുള്ള ആ ചോദ്യത്തിനുമുമ്പിൽ സഭാംഗത്തിനു പെട്ടെന്നു തന്നെ മറുപടി പറയേണ്ടിവന്നു.

അയാൾ വിളറുകയും തലകുനിക്കയും ചെയ്തു. തല നിവർന്നപ്പോൾ കണ്ണുകളിൽ കണ്ണുനീർ! ഡോ.ബ്രൂസ് അത്ഭുതപ്പെട്ടുപോയി. "ഞാനും അന്ന് പ്രതിജ്ഞയെടുത്ത കൂട്ടത്തിലായിരുന്നു"

"എനിക്കറിയാം"

"ആ മദ്യശാലക്കെട്ടിടം തന്നെയാണ് എന്റെ പിന്മാറ്റത്തിനു കാരണം. എനിക്കേറ്റവും നല്ല വരുമാനം നേടിത്തരുന്നതും ആ കെട്ടിടമാണ്. അതു തന്നെ പിശാച് എനിക്ക് പരീക്ഷയാക്കിത്തീർത്തു. ഞാൻ അനുഗമിക്കാമെന്നു പ്രതിജ്ഞയെടുത്ത കർത്താവിനെ തള്ളിപ്പറയാൻ കാരണമായിത്തീർന്നത് ഭൗമികമായ ഈ ചെറിയ വരുമാനമാണ് എന്നത് ഞാൻ ദുഃഖത്തോടെ ഓർത്തുകൊണ്ടിരിക്കയായിരുന്നു. യേശു ഒരിക്കലും ഇങ്ങനെയൊരു കെട്ടിടം മദ്യശാലയ്ക്കു കൊടുക്കുമെന്നു ഞാൻ കരുതുന്നില്ല. ഡോ.ബ്രൂസ്, താങ്കൾ കൂടുതലൊന്നും പറയേണ്ട ആവശ്യമില്ല."

ക്ലെയ്റ്റൺ നീട്ടിയ കരങ്ങളിൽ ഡോ.ബ്രൂസ് ഗാഢമായി പിടിച്ചു. ഒരു നിമിഷം ആ കണ്ണുകൾ പരസ്പരം കോർത്തു. പിന്നെ പിരിഞ്ഞു. ക്ലെയ്റ്റൺ കടന്നുപോയ ശോധനയുടെ വഴികളെക്കുറിച്ച് ഡോ.ബ്രൂസ് പിന്നീടാണ് അറിഞ്ഞത്. നസ്രത്ത് അവന്യൂ സഭ പ്രതിജ്ഞയെടുത്ത ശേഷമുള്ള അതിന്റെ ചരിത്രത്തിന്റെ ഒരു ഭാഗമാണതും. പാപം നിറഞ്ഞ ആ നഗരത്തിനു മുകളിൽ ധനസമ്പാദനം തപസ്യയാക്കിയ തണുത്തുറഞ്ഞ ഹൃദയങ്ങളിൽ മാനസാന്തരത്തിന്റെ ചൂടു പകരുവാൻ വേണ്ടി സഭാമക്കൾ ഉണരുവോളം പരിശുദ്ധാത്മാവു ആവസിച്ചു പരിവർത്തിച്ചു കൊണ്ടിരുന്നത് ക്ലെയ്റ്റണും ബ്രൂസും അറിഞ്ഞില്ല. അധിവാസകേന്ദ്രത്തിലെ ചില അത്ഭുതങ്ങൾ മാത്രമേ അവർ കണ്ടിരുന്നുള്ളൂ. എന്നാൽ ഈ ലോകത്തിൽ ഈ കാലഘട്ടത്തിൽത്തന്നെ സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് അവർ കരുതാത്ത സ്വർഗ്ഗീയ അത്ഭുതങ്ങൾ അവരെ





കാത്തിരിക്കുന്നുണ്ടായിരുന്നു.

ഒരു മാസത്തിനകംതന്നെ അധിവാസകേന്ദ്രത്തിനു സമീപമുണ്ടായിരുന്ന മദ്യശാല അടച്ചു. അവരുടെ പാട്ടക്കരാറിന്റെ കാലാവധി അവസാനിച്ചതോടെ ക്ലെയ്റ്റൺ അവരെ ഒഴിപ്പിച്ചു എന്നു മാത്രമല്ല ആ സ്ഥലം ബിഷോപ്പിനു കൈമാറുകയും ചെയ്തു. ബിഷോപ്പും ഡോ.ബ്രൂസും അതിനെ വിപുലപ്പെടുത്തി. പുനരധിവാസത്തിനു സഹായകമായ കൂടുതൽ സംരംഭങ്ങൾ സ്ഥാപിക്കാനായി അതു വിനിയോഗിച്ചു.

അതിലെ ഒരു പ്രധാന സംരംഭമായിരുന്നു ഫെലീഷ്യായുടെ ശുദ്ധമായ ഭക്ഷണശാല. അവിടെ സേവനങ്ങൾക്കായി അയയ്ക്കുന്ന പെൺകുട്ടികൾക്ക് താമസിച്ച് ഗൃഹപരിപാലനത്തിലും മറ്റും പരിശീലനം നേടാൻ സൗകര്യമുണ്ടായിരുന്നു. ഫെലീഷ്യാ ഇവിടേക്കു മാറിയപ്പോൾ വയലിൻ വിദഗ്ധയായ മാർത്ത, ബിഷോപ്പ് ഈ പെൺകുട്ടികളെ ആദ്യം കണ്ടെത്തിയ വീട്ടിൽത്തന്നെ താമസം തുടർന്നുവെങ്കിലും വാരാന്ത്യത്തിൽ ഇവിടേക്കു കടന്നുവന്ന് ഈ പെൺകുട്ടികൾ വയലിൻ പരിശീലനവും നൽകിപ്പോന്നു.

ഒരു ദിവസം ഒരു ഇടവേളയിൽ ബിഷോപ്പ് ഫെലീഷ്യായോടു ചോദിച്ചു:"ഫെലീഷ്യാ, നിന്റെ പദ്ധതിയുടെ പൂർണ്ണരേഖ എന്താണ്?"

" ആ കെട്ടിടത്തിലെ വലിയ രണ്ടു മുറികളും ഒരു സ്വീറ്റു പോലെ ചമയിച്ചാൽ ഈ പെൺകുട്ടികളെ ഗൃഹാലങ്കാരത്തിലും മറ്റും പ്രായോഗികപരിശീലനം നൽകാം. അതൊരു ആറുമാസ കോഴ്സായി ചിട്ടപ്പെടുത്തി പാചകം, ശുചിത്വം, വേഗത, ക്ഷമത, ജോലി ചെയ്യാനുള്ള ആഭിമുഖ്യം ഇവ വളർത്തിയെടുക്കാനും കഴിയും. ഇത്രയും കാര്യത്തിൽ പരിശീലനം ലഭിച്ചാൽ അത് അവർക്കും അവരുടെ സേവനം ലഭിക്കുന്നവർക്കും വലിയ ഒരു മുതൽക്കൂട്ടായിരിക്കും. ഇപ്പോൾ 'ശുദ്ധമായ ഭക്ഷണം' എന്ന പരിപാടിക്കു തന്നെ വലിയ സ്വീകരണമാണു പരക്കെ ലഭിച്ചിരിക്കുന്നത്."

"നീ പറഞ്ഞ കാര്യങ്ങളുടെ പകുതി സാദ്ധ്യമായാൽപ്പോലും അതു സമൂഹത്തിനു വലിയ അനുഗ്രഹമാകും'' ശ്രീമതി ബ്രൂസ് പറഞ്ഞു.

''അതുതന്നെയാണു ഞങ്ങൾക്കെല്ലാം പറയാനുള്ളത്" ബിഷോപ്പും ഡോ.ബ്രൂസും വലിയ സ്വാഗതത്തോടെ പറഞ്ഞു. തന്റെ ശിഷ്യത്വത്തെ പ്രായോഗികകാര്യങ്ങളിലേക്കു വ്യാപിപ്പിക്കുന്ന അവളുടെ വീക്ഷണത്തോട് അവർ മതിപ്പു പ്രകടിപ്പിച്ചു.

ഫെലീഷ്യായുടെ പ്രവർത്തനം പ്രതീക്ഷിച്ചതിനേക്കാൾ വിജയകരമായിരുന്നു. അത്ഭുതകരമായ ഉൾക്കാഴ്ചയോടെ അവൾ കാര്യങ്ങൾ ആസൂത്രണം ചെയ്തു. പെൺകുട്ടികൾ വളരെ വേഗത്തിൽ പാഠങ്ങൾ ഉൾക്കൊണ്ട് കരവിരുതും കാര്യക്ഷമതയും നേടി. ആ പുനരധിവാസകേന്ദ്രത്തിന്റെ ചരിത്രത്തിൽ നിർണ്ണായകമായ സ്ഥാനം ഫെലീഷ്യായുടെ പ്രവർത്തനങ്ങൾക്കുണ്ടായി.

ശൈത്യകാലം അതിന്റെ എല്ലാ കാഠിന്യങ്ങളോടുംകൂടെ വന്നണഞ്ഞു. ധനികരും ദരിദ്രരും തമ്മിലും വിവിധ സംസ്ക്കാരങ്ങൾ തമ്മിലും അഭ്യസ്തവിദ്യരും അല്ലാത്തവരും തമ്മിലുമൊക്കെയുള്ള വിടവ് ഏറ്റവും രൂക്ഷവും പ്രകടവുമാകുന്നത് ശൈത്യകാലത്താണ്. ധനികർ സൽക്കാരങ്ങളിലും നൃത്തങ്ങളിലും വീഞ്ഞിലും വെറിക്കൂത്തിലും ഫാഷൻ പ്രദർശനങ്ങളിലും മുഴുകിയപ്പോൾ മറുവശത്ത് ആവശ്യത്തിനു ചൂടുവസ്ത്രങ്ങളില്ലാതെയും ഭക്ഷണം പോലുമില്ലാതെയും വലയുന്ന അനുഭവങ്ങളായിരുന്നു. ഭക്ഷണത്തിനും വിറകിനും വസ്ത്രങ്ങൾക്കും ഇത്രമാത്രം ദാരിദ്ര്യം അനുഭവപ്പെട്ട സമയം ഇതുപോലെ മുൻപുണ്ടായിട്ടി

ല്ല. ബിഷോപ്പും ഡോ.ബ്രൂസും സഹായികളുമായി ഓരോ രാത്രിയും തെരുവുനീളെ നടന്നു വിശന്നു തണുത്തു വിറയ്ക്കുന്ന സ്ത്രീപുരുഷന്മാരെയും കുട്ടികളെയും കണ്ടെത്തുവാൻ ബദ്ധപ്പെട്ടു. സഭകളും സന്നദ്ധസംഘടനകളും മറ്റും ധാരാളം സഹായങ്ങൾ എത്തിച്ചിരുന്നു. പക്ഷേ ഒരു ക്രിസ്തുശിഷ്യൻ നേരിട്ടു നൽകേണ്ട ഒരു കാരുണ്യസ്പർശത്തിന്റെ അഭാവം ഇതിലെല്ലാമുണ്ടായിരുന്നു. അത്തരത്തിൽ ഗുരുവിനോടുള്ള അനുസരണത്തിലേക്കു വന്ന ശിഷ്യത്വം ക്രൈസ്തവലോകത്തിനു കൈമോശം വന്നിരുന്നു. ഈ അവസ്ഥ ബിഷോപ്പിന്റെ മനസ്സിടിയുവാനും ദുഃഖിതനാകുവാനും കാരണമായി. ദാനങ്ങൾ നൽകുവാൻ ആളുകൾ തയ്യാറാണ്. സ്വയം നൽകുവാൻ ആരും തയ്യാറല്ല. അവർ നൽകുന്നതും തങ്ങൾക്ക് ഒരു നോവും നഷ്ടവും ഉണ്ടാകാതെ അനായാസമായി കൊടുക്കാൻ കഴിയുന്ന തുകകളാണ്. അതിൽ ഒരു ത്യാഗവും ഉണ്ടായിരുന്നില്ല. യേശുവിനെ അനുഗമിക്കാതെ എങ്ങനെയാണ് ത്യാഗമനോഭാവം ഉണ്ടാവുക? താൻ ആയിരുന്ന കുലീനരുടെ സഭയിൽ യഥാർത്ഥക്രിസ്തീയ ജീവിതത്തിനു മനസ്സുള്ളവർ എത്ര തുച്ഛമാണെന്നു കണ്ടെത്തിയാണു പുതിയൊരു വഴിത്താരയിലേക്കു കടന്നത്. തങ്ങൾക്കുപയോഗയോഗ്യമല്ലാത്ത വസ്ത്രങ്ങൾ നൽകുന്നതും തുച്ഛമായ തുകകൾ സംഭരിക്കുന്നതും ഒക്കെയാണോ കാരുണ്യം? ഒരു സൽക്കാരമോ വിരുന്നോ നൃത്തമോ നാടകമോ ഫാഷൻ പ്രദർശനമോ ഒഴിവാക്കി ആർക്കെങ്കിലും ഒരു കാരുണ്യസ്പർശം നൽകാൻ കഴിയാത്തവർ എങ്ങനെ ഉദാരമനസ്ക്കരാകും? ഇത്തരം ജോലികൾ സംഘടനകളെ ഏല്പ്പിക്കയാണോ വേണ്ടത്? ഇതൊക്കെയും ബിഷോപ്പ് തന്നോടുതന്നെ ചോദിച്ചു പാപം സമ്മാനിക്കുന്ന ദുഃഖത്തിന്റെയും ദുരിതത്തിന്റെയും ആഴങ്ങൾ തന്റെ മുമ്പിൽ കണ്ണുതുറിച്ചു നില്ക്കുന്നതു കണ്ട് നടുങ്ങിയിരുന്നു. എങ്കിലും ആ ക്രൂശ് സന്തോഷത്തോടെ വഹിക്കാനുള്ള ഒരു ആന്തരികപ്രേരണ അദ്ദേഹത്തിലുണ്ടായിരുന്നു. എങ്കിലും പരിശുദ്ധാത്മാവ് ഓരോ സഭകളിലും വ്യാപരിച്ചുകൊണ്ടിരുന്നു. ഒരു പകർച്ചവ്യാധിയെപ്പോലെ തങ്ങൾ വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്ന ദാരിദ്ര്യത്തിന്റെ ഈ ഭയാനകതയോടുള്ള മനോഭാവത്തിന്മേൽ നിശ്ശബ്ദമായും ശക്തമായും പരിശുദ്ധാത്മാവ് ഹൃദയങ്ങളെ ഉണർത്തിക്കൊണ്ടിരുന്നു. എങ്കിലും നസ്രത്ത് അവന്യൂ സഭയിൽ ഡോ.ബ്രൂസും ബിഷോപ്പും തങ്ങളുടെ പ്രതിജ്ഞയോടു വിശ്വസ്തരായതുപോലെയുള്ള ചലനങ്ങൾ തുടന്നുണ്ടായില്ല. (തുടരും) ●

ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള പുസ്തകങ്ങളിലെ
തെരഞ്ഞെടുത്ത വാക്യങ്ങളുടെ 70 മണിക്കൂർ കമന്ററി. ഇംഗ്ലീഷ് സി.ഡി

'ത്രൂ ദി ബൈബിൾ'

ബ്രദർ സാക് പുന്നൻ

100/- രൂപ മാത്രം

ബന്ധപ്പെടുക
ജീവമൊഴി സി.ഡി വിഭാഗം
കുമാരനല്ലൂർ പി.ഒ, കോട്ടയം-16.
ഫോൺ 0481 2392963, 09249516234





# സമർപ്പണവും വിശ്വാസവും

പേജ് 10 ൽ നിന്ന്

ഒരിക്കൽ പറഞ്ഞു "നിങ്ങൾക്ക് ഉപേക്ഷിക്കാൻ വയ്യാത്ത ഒരു പാപം ജീവിതത്തിലുണ്ടെങ്കിൽ അതിനെ യേശുവിന്റെ അടുത്തേക്കു കൊണ്ടുവരിക. അവിടുന്ന് അതിനെ നശിപ്പിക്കട്ടെ." മറ്റുള്ളവർ കുഴപ്പമില്ലെന്നു കരുതുന്ന എന്തെങ്കിലും ശീലമായിരിക്കാം ഒരു പക്ഷേ അത്.

"നിങ്ങൾ സമർപ്പണത്തെക്കുറിച്ച് പറയുമ്പോഴൊക്കെ ഞാൻ എന്റെ പുകവലിക്കുന്ന പൈപ്പിനെക്കുറിച്ചാണു ചിന്തിക്കുന്നത്" ഒരിക്കൽ ഒരാൾ ഈ എഴുത്തുകാരനോടു പറഞ്ഞു. പുകവലിയെക്കുറിച്ച് ഒരുവാക്കുപോലും പറഞ്ഞില്ല. പക്ഷേ സമർപ്പണത്തിലേക്കു വന്നപ്പോൾ പൈപ്പു മാറ്റിവയ്ക്കേണ്ടി വന്നു. എന്റെ ഈ പരാമർശം ക്ഷമിക്കുക. (സത്യത്തിൽ അതു ശരിയാണ്. അല്ലെങ്കിൽ ഇവിടെ രേഖപ്പെടുത്തുകയില്ലായിരുന്നു)-പുകവലിക്കാൻ മനസ്സാക്ഷി അനുവദിക്കുന്ന ക്രിസ്ത്യാനികളിൽ വളരെ വളരെ ചുരുക്കം പേരെ മാത്രമേ സമ്പൂർണസമർപ്പണം ഉള്ളവരായി നിങ്ങൾ കണ്ടെത്തുകയുള്ളൂ.

വർത്തമാനകാലത്തിലെ നിങ്ങളുടെ വിജയത്തെ ഭാവിയെക്കുറിച്ചുള്ള ഒരാശങ്കയും കവർന്നെടുക്കരുതെന്ന് ഒരു മുന്നറിയിപ്പ് കൂടി നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. കെസ്വിക് കൺവൻഷനു വന്ന ഒരു മിഷനറി പറഞ്ഞു "ഞാൻ എല്ലാം ക്രിസ്തുവിനായി സമർപ്പിച്ചു കഴിഞ്ഞു. ഞാൻ വളരെ സന്തുഷ്ടനാണ്. എന്നാൽ തിരിച്ചു വീട്ടിൽ ചെല്ലുമ്പോൾ എന്തു സംഭവിക്കുമെന്നോർത്ത് എനിക്കു പേടിയുണ്ട്." ഭാവി പൂർണമായി സമർപ്പിച്ചിട്ടില്ലെന്ന് ഇതിൽ നിന്നു വ്യക്തമല്ലേ?

ഡോ. എ.ടി. പിയേഴ്സൺ തന്റെ അവസാനപ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു " മരിക്കാൻ പോകുന്ന ഒരു മനുഷ്യൻ പറയുന്നതെന്ന നിലയിൽ എന്റെ വാക്കുകൾ വിശ്വസിക്കുക. ദൈവത്തിൽ നിന്നു ലഭിക്കാമായിരുന്നതു മുഴുവൻ ആർക്കും ഒരിക്കലും ലഭിച്ചിട്ടില്ല." എന്തുകൊണ്ട്? നാം നമുക്കുള്ളതിനെയും നമ്മളേയും തന്നെ മുഴുവനായി സമർപ്പിക്കാതിരുന്നാൽ ദൈവത്തിനു എല്ലാം നൽകാൻ കഴിയാതെ പോകും. ഇക്കാര്യത്തിൽ നിങ്ങൾക്കെന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ യേശുകർത്താവിനോടുള്ള സമർപ്പണത്തെ തന്നെ വീണ്ടും സമർപ്പിക്കുക.

**വിജയത്തിന്റെ ദിവസം ഇന്നാണ്**

വർത്തമാനകാലത്താണ് വിജയത്തിന്റെ അവസരം. യേശുകർത്താവിനെ ഇപ്പോൾ മഹത്വപ്പെടുത്തുക എന്നതായിരിക്കട്ടെ എപ്പോഴുമുള്ള നിങ്ങളുടെ ലക്ഷ്യം. നാളെയോ അടുത്ത ഞായറാഴ്ചയോ ചെയ്യാനിരിക്കുന്ന കാര്യങ്ങളിൽ മനസ്സുറപ്പിച്ചിരിക്കുന്നതുകൊണ്ട് അനേകം ക്രിസ്ത്യാനികളും ഇപ്പോൾ ലഭിക്കുന്ന അവസരങ്ങളെ നഷ്ടപ്പെടുത്താറുണ്ട്. വർത്തമാനകാലത്തിൽ ജീവിക്കാൻ അഭ്യസിക്കുക. യേശുക്രിസ്തുവിന് തന്റെ മഹത്വം, തന്നെത്തന്നെ എന്നിലൂടെ ഇന്ന് ഇപ്പോൾ, ഈ നിമിഷം, എങ്ങനെയാണു വെളിപ്പെടുത്താൻ കഴിയുക? ഇതായിരിക്കണം നമ്മുടെ താൽപര്യം.

ഒരുപക്ഷേ, ക്രിസ്തുവിലുള്ള വിജയത്തിന്റെ രഹസ്യം ഇവിടെയാണ്- കൃപ എപ്പോഴാണോ ആവശ്യം അപ്പോഴാണ് ദൈവം ആവശ്യമുള്ള കൃപ നൽകുന്നത്.

"മരണസമയത്തേക്ക് ആവശ്യമുള്ള കൃപ നിങ്ങൾക്കു ലഭിച്ചിട്ടുണ്ടോ?" ചാൾസ് സ്പർജ്ജനോട് ഒരിക്കൽ ഒരു

സ്ത്രീ ചോദിച്ചു. “ഇല്ല മാഡം, ഇപ്പോൾ എനിക്കത് ആവശ്യമില്ല. പക്ഷേ ദൈവത്തിനു മഹത്വം. ഇപ്പോൾ എനിക്കു ജീവിക്കാനുള്ള കൃപയാണുള്ളത്”-ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

സമർപ്പിക്കുക. ഉപേക്ഷിക്കുക. പിന്നെ ക്രിസ്തുവിങ്കലേക്കു വിശ്വാസത്തോടെ നോക്കുക. അതു പൂർത്തിയാക്കുവാൻ ദൈവത്തെ അനുവദിക്കുക.

കർത്താവായ യേശുക്രിസ്തുവിനോട് നിങ്ങളെ ക്രൂശിക്കുവാനും അവിടുത്തെ പുനരുത്ഥാനശക്തി നൽകുവാനും ആവശ്യപ്പെടുക. ‘ദി ക്രി സ്റ്റ്യൻസ് സീക്രട്ട് ഓഫ് എ ഹാപ്പി ലൈഫ്’ എന്ന മനോഹരമായ ഗ്രന്ഥത്തിൽ ഒരധ്യായം ഇങ്ങനെയാണ്:-

**“എങ്ങനെയാണ് അതിലേക്ക് പ്രവേശിക്കുക?”**

വിജയത്തിലേക്കുള്ള പ്രവേശനപാത നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് ഒരു പ്രാർത്ഥനയിലൂടെയാണ്. “കർത്താവായ യേശുവേ, എന്റെ ക്രിസ്തീയജീവിതത്തിലെ എല്ലാ അസ്വസ്ഥതകളിൽ നിന്നും പാപങ്ങളിൽ നിന്നും ഉൽക്കണ്ഠകളിൽ നിന്നും എന്നെ വിടുവിപ്പാൻ അവിടുന്നു ശക്തനും തയ്യാറുള്ളവനുമാണെന്നു ഞാൻ വിശ്വസിക്കുന്നു. അവിടുന്നു മരിച്ചത് എന്നെ സ്വതന്ത്രനാക്കാൻ വേണ്ടിയാണ്-അത് ഭാവിയിലെന്നെങ്കിലുമല്ല ഇപ്പോൾ ഇവിടെ വച്ചാണല്ലോ. അവിടുന്നു പാപത്തെക്കാൾ ശക്തനാണെന്നും അതിനു കീഴ്പ്പെടുന്നതിൽ നിന്ന് എന്നെ സംരക്ഷിപ്പാൻ അവിടുത്തേക്കു കഴിയുമെന്നും ഞാൻ വിശ്വസക്കുന്നു. കർത്താവേ, എന്നെ സംരക്ഷിക്കുമെന്ന് അങ്ങയെ ഞാൻ വിശ്വസിക്കുവാൻ പോകുകയാണ് എന്നെത്തന്നെ സൂക്ഷിപ്പാൻ ഞാൻ ശ്രമിച്ചു. ഞാൻ തീർത്തും പരാജയപ്പെട്ടുപോയി. ഞാൻ നിസ്സഹായനാണ്. അതുകൊണ്ട് ഞാനിപ്പോൾ അങ്ങയിൽ വിശ്വസിക്കുന്നു. ഞാൻ എന്നെത്തന്നെ അവിടുത്തേക്കായി തരുന്നു. ഞാൻ ഒന്നും പിടിച്ചുവയ്ക്കുന്നില്ല...ഇപ്പോൾ ഞാൻ അവിടുത്തേതാണ്.

“ഈ ബലഹീനമായ ഭോഷത്തം നിറഞ്ഞ, പാവപ്പെട്ട ഹൃദയത്തെ അവിടുന്ന് അംഗീകരിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് അതിനെ കൈവശമാക്കിയല്ലോ. ഈ നിമിഷം മുതൽ അവിടുന്ന് എന്നിൽ പ്രവർത്തിച്ച് തിരുവിഷ്ടത്തിനായി ഇച്ഛിക്കുവാനും പ്രവർത്തിക്കുവാനും എന്നെ പ്രാപ്തനാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഞാൻ പൂർണമായി അങ്ങയിൽ ആശ്രയിക്കുന്നു. ഇപ്പോൾ തന്നെ അങ്ങനെ ചെയ്യുന്നു.”

പക്ഷേ ഒരു കാര്യം ഓർക്കുക. പാപത്തെ ഉപേക്ഷിക്കുമെന്നും എപ്പോഴും അവിടുത്തെ ഇഷ്ടം ചെയ്യുമെന്നും ദൈവത്തോടു വെറുതേ വാഗ്ദാനം ചെയ്യുന്നതല്ല സമർപ്പണം. അതൊരു നിയമത്തിനു കീഴിലുള്ള ജീവിതമാണ്. മറിച്ച് നമ്മെ സംബന്ധിച്ച് എല്ലാം അവിടുത്തെ ഇഷ്ടപ്രകാരം ചെയ്യുന്നതിനായി ഏല്പിച്ചുകൊടുത്തുകൊണ്ട് നമുക്കുള്ളതെല്ലാമായി നാം തന്നെ മുഴുവനായി ദൈവത്തിങ്കലേക്കു തിരിയുന്നതാണു സമർപ്പണം. ദൈവസഹായത്താൽ തങ്ങളുടെ നല്ല തീരുമാനങ്ങൾ തങ്ങൾക്കുതന്നെ നടപ്പിൽ വരുത്താൻ കഴിയും എന്നു ചിന്തിക്കുന്നതുകൊണ്ടാണ് സമർപ്പിതരായ ക്രിസ്ത്യാനികൾ പലപ്പോഴും തോറ്റുപോകുന്നത്. അല്ല! നിങ്ങളെത്തന്നെ ദൈവത്തിങ്കലേക്കു കൊടുക്കുക. പിന്നെ ക്രിസ്തു തന്റെ ഭാഗം ചെയ്യുമെന്നു വിശ്വസിക്കുക. നിവർത്തിപ്പാൻ അവൻ ശക്തനാണ്.”

നമ്മുടെ സമർപ്പണമല്ല നമുക്കു വിജയം നൽകുന്നത്. നമ്മുടെ വിശ്വാസം പോലും അല്ല. മറിച്ച് അതു നൽകുന്നത് ക്രിസ്തുതന്നെയാണ്. വിശ്വസ്തനായ അവിടുന്നു തന്നെ.

സമർപ്പിക്കുക. വിശ്വസിക്കുക. ക്രിസ്തു ഒരിക്കലും നിങ്ങളെ നിരാശപ്പെടുത്തുകയില്ല. (From an unknown Christian)

*



## എഡിറ്റോറിയൽ *പേജ് 4 ൽ നിന്ന്*

കൊള്ളുകയുള്ളൂ എന്ന ബോധ്യത്തിലേക്കു ദൈവം നമ്മെ കൊണ്ടുവരും. നമ്മുടെ ജീവിതത്തിന്റെ സ്ഥാനത്തു കർത്താവിന്റെ ജീവിതം കൈമാറ്റം ചെയ്യപ്പെടുകയും നമ്മിൽ കർത്താവു ജീവിക്കുകയുമാണു പോംവഴി എന്ന നിലപാടിൽ എപ്പോഴും നാം നില്ക്കും. ‘ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു’ എന്നതിന്റെ നമ്മുടെ ജീവിതത്തെസംബന്ധിച്ച പ്രായോഗികതലം ഇതാണ്. വിജയകരമായ ജീവിതത്തിനായുള്ള സമർപ്പണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതും മറ്റൊന്നല്ല. ഇതു നമ്മുടെ പ്രവൃത്തിയായി ഒറ്റനോട്ടത്തിൽ തോന്നിയേക്കാമെങ്കിലും നാം ചിന്തിച്ചതുപോലെ അത് അടിസ്ഥാനപരമായി ദൈവം തന്റെ കൃപയാൽ നമ്മിൽ ചെയ്യുന്ന ഒരു പ്രവൃത്തിയാണ്.

വിജയകരമായജീവിതത്തിന് സമർപ്പണം മാത്രമല്ല വിശ്വാസവും ആവശ്യമാണെന്നു പറഞ്ഞല്ലോ? വിശ്വാസത്തിന്റെ നിർവചനം നമ്മൾ എബ്രായർ 11 ന്റ ഒന്നിൽ കാണുന്നു :‘വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. ( Faith is the substrantiation of things hoped for, the conviction of things not seen). ഇവിടെ Substaintiation എന്ന വാക്ക് പ്രത്യേകം ശ്രദ്ധേയമാണ്. ഇതിന്റെ അർത്ഥം ‘വസ്തുതകളെയാഥാർത്ഥ്യമാക്കാനുള്ള കഴിവ്’ എന്നാണ്. ദൈവികസത്യങ്ങളെ നമ്മുടെ ജീവിതത്തെ സംബന്ധിച്ചു യാഥാർത്ഥ്യമാക്കാൻ കഴിയുന്നതു വിശ്വാസത്തിലൂടെയാണെന്നു ചുരുക്കം. വിജയകരമായ ജീവിതം വിശ്വാസിക്കു ദൈവം വച്ചിരിക്കുന്ന ഒന്നാണ്. ആ സത്യത്തെ ജീവിതത്തിൽ വാസ്തവമാക്കാൻ വിശ്വാസമാണു നമ്മെ സഹായിക്കുന്നത്.

വിശ്വാസം നമുക്കു നമ്മിൽതന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒന്നല്ല. ‘വിശ്വാസം വർദ്ധിപ്പിച്ചുതരണമേ’ എന്നാവശ്യപ്പെട്ട് ശിഷ്യന്മാർ കർത്താവിന്റെ അടുത്തേക്കാണു പോയത് (ലൂക്കോ.17:5). നമുക്കു വിശ്വാസത്തിന്റെ അളവുപങ്കിടുന്നതും ദൈവമാണല്ലോ (റോമർ 12:13). നോക്കുക:നമ്മുടെ വിശ്വാസത്തെക്കുറിച്ചും നമുക്കു പുകഴുവാനൊന്നുമില്ല. അതും അവിടുത്തെ ദാനം.

വിജയകരമായ ജീവിതത്തെക്കുറിച്ചുള്ള ഈ സത്യങ്ങൾ കണ്ടുകഴിയുമ്പോൾ അപ്പോസ്തലനായ പൗലൊസിനെപ്പോലെ നമുക്കും പറയാനുള്ളത് ഇതായിരിക്കും: സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ. അവന് എന്നേക്കും മഹത്വം. ആമേൻ (റോമർ 11:36).

●




## Just A minute

*....And whenever you fast, do not put on a gloomy face as the hypocrites do in order to be seen fasting by men.*

Mathew 6:16

**Pheba P. Cleetus** Kochi

# വിശ്വാസകുമാരി

ധനികനായ പിതാവ് മരിച്ചപ്പോൾ ആ യുവതി ഒറ്റയ്ക്കായി. പിതാവിന്റെ വമ്പിച്ച സ്വത്തിനെല്ലാം ഏക അവകാശി അവളാണ്. പക്ഷേ ആ സ്വത്തുക്കളുടെ മേൽ ഒരു കേസുണ്ടായിരുന്നു. ആ കേസു വാദിച്ചുജയിച്ചാൽ മാത്രമേ സ്വത്ത് അവൾക്കു ലഭിക്കുകയുള്ളൂ.

ഈ സാഹചര്യത്തിൽ അവളുടെ പിതാവിന്റെ സുഹൃത്തായ അഭിഭാഷകൻ സഹായത്തിനെത്തി. അവൾക്കുവേണ്ടി അദ്ദേഹം ആ കേസു നടത്തി.

അവസാനം വിധി വന്നു. വിധി അവൾക്ക് എതിരായിരുന്നു.

വിധികേട്ടശേഷം അഭിഭാഷകനും യുവതിയും കൂടെ കോടതിയിൽനിന്നു പുറത്തേക്കു വരികയാണ്. ഏറെ നേരം ഇരുവരും ഒരക്ഷരം മിണ്ടാതെ, പരസ്പരം നോക്കാതെ നടന്നു. പെട്ടെന്ന് അഭിഭാഷകൻ തലതിരിച്ച് അവളെനോക്കി. എന്നിട്ടു പറഞ്ഞു: " നിനക്ക് ഒന്നുകിൽവിധിയുടെ അർത്ഥം മനസ്സിലായിട്ടില്ല. അല്ലെങ്കിൽ നിനക്കു തലയ്ക്ക് എന്തോ കുഴപ്പമുണ്ട്."

യുവതി പുഞ്ചിരിച്ചു. എന്നിട്ട് അഭിഭാഷകനോടു പറഞ്ഞു:"എനിക്ക് തലയ്ക്ക് ഒരു കുഴപ്പവുമില്ല. വിധിന്യായത്തിന്റെ അർത്ഥമെന്തെന്ന് എനിക്ക് വളരെ നന്നായി അറിയുകയും ചെയ്യാം. വിധി അനുസരിച്ച് എനിക്ക് സ്വത്തിൽ നിന്ന് ഒരു ചില്ലിക്കാശുപോലും കിട്ടുകയില്ല. എന്റെ ഭാവിജീവിതത്തിന് ഞാൻ തന്നെ എന്തെങ്കിലും വഴികണ്ടെത്തണം അല്ലേ?"

അതു ശരിയാണെന്ന് അഭിഭാഷകൻ തലകുലുക്കി.

"ശരി സർ. എന്നാൽ കേട്ടോളൂ. കേസു നടന്ന ഓരോ ദിവസവും ഞാൻ പ്രാർത്ഥിച്ചത് കേസു ജയിക്കണമേ എന്നല്ല. 'അവിടത്തെ ഇഷ്ടം നടക്കണമേ' എന്നാണ്. തിരുവിഷ്ടം ഇപ്പോൾ ഇതാണ്. എങ്കിൽ ഞാൻ എന്തിനു ഭാരപ്പെടണം ?". യുവതി പിന്നേയും അഭിഭാഷകനെ നോക്കി മനോഹരമായി പുഞ്ചിരിച്ചു.

" കുഞ്ഞേ, നിന്നെ ദൈവം കാക്കും" അത്രയുമേ തൊണ്ടയിടറിക്കൊണ്ട് ആ അഭിഭാഷകനു പറയാൻ കഴിഞ്ഞുള്ളു.

ദിവസങ്ങൾ കടന്നുപോയി അവൾ ചെറിയൊരു ജോലി കണ്ടെത്തി സമാധാനത്തോടും സന്തോഷത്തോടു ജീവിതം തുടർന്നു. ഒരു രാത്രി അവൾ ഒരു സ്വപ്നം കണ്ടു. ആ കേസ് വീണ്ടും നടത്തണമെന്ന് ആരോ പറഞ്ഞതുപോലെ.

പിറ്റേദിവസം അവൾ പഴയ അഭിഭാഷകനെ പോയി കണ്ടു. വിവരം എല്ലാം അദ്ദേഹത്തോടു പറഞ്ഞു. കേസിൽ അപ്പിൽ കൊടുക്കാൻ അവൾ അദ്ദേഹത്തെ ചുമതലപ്പെടുത്തി.

ഇപ്രാവശ്യവും 'കേസു ജയിക്കണമേ' എന്നവൾ പ്രാർത്ഥിച്ചില്ല. ദൈവേഷ്ടത്തിനായി സമ്പൂർണ്ണമായി സമർപ്പിച്ചുകോണ്ട് അവൾ കേസു നടത്തി. ഒടുവിൽ അവസാന വിധി വന്നു. കേസു പുർണമായും അവൾക്കനുകൂലമായി വിധിച്ചു. മുമ്പു പ്രതീക്ഷിച്ചതിനേക്കാൾ വളരെ മടങ്ങ് ഗുണകരമായ വിധി!

ഇക്കുറി അഭിഭാഷകന്റെ ഊഴമായിരുന്നു. അദ്ദേഹംഅവളുടെ നേരെ നോക്കി പുഞ്ചിരിച്ചു:"കുഞ്ഞേ ഞാൻ ഇന്നു മുതൽ നിന്നെ പുതിയ ഒരു പേരിട്ടു വിളിക്കുകയാണ്- വിശ്വാസകുമാരി. നിന്റെ വിശ്വാസമാണ് നിന്നെ സഹായിച്ചത്."

അപ്പോഴും അവൾ തലവണക്കി ": എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം."